മാസിക
സുന്നത്ത്

2025 ജൂൺ
1446 ദുൽഹിജ്ജ
പുസ്തകം 48/ ലക്കം 04
വില 18

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
sunnethcirculation@gmail.com

മുഖക്കുറി

അധ്യയന വർഷാരംഭം ശ്രദ്ധിക്കാൻ ചില കാര്യങ്ങൾ

വേനലവധി കഴിഞ്ഞ് സ്കൂളുകൾ തുറക്കുകയാണ്. പുതിയ കുടയും ബാഗും പുസ്തകങ്ങളുമെല്ലാമായി വളരെയധികം പ്രതീക്ഷയോടെയാണ് കുട്ടികളും രക്ഷിതാക്കളും പുതിയ അധ്യയന വർഷത്തെ വരവേൽക്കുന്നത്. പുതിയ ക്ലാസ്മുറികളും അധ്യാപകരും സുഹൃത്തുക്കളുമെല്ലാം എങ്ങനെയായിരിക്കുമെന്ന ആകാംക്ഷയിലാണ് മക്കൾ. അവരുടെ ഭാവി നിർണയിക്കുന്നതിൽ അധ്യയന വർഷാരംഭങ്ങൾക്ക് സവിശേഷമായ പങ്കുണ്ട്. സാമൂഹ്യബോധവും ധാർമികചിട്ടയും അച്ചടക്കവും പാലിക്കുന്ന കലാലയങ്ങളാണ് മക്കൾക്കു വേണ്ടി രക്ഷിതാക്കൾ തെരഞ്ഞെടുക്കേണ്ടത്. സ്കൂൾപഠനം മതപഠനത്തിന് തടസ്സമായിക്കൂടാ.

സ്കൂളിലും പുറത്തുമുള്ള കുട്ടികളുടെ കൂട്ടുകെട്ടുകൾ രക്ഷിതാക്കൾ എപ്പോഴും നിരീക്ഷിക്കണം. നന്മയില്ലാത്ത സൗഹൃദബന്ധങ്ങൾ മക്കളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കും. ലഹരിയുടെയും മയക്കുമരുന്നിന്റെയുമൊക്കെ അടിമകളായി അവർ മാറും. ഇത് ജീവഹാനിയിൽ വരെ കലാശിച്ചേക്കാം.

സ്കൂളിൽനിന്ന് അറിവുകൾക്കപ്പുറം ചില ധാർമികപാഠങ്ങൾ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. മറ്റുള്ളവരെ സഹായിക്കാനും മുതിർന്നവരെ ബഹുമാനിക്കാനും ലക്ഷ്യബോധമുള്ള ജീവിതം നയിക്കാനും അവർക്ക് കഴിയണം. അധ്യാപകരും രക്ഷിതാക്കളും കുട്ടികളുടെ പുരോഗതിയിൽ അതീവ ശ്രദ്ധ പുലർത്തിയാൽ മാത്രമേ നമ്മുടെ ഭാവി തലമുറ രക്ഷപ്പെടൂ.

● എഡിറ്റർ

Managing Editor
Sayyid Ali Bafaqy Thangal

Chief Editor
V.P.M Villyapalli
9446 731 889, 0496 253 4373

Executive Editor
Shafeeq Bukhari Kanthapuram
cp222306@gmail.com

General Manager
Sulaiman Saqafi Kunhukulam

Editor
Muhammed Parannur

Sub Editor
E.M Sufyan Bukhari

Circulation Manager
Shareef saqafi Edayur

Design & Layout
Anvar Sadique Bukhari

കവർസ്റ്റോറി

പരിസ്ഥിതി ഇസ്‌ലാമിന്റെ പ്രയോഗപാഠങ്ങൾ

○ സൈനുദ്ദീൻ ശാമിൽ ഇർഫാനി

പരിസ്ഥിതി വൈവിധ്യങ്ങളുടെ കലവറയാണ്. സസ്യങ്ങൾ, ജീവജാലങ്ങൾ തുടങ്ങിയവയെല്ലാം പരിസ്ഥിതിയുടെ ഘടകങ്ങളാണ്. വിഭവങ്ങൾ ചൂഷണം ചെയ്യാതെ ഭാവി തലമുറക്കുവേണ്ടി സംരക്ഷിക്കാൻ മനുഷ്യർ തയ്യാറാവണം.

06

കവർസ്റ്റോറി

ഹജ്ജ്, ഇബ്റാഹീമീ ത്യാഗസ്മൃതികൾ

○ സിയാദ് സഖാഫി പാറന്നൂർ

ഇസ്‌ലാമിന്റെ അടിസ്ഥാനശിലകളിലൊന്നാണ് ഹജ്ജ് കർമ്മം. ഇബ്റാഹീം നബി(അ), ഇസ്മാഈൽ നബി(അ), ഹാജർ ബീവി(റ) എന്നിവരുടെ ത്യാഗസ്മരണകളാണ് ഹജ്ജിലെ ഓരോ കർമ്മങ്ങളും അയവിറക്കുന്നത്.

10



കവർസ്റ്റോറി

മഴക്കാലത്തെ ആരോഗ്യ പാഠങ്ങൾ

○ അഹ്മദ് ഇയാസ് അരിയൂർ

മഴക്കാലത്ത് ആരോഗ്യ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം. പകർച്ചവ്യാധികളും അലർജിരോഗങ്ങളും പിടിപെടാനുള്ള സാധ്യത കൂടുതലാണ്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ ശരീരത്തിലും പ്രതിഫലിക്കും.

16

19 **വേദനയെന്ന മഹാ അനുഗ്രഹം**
മനാസിർ പട്‌ല

മുഹർറം; പ്രതീക്ഷയുടെ പുതുവർഷം
റൈഹാൻ എ. കരീം

23



31 **വെല്ലുവിളിയാകുന്ന മാലിന്യ നിർമാർജനം**
അബൂറയ്യാൻ

05 തസ്കിയ
29 ശാഫിഈ ഫിഖ്ഹ്
36 ഹനഫീ ഫിഖ്ഹ്
നോവൽ 37
ചരിത്രാഖ്യായിക 41
തീരം 50

26 **സൂഫി, ഫഖീർ, സാഹിദ് പൊരുളും പ്രയോഗവും**
അലി സഖാഫി പുൽപ്പറ്റ

30 **സന്താനനിയന്ത്രണവും സമ്പന്നരാജ്യങ്ങളുടെ യു-ടേണും**
ആഇശ ശഫീഖ കൊട്ടപ്പുറം

35 **പ്രസവാനന്തര വിഷാദം വർധിക്കുന്നു**
അബൂലിയാന

41 **ത്യാഗസന്നദ്ധയാണ് സൗദാബീവി(റ)**
മുഹമ്മദ് പാറന്നൂർ

47 **സൈനബ് ബിൻത് ഹുദൈർ(റ) ഖാളിയുടെ പ്രിയതമ**
ഹഫ്സ ഫിദ ഓമച്ചപ്പുഴ

രക്തസാക്ഷികളുടെ പുണ്യം നേടാം

തസ്കിയ

ഒരിക്കൽ തിരുനബി(സ) സ്വഹാബികളോട് ചോദിച്ചു: 'നിങ്ങളുടെ സ്ത്രീകൾ നിയന്ത്രണം വിടുകയും യുവാക്കൾ അധർമ്മകാരികളാവുകയും ധർമ്മസമരം ഉപേക്ഷിക്കുകയും ചെയ്താൽ എന്തായിരിക്കും നിങ്ങളുടെ അവസ്ഥ?'

അവർ ചോദിച്ചു: 'അല്ലാഹുവിന്റെ തിരുദൂതരേ, അങ്ങനെ സംഭവിക്കുമോ?'

തിരുനബി(സ) പ്രതിവചിച്ചു: 'അതേ. എന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവനാണ് സത്യം; അതിനെക്കാൾ ഗുരുതരമായതും സംഭവിക്കും.'

'അതിനെക്കാൾ ഗുരുതരമായതോ? അതെന്താണ് തിരുദൂതരേ?' അവർ ചോദിച്ചു.

തിരുനബി(സ) പറഞ്ഞു: 'നിങ്ങൾ നന്മ കൽപ്പിക്കാതിരിക്കുകയും തിന്മ തടയാതിരിക്കുകയും ചെയ്തേക്കാം. അപ്പോൾ എന്തായിരിക്കും നിങ്ങളുടെ അവസ്ഥ?'

'അങ്ങനെ സംഭവിക്കുമോ?' സ്വഹാബികൾ അവിശ്വസനീയ ഭാവത്തിൽ ആരാഞ്ഞു.

തിരുനബി(സ) പറഞ്ഞു: 'സംശയമെന്ത്? എന്റെ ആത്മാവ് ആരുടെ അധീനതയിലാണോ, അവൻ സത്യം; അതിലും ഗുരുതരമായത് സംഭവിക്കും.'

'അതിലും ഗുരുതരമായതോ, അതെന്താണ് തിരുദൂതരേ?' അവർ വീണ്ടും ചോദിച്ചു.

തിരുനബി(സ) പറഞ്ഞു: 'ധർമ്മം അധർമ്മമാകുന്നതും അധർമ്മം ധർമ്മമാകുന്നതും നിങ്ങൾ കാണും. അപ്പോഴെന്തായിരിക്കും നിങ്ങളുടെ അവസ്ഥ?'

'അല്ലാഹുവിന്റെ തിരുദൂതരേ, അങ്ങനെയും സംഭവിക്കുമോ?' അവർ ചോദ്യമാവർത്തിച്ചു.

'അതേ. എന്റെ ആത്മാവ് ആരുടെ അധീനതയിലാണോ, അവനാണ, അതിലപ്പുറം ഗുരുതരമായതും സംഭവിക്കും.' തിരുനബി(സ) ഇങ്ങനെ പറഞ്ഞപ്പോൾ സ്വഹാബികൾക്ക് ചോദിക്കാതിരിക്കാനായില്ല. 'അല്ലാഹുവിന്റെ തിരുദൂതരേ, അതിലപ്പുറം ഗുരുതരമായതും സംഭവിക്കുമെന്നോ, അതെന്താണ്?'

തിരുനബി(സ) പറഞ്ഞു: 'നിങ്ങൾ തിന്മ ചെയ്യാൻ കൽപ്പിക്കും. നന്മകളെ തടയുകയും ചെയ്യും. അന്നെന്തായിരിക്കും നിങ്ങളുടെ അവസ്ഥ?'

അവർ ചോദിച്ചു: 'അല്ലാഹുവിന്റെ തിരുദൂതരേ, അങ്ങനെയുണ്ടാകുമോ?'

തിരുനബി(സ) പ്രതിവചിച്ചു: 'അതേ. എന്റെ ആത്മാവ് ആരുടെ അധീനതയിലാണോ, അവൻ സത്യം; അതിനെക്കാൾ ഗുരുതരമായതും സംഭവിക്കാനിരിക്കുന്നു. അല്ലാഹു സ്വയം പറഞ്ഞിരിക്കുന്നു: 'ഞാൻ എന്നെക്കൊണ്ടു സത്യം ചെയ്തിട്ടുണ്ട്; വിവേകശാലികൾ പോലും പരിഭ്രാന്തരായിപ്പോകുന്ന മഹാകുഴപ്പത്തിൽ ഞാനവരെ അകപ്പെടുത്തും.' (ഹദീസ്)

തിരുനബി(സ)യുടെ പ്രവചനങ്ങളാണീ വചനത്തിൽ; വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഭയാനകമായ പ്രവചനങ്ങൾ! ധർമ്മം ക്ഷയിക്കുക മാത്രമല്ല, അധർമ്മം ധർമ്മമായിത്തീരുകയും ധർമ്മങ്ങൾ തടയപ്പെടുകയും ചെയ്യുന്ന ഭയാനകമായ കാലം. നന്മ ചെയ്യാൻ കൽപ്പിക്കുന്നതും തിന്മകളിൽ നിന്ന് തടയുന്നതും ഉപേക്ഷിക്കുന്നതിലൂടെയാണ് ആ കാലം വന്നുചേരുക. അങ്ങനെ വന്നുകഴിഞ്ഞാൽ സത്യവും നന്മയും തിരിച്ചറിയാൻ ബുദ്ധിശാലികൾക്കു പോലും കഴിയാതെ വരും. കാഴ്ചയുള്ളവർ പോലും അന്ധരായി മാറുന്ന അവസ്ഥയാണത്.

തിരുനബി(സ)യുടെ പ്രവചനം സംഭവിക്കുക തന്നെ ചെയ്യും; അത് എന്ന് എന്നതാണ് അവ്യക്തം. എന്നാൽ പണ്ഡിതരും സംഘടനാ പ്രവർത്തകരും രക്ഷിതാക്കളും അധ്യാപകരുമൊക്കെ നന്മയുപദേശിക്കുകയും തിന്മ തടയുകയും ചെയ്യുന്ന കാലത്തോളം അത് സംഭവിക്കാനിടയില്ല. അങ്ങനെ സംഭവിച്ചാലോ, അതികഠിനവും താങ്ങാനാവാത്തതും ഭയാനകവുമായ സർവനാശത്തിലകപ്പെടും മനുഷ്യർ. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. വിശ്വാസികൾ ജാഗ്രത പാലിക്കുക; കടമകൾ നിറവേറ്റുന്ന കാര്യത്തിൽ.

കവർസ്റ്റോറി

സൈനുദ്ദീൻ ശാമിൽ ഇർഫാനി

പരിസ്ഥിതി: ഇസ്‌ലാമിന്റെ പ്രായോഗിക പാഠങ്ങൾ

വൈവിധ്യമാർന്ന ജന്തുജാലങ്ങളും സസ്യങ്ങളും ഭൂപ്രകൃതിയുമെല്ലാം അടങ്ങിയതാണ് നമ്മുടെ പരിസ്ഥിതി. നമുക്കു ചുറ്റുമുള്ള കുളവും വയലും നദിയും പുൽതകിടികളും വനങ്ങളുമെല്ലാം വിവിധ ജീവികളുടെ ആവാസ കേന്ദ്രങ്ങളാണ്. പരിസ്ഥിതിയിലെ ഘടകങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഈ പരസ്പരബന്ധമാണ് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നത്. എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിനു വേണ്ട വിഭവങ്ങൾ പ്രകൃതിയിൽ നിന്ന് തന്നെയാണ് ലഭിക്കുന്നത്. പ്രകൃതിയോടും പരിസ്ഥിതിയോടും നമുക്കുള്ള സ്നേഹവും പരിചരണവുമാണ് നമ്മുടെ ആവാസ വ്യവസ്ഥയുടെ സുസ്ഥിതിയുടെ ആധാരം.

ബുദ്ധിയും വിവേകവുമുള്ള ഏക ജീവിയാണ് മനുഷ്യൻ. മനുഷ്യരുടെ അവിവേകപൂർണമായ പ്രവർത്തനമാണ് പരിസ്ഥിതിയുടെ നാശത്തിനു മുഖ്യകാരണം. മനുഷ്യരുടെ നിർമാണപ്രവർത്തനങ്ങളും സാങ്കേതികവിദ്യയുടെ പുരോഗതിയും പരിസ്ഥിതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് കുറയാനും ഋതുഭേദങ്ങൾ മാറി വരാനും മണ്ണിടിച്ചിലുണ്ടാവാനും മലവെള്ളപ്പാച്ചിലിനുമെല്ലാം പ്രകൃതിചൂഷണം കാരണമാകുന്നു. നഗരങ്ങളിലെ കനാലുകളും പുഴകളും മാലിന്യവാഹിനികളായി മാറിയതിനു പിന്നിലും മനുഷ്യർ തന്നെയാണുള്ളത്. പരിസ്ഥിതിസംരക്ഷണം ആധുനിക കാലത്തെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ്. ഭൂമി, ജലം, അന്തരീക്ഷം, പർവതങ്ങൾ, ജീവജാലങ്ങൾ, സസ്യങ്ങൾ തുടങ്ങിയവയെല്ലാം പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ടവയായതു കൊണ്ടു തന്നെ അവയിലുണ്ടാകുന്ന അപകടങ്ങൾ പ്രകൃതിയുടെയും മനുഷ്യകുലത്തിന്റെയും നാശത്തിന് കാരണമാകുന്നതാണ്.

വിവേകവും ദീർഘവീക്ഷണവുമില്ലാതെ ഭൂമിക്കു മേലുള്ള മനുഷ്യന്റെ കൈകടത്തൽ മൂലം പ്രാപഞ്ചികവ്യവസ്ഥയിൽ കാര്യമായ മാറ്റമുണ്ടായിട്ടുണ്ട്: 'മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതു നിമിത്തം കരയിലും കടലിലും കുഴപ്പം പ്രകടമായിരിക്കുന്നു' (ഖുർആൻ: 30/41) എന്ന സ്രഷ്ടാവിന്റെ വചനം മനുഷ്യരുടെ ചൂഷണമനോഭാവത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

പ്രകൃതിവിഭവങ്ങളുടെ ശ്രദ്ധയോടെയുള്ള ഉപയോഗം പരിസ്ഥിതി സംരക്ഷണത്തിന് അനിവാര്യമാണ്. പ്രകൃതിവിഭവങ്ങൾ

ചൂഷണം ചെയ്യാതെ നന്മയുടെ മാർഗത്തിൽ ഉപയോഗപ്പെടുത്താനാണ് മതം മനുഷ്യനോട് കൽപിക്കുന്നത്.

പ്രകൃതിയിൽ ഒരധികാരവും തനിക്കില്ലെന്നും താൻ അതാതു കാലത്തെ ഗുണഭോക്താവ് മാത്രമാണെന്നുമുള്ള വിചാരത്തിലാണ് മനുഷ്യർ ജീവിക്കേണ്ടത്. പ്രപഞ്ചനാഥന്റെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി മാത്രം പ്രകൃതി വിഭവങ്ങളെ ഉപയോഗിക്കേണ്ടവരാണ് മനുഷ്യർ.

ജീവൻ സംരക്ഷിക്കുന്നതിനു വേണ്ടി അനിവാര്യഘട്ടത്തിൽ ശത്രുക്കളെ പ്രതിരോധിക്കുന്നതിന് സമ്മതം നൽകിയ ഇസ്‌ലാം അത്തരം സാഹചര്യത്തിൽ പോലും പ്രകൃതിക്കു ക്ഷതമേൽക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെടരുതെന്ന് നിഷ്‌കർഷിച്ചിട്ടുണ്ട്. അബൂബക്കർ(റ) ഒരിക്കൽ സൈന്യത്തിന്റെ പടത്തലവന് നൽകിയ നിർദ്ദേശം ഇപ്രകാരം വായിക്കാം: ‘ഞാൻ പത്ത് കാര്യങ്ങൾ താങ്കളെ ഉപദേശിക്കുന്നു: കുട്ടികൾ, സ്ത്രീകൾ, പ്രായം ചെന്നവർ തുടങ്ങിയവരെ വധിക്കരുത്, ഫലങ്ങൾ കായ്ക്കുന്ന മരങ്ങൾ മുറിക്കരുത്, വീടുകൾ തകർക്കരുത്, ഭക്ഷണത്തിനല്ലാതെ ഒട്ടകത്തെയും ആടിനെയും അറുക്കരുത്, ഈന്തപ്പന നശിപ്പിക്കരുത്, നിങ്ങൾ ഭിന്നിക്കരുത്, വഞ്ചന കാണിക്കരുത്, ഭീരുക്കളാവുകയും അരുത്.’ (മുവത്വ)

സസ്യലോകത്തെ സംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാട് ശ്രദ്ധേയമാണ്. മനുഷ്യന് അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ അതിപ്രധാനമാണ് സസ്യജാലങ്ങൾ. വിശുദ്ധഖുർആനിൽ പലയിടങ്ങളിലായി സസ്യജാലങ്ങളെ സംബന്ധിച്ച പരാമർശങ്ങൾ കാണാം.

മനുഷ്യന്റെ പ്രധാന ഭക്ഷണവിഭവങ്ങളായ ധാന്യങ്ങളും മറ്റും വിളയുന്നത് സസ്യജാലങ്ങളിലാണ്. അവ ശരിയായ

അബൂബക്കർ(റ) ഒരിക്കൽ സൈന്യത്തിന്റെ പടത്തലവന് നൽകിയ നിർദ്ദേശം ഇപ്രകാരം വായിക്കാം: ‘ഞാൻ പത്ത് കാര്യങ്ങൾ താങ്കളെ ഉപദേശിക്കുന്നു: കുട്ടികൾ, സ്ത്രീകൾ, പ്രായം ചെന്നവർ തുടങ്ങിയവരെ വധിക്കരുത്, ഫലങ്ങൾ കായ്ക്കുന്ന മരങ്ങൾ മുറിക്കരുത്, വീടുകൾ തകർക്കരുത്, ഭക്ഷണത്തിനല്ലാതെ ഒട്ടകത്തെയും ആടിനെയും അറുക്കരുത്, ഈന്തപ്പന നശിപ്പിക്കരുത്, നിങ്ങൾ ഭിന്നിക്കരുത്, വഞ്ചന കാണിക്കരുത്, ഭീരുക്കളാവുകയും അരുത്.’ (മുവത്വ)

വിധത്തിൽ വിനിയോഗിക്കാനാണ് അല്ലാഹു പറയുന്നത്: ‘നിങ്ങൾക്ക് വേണ്ടി ഭൂമിയെ തൊട്ടിലാക്കുകയും, നിങ്ങൾക്കതിൽ വഴികൾ ഏർപ്പെടുത്തിത്തരികയും, ആകാശത്ത് നിന്ന് വെള്ളം ഇറക്കിത്തരികയും ചെയ്തവനത്രെ അവൻ. അങ്ങനെ അത് (വെള്ളം) മൂലം വ്യത്യസ്ത തരത്തിലുള്ള സസ്യങ്ങളുടെ ജോടികൾ നാം (അല്ലാഹു) ഉൽപാദിപ്പിക്കുകയും ചെയ്തു. നിങ്ങൾ തിന്നുകയും, കന്നുകാലികളെ മേയ്ക്കുകയും ചെയ്തുകൊള്ളുക. ബുദ്ധിമാൻമാർക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.’ (ഖുർആൻ:20/5354)

മനുഷ്യജീവിതം ഭൂമിയിൽ നിലനിർത്തുന്നതിനുള്ള സുപ്രധാന മാർഗമെന്ന നിലക്കാണ് സസ്യജാലങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കന്നുകാലികളുടെ ഭക്ഷണവുമാണത്. അല്ലാഹു പറയുന്നു: ‘എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെപ്പറ്റി ഒന്നു ചിന്തിച്ചു നോക്കട്ടെ; നാം ശക്തിയായി മഴവെള്ളം ചൊരിഞ്ഞുകൊടുത്തു. പിന്നീട് നാം ഭൂമിയെ പിളർത്തി ധാന്യം മുളപ്പിച്ചു. മുന്തിരിയും പച്ചക്കറികളും ഒലീവും ഈന്തപ്പനയും നിറഞ്ഞു നിൽക്കുന്ന തോട്ടങ്ങളും പഴവർഗങ്ങളും പുല്ലുകളും. നിങ്ങൾക്കും നിങ്ങളുടെ കന്നുകാലികൾക്കും ഉപയോഗിക്കാൻ വേണ്ടി.’ (ഖുർആൻ:80/2432) ആകാശത്തുനിന്ന് നാം അനുഗൃഹീതമായ വെള്ളം വർഷിക്കുകയും അതുമൂലം പല തരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും മുളപ്പിക്കുകയും ചെയ്തു, അടുക്കുകളായി കുലകളുള്ള ഉയരമുള്ള ഈന്തപ്പനകളും.’ (ഖുർആൻ:50/910)

കൃഷിക്ക് പ്രോത്സാഹനം നൽകുന്ന നിരവധി ഹദീസുകളുണ്ട്. വൃക്ഷങ്ങളും ചെടികളും നട്ടുപിടിപ്പിക്കുന്നതിന് പ്രതിഫലമുണ്ടെന്നും അതിൽ നിന്ന് കായ്കനികൾ മറ്റു ജീവികൾ കഴിച്ചാൽ അതിനു വേറെയും പ്രതിഫലമുണ്ടെന്നും ഇസ്‌ലാം പറയുന്നുണ്ട്.

നബി(സ) പറഞ്ഞു: ‘ഒരു വിശ്വാസി ചെടി നടുകയോ കൃഷിയിറക്കുകയോ ചെയ്ത് അതിൽ നിന്ന് പക്ഷിയോ മനുഷ്യനോ മൃഗമോ ഭക്ഷിച്ചാൽ അതവർക്ക് ദാനമായി ത്തീരുന്നതാണ്.’ (ബുഖാരി: 2320, മുസ്‌ലിം: 1553)

വൃക്ഷലതാദികൾ നട്ടുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യം

റസൂൽ(സ) പറഞ്ഞു: ‘മരണശേഷം അടിമയുടെ ഖബ്റിലേക്ക് ഏഴു കാര്യങ്ങൾ ഇടമുറിയാതെ വരുന്നതായിരിക്കും. അറിവ് പകർന്നു നൽകുക, തോടു വെട്ടുക, കിണർ കുഴിക്കുക, ഈന്തപ്പന നടുക, പള്ളിനിർമിക്കുക, മുസ്ഹഫ് ദാനമായി നൽകുക, മരണശേഷം തനിക്ക് വേണ്ടി പ്രാർഥിക്കുന്ന സൽസ്വഭാവിയായ മകനെ വളർത്തുക എന്നിവയാണവ.’

കുറിക്കുന്ന നിരവധി ഹദീസുകളുണ്ട്. ‘അന്ത്യനാൾ സംഭവിക്കാനിരിക്കെ നിങ്ങളുടെ കൈയിൽ ഒരു തൈ ഉണ്ടെങ്കിൽ അതു നടുക.’ (ബുഖാരി, അദബുൽ മുഫ്റദ്: 479)

മനുഷ്യർ നടത്തുന്ന കൃഷിയും ജലസേചന മാർഗ്ഗങ്ങളും മരണശേഷവും പ്രതിഫലം ലഭിക്കുന്ന സുകൃതമായാണ് ഇസ്‌ലാം പരിചയപ്പെടുത്തിയത്. അനസ്(റ) നിവേദനം: റസൂൽ(സ) പറഞ്ഞു: ‘മരണശേഷം അടിമയുടെ ഖബ്റിലേക്ക് ഏഴു കാര്യങ്ങൾ ഇടമുറിയാതെ വരുന്നതായിരിക്കും. അറിവ് പകർന്നു നൽകുക, തോടു വെട്ടുക, കിണർ കുഴിക്കുക, ഈന്തപ്പന നടുക, പള്ളിനിർമിക്കുക, മുസ്ഹഫ് ദാനമായി നൽകുക, മരണശേഷം തനിക്ക് വേണ്ടി പ്രാർഥിക്കുന്ന സൽസ്വഭാവിയായ മകനെ വളർത്തുക എന്നിവയാണവ.’ (ശുഅബുൽ ഈമാൻ: 3449) കാർഷിക വൃത്തി ഇല്ലാതാക്കുന്നവരെ വിനാശകാരികളായാണ് വിശുദ്ധഖുർആൻ പരിചയപ്പെടുത്തിയത്: ‘അവർ തിരിച്ചുപോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും വിള നശിപ്പിക്കാനും ജീവനൊടുക്കാനുമായിരിക്കും ശ്രമിക്കുക. നശീകരണം അല്ലാഹു ഇഷ്ടപ്പെടുന്നില്ല.’ (ഖുർആൻ: 2/205)

പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ഇസ്‌ലാം നിർദ്ദേശിക്കുന്നുണ്ട്. മനുഷ്യശരീരത്തിലെ അടിസ്ഥാന ഘടകമാണല്ലോ വെള്ളം. മനുഷ്യശരീരത്തിൽ 75 ശതമാനത്തോളം വെള്ളമാണ്. വെള്ളമില്ലാതെ സസ്യങ്ങൾക്കും ജീവജാലങ്ങൾക്കും നിലനിൽക്കാനും കഴിയില്ല. വെള്ളം വലിയ അനുഗ്രഹമായി കാണുന്ന ഇസ്‌ലാം അത് മലിനമാക്കാതിരിക്കാനും ദുർവ്യയം ചെയ്യാതിരിക്കാനും ആഹ്വാനം ചെയ്യുന്നു. ഒരിക്കൽ സഅ്ദ്(റ) വുളൂഅ് ചെയ്യുന്നതു കാണാനിടയായപ്പോൾ തിരുനബി(സ) പറഞ്ഞു: ‘സഅ്ദേ, അമിതമാക്കരുതേ!’ അപ്പോൾ സഅ്ദ്(റ) ചോദിച്ചു: ‘വുളൂഇലും ധൂർത്തുണ്ടാകുമോ?’ തിരുനബി(സ) പറഞ്ഞു: ‘അതേ, ഒഴുകുന്ന നദിയിൽ നിന്നാണെങ്കിലും അമിതമായി വെള്ളം ഉപയോഗിക്കുന്നത് ധൂർത്തു തന്നെ.’ (ഇബ്നുമാജ: 425)

ഇതരജീവികളെ ഒരു രീതിയിലും ഉപദ്രവിക്കരുതെന്നും അത് പരലോകശിക്ഷക്കു കാരണമാകുമെന്നുമാണ് ഇസ്‌ലാമികാധ്യാപനം. തിരുനബി(സ) പറഞ്ഞു: 'ഒരു പൂച്ച കാരണം ഒരു സ്ത്രീ നരകത്തിൽ പ്രവേശിച്ചു. അവർ ഭക്ഷണം നൽകാതെ പൂച്ചയെ കെട്ടിയിട്ടു; ചുറ്റുപാടിൽ നിന്ന് ഇര തേടാൻ അവർ അതിനെ അഴിച്ചുവിട്ടതുമില്ല. അങ്ങനെ അത് പട്ടിണി കിടന്ന് ചത്തുപോയി.' (ബുഖാരി, മുസ്‌ലിം)

ജീവജാലങ്ങളോട് കരുണ കാണിക്കാനും അവയെ ഉപദ്രവിക്കാതിരിക്കാനും ഇസ്‌ലാം വിശ്വാസികളോട് ആവശ്യപ്പെടുന്നു. എല്ലാ ജീവജാലങ്ങളും മനുഷ്യരെപ്പോലെയുള്ള ജീവിസമൂഹമാണെന്നാണ് വിശുദ്ധഖുർആൻ സാക്ഷ്യപ്പെടുത്തുന്നത്. ജീവജാലങ്ങളെ സൃഷ്ടിച്ചതിന്റെ പൊരുൾ പലയിടങ്ങളിലായി വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നുണ്ട്: 'കാലികളെയും അവൻ സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്കവയിൽ തണുപ്പ് പ്രതിരോധിക്കാനുള്ളതും (കമ്പിളി) മറ്റു പ്രയോജനങ്ങളുമുണ്ട്. അവയിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു.' (ഖുർആൻ: 16/5)

ഇതരജീവികളെ ഒരു രീതിയിലും ഉപദ്രവിക്കരുതെന്നും അത് പരലോകശിക്ഷക്കു കാരണമാകുമെന്നുമാണ് ഇസ്‌ലാമികാധ്യാപനം. ചില ഹദീസുകൾ:

അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'ഒരു പൂച്ച കാരണം ഒരു സ്ത്രീ നരകത്തിൽ പ്രവേശിച്ചു. അവർ ഭക്ഷണം നൽകാതെ പൂച്ചയെ കെട്ടിയിട്ടു; ചുറ്റുപാടിൽ നിന്ന് ഇര തേടാൻ അവർ അതിനെ അഴിച്ചുവിട്ടതുമില്ല. അങ്ങനെ അത് പട്ടിണി കിടന്ന് ചത്തുപോയി.' (ബുഖാരി, മുസ്‌ലിം)

ജാബിർ(റ) നിവേദനം: 'മുഖം പൊള്ളിച്ച് അടയാളം വെക്കപ്പെട്ട ഒരു കഴുതയുടെ സമീപത്തിലൂടെ തിരുനബി(സ) നടന്നുപോയി. അപ്പോൾ അവിടുന്ന് പറഞ്ഞു: 'ഇങ്ങനെ അടയാളം വെച്ചവർക്ക് അല്ലാഹുവിന്റെ ശാപമുണ്ടാകും.' (മുസ്‌ലിം: 2117)

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം: ഞങ്ങൾ തിരുനബി(സ)യോടൊപ്പം ഒരു യാത്രയിലായിരുന്നു. അവിടുന്ന് ആവശ്യനിർവഹണത്തിനായി പോയപ്പോൾ ഒരു പക്ഷിയെയും രണ്ട് കുഞ്ഞുങ്ങളെയും ഞങ്ങൾ കാണാനിടയായി. ആ രണ്ട് കുഞ്ഞുങ്ങളെയും ഒരു കൗതുകത്തിന് ഞങ്ങൾ പിടിച്ചു. തിരുനബി(സ) തിരിച്ചുവന്നപ്പോൾ അമ്മപ്പക്ഷി ദയനീയമായി ശബ്ദമുണ്ടാക്കി അങ്ങോട്ടുമിങ്ങോട്ടും പറക്കുന്നതാണ് കണ്ടത്. അപ്പോൾ തിരുനബി(സ) പറഞ്ഞു: 'ആരാണ് കുഞ്ഞുങ്ങളെ വേർപെടുത്തി ഈ പക്ഷിയെ പ്രയാസപ്പെടുത്തിയത്? അതിന്റെ കുഞ്ഞുങ്ങളെ തിരിച്ചുനൽകൂ.' (അബൂദാവൂദ്: 2675)

ജീവജാലങ്ങളോട് കരുണ കാണിക്കുന്നത് സ്വർഗപ്രവേശനത്തിന് കാരണമാകുന്ന സുകൃതമായാണ് ഇസ്‌ലാം പരിചയപ്പെടുത്തിയത്. അബൂഹുറയ്റ(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'ഒരു യാത്രികന് കലശലായ ദാഹം അനുഭവപ്പെട്ടു. അടുത്തുള്ള കിണററിലിറങ്ങി വെള്ളം കുടിച്ച് കയറിയപ്പോഴാണ് ദാഹിച്ചു വലഞ്ഞ് നനഞ്ഞമണ്ണ് നക്കുന്ന ഒരു നായയെ അദ്ദേഹം കണ്ടത്. അദ്ദേഹം ചിന്തിച്ചു: അല്പം മുമ്പ് ഞാനനുഭവിച്ച ദാഹം ഇപ്പോൾ ഈ നായ അനുഭവിക്കുന്നുണ്ടല്ലോ. അയാൾ ഉടനെ കിണററിലിറങ്ങി തന്റെ പാദുകത്തിൽ വെള്ളംനിറച്ച് നായക്കു നൽകി. അല്ലാഹു ആ പ്രവർത്തനം സ്വീകരിക്കുകയും അദ്ദേഹത്തിന് പൊറുത്തുകൊടുക്കുകയും ചെയ്തു.

അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, കന്നുകാലികളെ പരിപാലിക്കുന്നതിൽ ഞങ്ങൾക്ക് പ്രതിഫലമുണ്ടോ?' തിരുനബി(സ) പറഞ്ഞു: 'എല്ലാ ജീവനുള്ളതിലും പ്രതിഫലമുണ്ട്.' (ബുഖാരി: 6009, മുസ്‌ലിം: 2244)

പ്രകൃതിവിഭവങ്ങൾ മലിനമാക്കുന്നതും ചൂഷണം ചെയ്യുന്നതും വിശ്വാസിക്ക് യോജിച്ചതല്ല എന്നാണ് ഇസ്‌ലാമികാധ്യാപനം. 'നന്മ നിറച്ചതിനു ശേഷം നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്' (7/56) എന്ന ഖുർആനിക വചനം ശ്രദ്ധേയമാണ്. വിസർജനമര്യാദകളായി തിരുനബി(സ) പഠിപ്പിച്ച കാര്യങ്ങളെല്ലാം പ്രകൃതി മലിനീകരണത്തിനെതിരെയുള്ള മികച്ച കർമരേഖകളാണ്. നബി(സ) പറഞ്ഞു: 'ജനങ്ങൾ വിശ്രമിക്കുന്ന തണലിടങ്ങൾ, പൊതുവഴികൾ, വെള്ളമെടുക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വിസർജനം നടത്തുന്നത് ശാപമേൽക്കാനിടവരുത്തും'(അഹ്മദ്)

കെട്ടിനിൽക്കുന്ന വെള്ളത്തിൽ മലമൂത്ര വിസർജനം നടത്തുന്നതും തിരുനബി(സ) വിലക്കിയിട്ടുണ്ട്.

ജനങ്ങൾക്ക് ഉപദ്രവമാകും വിധം പൊതുസ്ഥലങ്ങളിലോ മറ്റോ മാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാണെന്നാണ് മതവീക്ഷണം. പൊതുനിരത്തിൽ നിന്ന് മാലിന്യവും തടസ്സങ്ങളും നീക്കം ചെയ്യുന്നത് കൂടുതൽ പുണ്യമുള്ള കാര്യമായാണ് ഇസ്‌ലാം ഗണിക്കുന്നത്.

പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ഓരോ പൗരനും തിരിച്ചറിയണം. പാരിസ്ഥിതിക നാശനഷ്ടം ജീവിതസാഹചര്യങ്ങൾ ദുഷ്കരമാക്കുകയും ജീവജാലങ്ങളുടെ വംശനാശത്തിന് കാരണമാവുകയും ചെയ്യും. ഇതു മൂലം ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങളുമുണ്ടാകും.

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

ഹജ്ജ്: ഇബ്റാഹീമീസരണിയുടെ ത്യാഗസ്മൃതികൾ

ഖലീലുല്ലാഹി ഇബ്റാഹീം നബി(അ)ന്റെയും കുടുംബത്തിന്റെയും ത്യാഗസ്മരണയാണ് ഹജ്ജിന്റെ അകവും പുറവും. ഓരോ ഹാജിയും ആ സുന്ദരമായ ജീവിതത്തിന്റെ ഓർമ്മകൾ അയവിറക്കുന്നു. സംവത്സരങ്ങൾ എത്ര കഴിഞ്ഞാലും ആ പാവനസ്മരണകൾക്ക് മരണമുണ്ടാവില്ല. അതിതീവ്രപരീക്ഷണഘട്ടങ്ങളിലും അചഞ്ചലമായ വിശ്വാസം കൈമുതലാക്കി, ആദർശസംരക്ഷണവും ഇലാഹീപ്രീതിയും ലക്ഷ്യമാക്കിയുള്ള അവരുടെ സമർപ്പണജീവിതം അത്രമേൽ ആദരണീയമാണ്.

ചിന്തകളും ചലനനിശ്ചലനങ്ങളുമെല്ലാം നാഥനിലർപ്പിച്ച ഹാജിമാർ വിശുദ്ധ ഭവനം ലക്ഷ്യമാക്കി നീങ്ങുമ്പോൾ ഇബ്റാഹീം നബി(അ) സഹിച്ച ഹൃദയവേദനകൾ മനസ്സിൽ തെളിഞ്ഞുവരും.

ത്യാഗത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ മാതൃകയാണ് ഇബ്റാഹീം നബി(അ) കാഴ്ചവച്ചത്. ത്യാഗത്തിലൂടെ സമ്പൂർണ സമർപ്പണത്തിലേക്കുള്ള പ്രയാണമായിരുന്നു ആ ധന്യജീവിതം. ആ സ്മരണകളിലൂടെ ജീവിതവിശുദ്ധി കൈവരിക്കാനുള്ള ആഹ്വാനമാണ് ഹജ്ജിലും ബലിപെരുന്നാളിലും പ്രതിഫലിക്കുന്നത്.

ഭരണാധികാരിയിൽ നിന്ന് നേരിട്ട പീഡനങ്ങളും യാതനകളും ആദർശപാതയിൽ ഇബ്റാഹീം നബി(അ) വരിച്ച ത്യാഗങ്ങളായിരുന്നു. ജീവൻ അപകടത്തിലാകുമെന്നു ബോധ്യമുണ്ടായിട്ടും നംറൂദിനോട് സംവാദത്തിലേർപ്പെടാൻ പ്രവാചകർ തയ്യാറായി. എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിച്ചപ്പോൾ അഗ്നിയിലെറിയപ്പെട്ട മഹാനുഭാവന് അല്ലാഹു രക്ഷ നൽകി. അഗ്നി മഹാനവർകൾക്ക് രക്ഷയും കുളിരുമായി മാറി.

വിവാഹം കഴിഞ്ഞ് വർഷങ്ങളായിട്ടും സന്താനങ്ങളില്ലാതിരുന്നത് അല്ലാഹുവിന്റെ പരീക്ഷണമായിരുന്നു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി അല്ലാഹു നബിക്കൊരു കുഞ്ഞിനെ നൽകി. ചോരച്ചുവപ്പു മാറാത്ത ആ കുഞ്ഞിനെയും ഉമ്മയെയും ആരോരുമില്ലാത്ത മക്കയിൽ ഉപേക്ഷിച്ചു പോരണമെന്ന നിർദ്ദേശം അവിടുന്ന് ശിരസാവഹിച്ചു. മരുഭൂമിയിൽ അവരെ തനിച്ചാക്കി അല്ലാഹുവിലേൽപ്പിച്ചു തിരിച്ചു പോന്നു.

വർഷങ്ങൾക്കു ശേഷം ആ മകനെ ബലിയർപ്പിക്കാൻ അല്ലാഹുവിന്റെ കൽപ്പനയുണ്ടായി. സന്താനസ്നേഹം ഓരോ മനുഷ്യന്റെയും നൈസർഗിക വികാരമാണ്. അല്ലാഹുവിന് വഴിപ്പെടുന്നതിന് ഈ സ്നേഹം തടസ്സമായില്ല. അരുമ സന്താനത്തെ ബലിയറുക്കാൻ തയ്യാറായതിലൂടെ ത്യാഗത്തിന്റെ പുതുചരിതം രചിക്കുകയായിരുന്നു മഹാനവർകൾ. വ്യക്തിതാൽപര്യങ്ങളെക്കാൾ ദൈവിക താല്പര്യങ്ങൾക്കാണ് പ്രാധാന്യം

ഇരുപത്തിയേഴ് അധ്യായങ്ങളിലായി അറുപതോളം തവണ ഇബ്റാഹീം നബി(അ)യെ ഖുർആൻ അനുസ്മരിക്കുന്നു. മരണപ്പെട്ടുപോയ മഹാന്മാരെ അനുസ്മരിക്കാൻ പാടില്ലെന്നു പറയുന്ന പുത്തനാശയക്കാർക്കെങ്ങനെ ഈ ഖുർആനിക വചനങ്ങളോടും ഹജ്ജിന്റെ കർമങ്ങളോടും നീതിപുലർത്താനാവും?

കൊടുക്കേണ്ടതെന്നാണ് ഈ സമർപ്പണത്തിലൂടെ പ്രഖ്യാപിക്കുന്നത്.

ഈ അനുസരണബോധത്തെ ഖുർആൻ മനോഹരമായി ആവിഷ്കരിക്കുന്നതു നോക്കൂ: 'നാഥൻ അദ്ദേഹത്തോട് 'കീഴ്പ്പെടുക' എന്ന് പറഞ്ഞ സന്ദർഭം. അദ്ദേഹം പറഞ്ഞു: 'സർവ്വലോക രക്ഷിതാവിന് ഞാനിതാ കീഴൊതുങ്ങിയിരിക്കുന്നു.' (സൂറത്തുൽ ബഖറ-131)

വിശുദ്ധഖുർആനിൽ ഇരുപത്തിയഞ്ചോളം പ്രവാചകന്മാരെ അനുസ്മരിച്ചിട്ടുണ്ട്. അവരുടെ ജീവിതവിശേഷങ്ങളും പ്രബോധനസരണിയും എടുത്തുകാണിച്ച് വിശ്വാസികളെ സമുദ്ധരിക്കുകയാണ് വിശുദ്ധഖുർആൻ. ഇരുപത്തിയേഴ് അധ്യായങ്ങളിലായി അറുപതോളം തവണ ഇബ്റാഹീം നബി(അ)യെ ഖുർആൻ അനുസ്മരിക്കുന്നു. മരണപ്പെട്ടുപോയ മഹാന്മാരെ അനുസ്മരിക്കാൻ പാടില്ലെന്നു പറയുന്ന പുത്തനാശയക്കാർക്കെങ്ങനെ ഈ ഖുർആനിക വചനങ്ങളോടും ഹജ്ജിന്റെ കർമങ്ങളോടും നീതിപുലർത്താനാവും?

ഇബ്റാഹിമീ സരണി മുറുകെപ്പിടിക്കണമെന്നും അതിനെ അവഗണിക്കുന്നവർ മൂഢന്മാരാണെന്നും ഖുർആൻ ഉദ്ഘോഷിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: 'സ്വന്തം ആത്മാവിനെ മൂഢനാക്കിയവരല്ലാതെ മറ്റാരാണ് ഇബ്റാഹിമീ സരണിയോട് വിമുഖത കാണിക്കുക? ഐഹികലോകത്ത് (നമ്മുടെ പ്രവർത്തനങ്ങൾക്കായി) അദ്ദേഹത്തെ നാം സവിശേഷമായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്താവട്ടെ, അദ്ദേഹം സദ്വൃത്തരുടെ ഗണത്തിൽ തന്നെയായിരിക്കും.' (സൂറത്തുൽ ബഖറ-130)

ഹജ്ജും ഇബ്റാഹീമി സ്മരണകളും

പരിശുദ്ധ ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണ് ഹജ്ജ്. സാമ്പത്തികമായും ശാരീരികമായും ശേഷിയുള്ള, സുരക്ഷിതമായി യാത്ര ചെയ്യാൻ കഴിവുള്ള എല്ലാവർക്കും ഹജ്ജ് നിർബന്ധമാകും. കർമശാസ്ത്ര പണ്ഡിതർ പറയുന്നു: 'പ്രായപൂർത്തിയും ബുദ്ധിയുമുള്ള, സ്വതന്ത്രനായ, കഴിവുള്ള എല്ലാ മുസ്ലിമിനും ഹജ്ജും ഉംറയും നിർബന്ധമാണ്.' (ഫത്ഹുൽമുഈൻ)

പോയിവരുന്നതുവരെയുള്ള ഭക്ഷണ ത്തിനും ആശ്രിതരുടെ ഉപജീവനത്തിനും വകയുള്ളവർ, മക്കയിൽ നിന്ന് വിദൂരത്തുള്ളവരോ വിദൂരത്തല്ലെങ്കിലും നടക്കാൻ ബുദ്ധിമുട്ടുള്ളവരോ ആണെങ്കിൽ അനുയോജ്യമായ വാഹനമുള്ളവർ, വഴിയിൽ ജീവനും സ്വത്തിനും സുരക്ഷിതത്വമുള്ളവർ തുടങ്ങിയവരെല്ലാമാണ് 'കഴിവുള്ളവർ' എന്നതുകൊണ്ടുദ്ദേശ്യം.

സൗകര്യമുണ്ടായിട്ടും ഹജ്ജ് ചെയ്യാതിരിക്കുന്നവർക്ക് ശക്തമായ താക്കീതാണ് ഇസ്ലാം നൽകുന്നത്. അലി(റ) നിവേദനം.

മറ്റു ആരാധനകളെ അപേക്ഷിച്ച് കൂടുതൽ സാഹസം ആവശ്യമായ കർമ്മമാണ് ഹജ്ജ്. നിസ്കാരത്തിൽ ശാരീരികാധ്വാനവും മനസ്സാന്നിധ്യവും അനിവാര്യമാണ്. നോമ്പിൽ ശാരീരിക, വൈകാരിക നിയന്ത്രണമാണ് മുഖ്യം. സകാത്തിൽ ധനവിനിയോഗമാണുള്ളത്. എന്നാൽ ഹജ്ജ്കർമ്മത്തിൽ ശാരീരികാധ്വാനം, മാനസിക സമർപ്പണം, ധനവിനിയോഗം, മനസ്സാന്നിധ്യം എന്നിവയെല്ലാം അനിവാര്യമാണ്.

നബി(സ) പറഞ്ഞു: 'ഒരാൾക്ക് അല്ലാഹുവിന്റെ ഭവനമായ കഅ്ബയിൽ എത്തിച്ചേരാനുള്ള വാഹനവും ഭക്ഷണവും മറ്റു സൗകര്യങ്ങളുമെല്ലാം ലഭ്യമായിട്ടും ഹജ്ജ് ചെയ്യാതിരുന്നാൽ അവൻ അവിശ്വാസിയായി മരണപ്പെട്ടേക്കാം.' (തിർമുദി, ബൈഹഖി)

'മബ്റൂറായ ഹജ്ജിന് സ്വർഗ്ഗമല്ലാതെ പ്രതിഫലമില്ല' (ബുഖാരി) എന്ന തിരുവചനം ഹജ്ജിന്റെ നിസ്തുലമായ പ്രതിഫലം വിളംബരം ചെയ്യുന്നതാണ്.

മറ്റു ആരാധനകളെ അപേക്ഷിച്ച് കൂടുതൽ സാഹസം ആവശ്യമായ കർമ്മമാണ് ഹജ്ജ്. നിസ്കാരത്തിൽ ശാരീരികാധ്വാനവും മനസ്സാന്നിധ്യവും അനിവാര്യമാണ്. നോമ്പിൽ ശാരീരിക, വൈകാരിക നിയന്ത്രണമാണ് മുഖ്യം. സകാത്തിൽ ധനവിനിയോഗമാണുള്ളത്. എന്നാൽ ഹജ്ജ്കർമ്മത്തിൽ ശാരീരികാധ്വാനം, മാനസിക സമർപ്പണം, ധനവിനിയോഗം, മനസ്സാന്നിധ്യം എന്നിവയെല്ലാം അനിവാര്യമാണ്. ഇസ്‌ലാമിലെ മറ്റൊരു ആരാധനയിലും ഇതെല്ലാം കാണാൻ കഴിയില്ല.

ശർത്തുകൾ, ഫർളുകൾ, വാജിബാത്തുകൾ, സുന്നത്തുകൾ എന്നിവയെല്ലാം സമ്മേളിക്കുമ്പോഴാണ് ഹജ്ജ് പരിപൂർണ്ണമാവുന്നത്. അവയിൽ പ്രധാനപ്പെട്ട ചിലത് ഇവിടെ കുറിക്കുന്നു:

വാജിബാത്തുകൾ

നിർണ്ണയിക്കപ്പെട്ട മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്യൽ, മുസ്ദലിഫയിൽ രാപാർക്കൽ, അയ്യാമുത്തശ്‌രീഖിന്റെ മൂന്നു ദിവസങ്ങളിൽ മിനായിൽ രാപാർക്കൽ, മൂന്നു ജംറകളിൽ കല്ലെറിയൽ, വിദാഇന്റെ ത്വവാഫ് എന്നിവ ഹജ്ജിന്റെ വാജിബാത്തുകളാണ്. കഅ്ബയുടെ ഏകദേശം 6 കി.മി അകലെയാണ് മിനാതാഴ്‌വര സ്ഥിതിചെയ്യുന്നത്. ഇബ്റാഹീം നബി(അ) മകൻ ഇസ്‌മാഈൽ(അ)നെ ബലിയറുക്കാൻ കൊണ്ടുവന്നത് ഇവിടേക്കാണ്. രാത്രിയുടെ മുഖ്യഭാഗം മിനായിലുണ്ടാകലാണ് നിർബന്ധം. ശക്തിയായ രോഗം, രോഗിയെ ശുശ്രൂഷിക്കൽ പോലുള്ള നിർബന്ധകാരണങ്ങളാൽ മിനായിൽ താമസിക്കാൻ സാധിക്കാത്തവർക്ക് താമസമോ ഫിദ്‌യയോ നിർബന്ധമില്ല. എന്നാൽ, ജംറകളെ എറിയൽ എല്ലാവർക്കും നിർബന്ധമാണ്. ശക്തിയായ രോഗമുണ്ടെങ്കിൽ മറ്റൊരാളെ പകരമാക്കാവുന്നതുമാണ്. അറഫയുടെയും മിനായുടെയും ഇടയിലുള്ള സ്ഥലമാണ് മുസ്ദലിഫ.

റുക്നുകൾ

ഹജ്ജിന് ആറ് റുക്നുളാണുള്ളത്.

റുക്ന് 1. ഇഹ്റാം ചെയ്യൽ. ഹജ്ജിൽ പ്രവേശിക്കുന്നു എന്ന കരുതലാണത്. 'കർമ്മങ്ങൾ സ്വീകാര്യമാവുക നിയ്യത്തു കൊണ്ടാണ്' എന്ന ആശയമുള്ള ഹദീസാണ് ഇതിനുള്ള പ്രമാണം.

റുക്ന് 2. അറഫയിൽ ഹാജരാവുക. അറഫയുടെ പരിധിയിൽ എവിടെയെങ്കിലും സന്നിഹിതനായാൽ മതിയാകും. 'അറഫയാണ് ഹജ്ജ് ' എന്ന ഹദീസ് ഇമാം തിർമുദി ഉദ്ധരിച്ചിട്ടുണ്ട്. അറഫാ ദിനം അഥവാ ദുൽഹിജ്ജ ഒമ്പതിന് ഉച്ച കഴിഞ്ഞതു മുതൽ പെരുന്നാൾ ദിനം ഫജ്റ് വെളിവാകുന്നതിനിടയിലുള്ള സമയത്താണ് അറഫയിൽ നിൽക്കേണ്ടത്. നിറുത്തം രാത്രിയും പകലും സംയോജിപ്പിച്ചു കൊണ്ടാവൽ സുന്നത്തുണ്ട്. അങ്ങനെ സംയോജിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ബലി നൽകൽ സുന്നത്താണ്. (ഫത്ഹുൽമുഈൻ)

മക്കയുടെ ഏകദേശം 20 കിലോമീറ്റർ കിഴക്കുഭാഗത്ത് പർവ്വതങ്ങളാൽ ചുറ്റപ്പെട്ട വിശാലമായ താഴ്‌വരയാണ് അറഫാമൈതാനം. ഹറമിന്റെ പരിധിക്കു പുറത്താണിത്. ലോകത്ത് ഏറ്റവും കൂടുതൽ മനുഷ്യർ ഒരേസമയം സംഗമിക്കുന്നത് ഇവിടെയാണ്. ഏകദേശം 18 കിലോമീറ്റർ വിസ്തൃതിയുണ്ട് അറഫാ പ്രദേശത്തിന്. മസ്ജിദ് ഇബ്റാഹീമും നമിറയും അറഫയിൽ പെടില്ല.

അറഫയും അറഫയിലെ കർമ്മങ്ങളും അറഫാദിനവുമെല്ലാം അല്ലാഹുവിനെ മനസ്സിലാക്കുക എന്ന സന്ദേശമാണ് നൽകുന്നത്. അറിവുകളിൽ ഏറ്റവും ഉത്തമം അല്ലാഹുവിനെക്കുറിച്ചുള്ള അറിവാണ്. അല്ലാഹുവിനെ അറിഞ്ഞ് നിർവഹിക്കുമ്പോഴാണ് ആരാധനകൾ സമ്പൂർണ്ണമാവുക.

അറഫയിൽ സംഗമിക്കുന്നവർ മാത്രമല്ല; അല്ലാത്തവരും ഈ പുണ്യദിനത്തെ സൽകർമ്മങ്ങൾ കൊണ്ട് ധന്യമാക്കണം. ഹാജിമാർ അല്ലാത്തവർക്ക് അറഫദിനത്തിൽ നോമ്പനുഷ്ഠിക്കൽ പ്രത്യേകം സുന്നത്താണ്. നബി(സ) പറഞ്ഞു: 'അറഫാദിനത്തിലെ വ്രതാനുഷ്ഠാനം കഴിഞ്ഞുപോയതും വരാനുള്ളതുമായ പാപങ്ങളെ പൊറുപ്പിക്കുന്നതാണ്.' (മുസ്‌ലിം)

റുക്ന് 3. ഇഫാളത്തിന്റെ ത്വവാഫ്. പെരുന്നാൾരാവ് പകുതിയോടെ ഇതിനുള്ള സമയമാകും. എല്ലാ ഫർളുകളെക്കാളും ശ്രേഷ്ഠം ഇഫാളത്തിന്റെ ത്വവാഫാണ്. ഇമാം സർകശി(റ) ഇതിൽ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

(ഫത്ഹുൽമുഈൻ)

എന്നാൽ, ഇമാം ഇബ്നുഹജർ(റ) തുഹ്ഫയിൽ പറഞ്ഞത് അറഫയിൽ നിൽക്കലാണ് കൂടുതൽ ശ്രേഷ്ഠമായതെന്നാണ്. 'ഹജ്ജ് അറഫയാണ്' എന്ന ഹദീസാണ് ഇതിനുള്ള പ്രമാണമായി മഹാൻ ഉദ്ധരിച്ചിട്ടുള്ളത്. (തുഹ്ഫ)

ത്വവാഫുകൾ പലതരം

1. ത്വവാഫ് മുത്വലഖ്. മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്ന ആർക്കും എപ്പോഴും എത്ര തവണയും ഇത് നിർവഹിക്കാം.

2. ത്വവാഫുൽ ഖുദൂം. മക്കയിലേക്ക് വരുമ്പോഴുള്ള ത്വവാഫാണിത്. ഹറമിൽ പ്രവേശിച്ചാൽ ആദ്യം ഈ ത്വവാഫ് ചെയ്യലാണ് പുരുഷനും സ്ത്രീക്കും സുന്നത്ത്. നബി(സ) അങ്ങനെ ചെയ്തതായി ഇമാം ബുഖാരി, മുസ്‌ലിം നിവേദനം ചെയ്ത ഹദീസിലുണ്ട്. എന്നാൽ ഇമാം ഫർള് നിസ്കരിച്ചുകൊണ്ടിരിക്കെ മസ്ജിദുൽഹറാമിൽ പ്രവേശിച്ചാലും ഫർള് നിസ്കാരമോ മുഅക്കദായ റവാത്തിബ്സുന്നത്ത് നിസ്കാരമോ നഷ്ടപ്പെടുമെന്നു വന്നാലും ആ നിസ്കാരമാണ് ആദ്യം നിർവഹിക്കേണ്ടത്, ത്വവാഫല്ല. (ഫത്ഹുൽമുഈൻ)

3. ഇഫാളത്തിന്റെ ത്വവാഫ്. ഹജ്ജിന്റെ നിർബന്ധഘടകമാണിത്. ഇഫാളത്തിന്റെ ത്വവാഫ് നിർവഹിക്കാതിരുന്നാൽ ഹജ്ജ് നഷ്ടപ്പെടും. നിർവ്വഹിക്കാതിരുന്നതിന് പ്രായശ്ചിത്തമായി ബലികർമ്മം നടത്തുകയും വേണം.

4. വിദാഇന്റെ ത്വവാഫ്. ഖാരിൻ, മുതമത്തിഅ്, മുഫ്രിദ് എന്നീ മൂന്ന് രൂപത്തിൽ ഹജ്ജ് ചെയ്യുന്ന ഹാജിമാരും ഹജ്ജ് കഴിഞ്ഞ് മക്ക വിട്ടുപോകുമ്പോൾ നിർവഹിക്കേണ്ട ത്വവാഫാണിത്. ഹൈള്, നിഫാസ് ഉള്ള സ്ത്രീകൾക്കിതിൽ ഇളവുണ്ട്. മറ്റുള്ളവർ ഇത് നിർവഹിച്ചിട്ടില്ലെങ്കിൽ പ്രായശ്ചിതമായി ബലിയറുക്കണം.

5. സുന്നത്തായ ത്വവാഫ്. ഇത് ഏത് സമയത്തും നിർവഹിക്കാവുന്നതാണ്.



6. നേർച്ചയാക്കപ്പെട്ട ത്വവാഫ്. നേർച്ചയാക്കലോടെ ത്വവാഫ് നിർബന്ധമായി മാറും.

ത്വവാഫിന്റെ ശർത്വുകൾ

1. അശുദ്ധിയിൽ നിന്നും നജസിൽ നിന്നും ശുദ്ധിയാവുക.

2. നഗ്നത മറയ്ക്കുക.

3. ഹജ്ജിലോ ഉംറയിലോ ഉൾപ്പെടാത്ത ത്വവാഫാണെങ്കിൽ നിയ്യത്ത് ചെയ്യുക. ഹജ്ജിന്റെയോ ഉംറയുടെയോ ഭാഗമായി ചെയ്യുന്നതിൽ നിയ്യത്ത് സുന്നത്താണ്.

4. ഹജറുൽഅസ്‌വദ് മുതൽ ആരംഭിക്കുക.

5. കഅ്ബ ഇടതുവശത്താക്കി നടക്കുക. മുന്നോട്ടു നടക്കുക. നടക്കുമ്പോൾ ദേഹം മുഴുവനും ശാദിർവാനിൽ നിന്നും ഹിജ്ർ ഇസ്മാഈലിൽ നിന്നും പുറത്തായിരിക്കണം.

6. ഉറപ്പായും ഏഴു തവണ ത്വവാഫ് ഉണ്ടായിരിക്കണം. ഏഴിൽ കുറഞ്ഞാൽ ത്വവാഫ് പൂർണമാവില്ല.

ത്വവാഫിന്റെ സുന്നത്തുകൾ

1. ഹജറുൽഅസ്‌വദ് കൈകൊണ്ട് തൊട്ടുചുംബിച്ച് ത്വവാഫ് തുടങ്ങൽ. ഓരോ ചുറ്റലിലും ഇങ്ങനെ ചെയ്യണം. ഒറ്റയായ തവണകളിൽ തൊട്ടുചുംബിക്കൽ ശക്തമായ സുന്നത്തുണ്ട്. ഹജറുൽഅസ്‌വദ് ചുംബിക്കലും

അതിന്മേൽ നെറ്റി വെക്കലും റുക്നുൽ യമാൻ തൊട്ട് കൈ ചുംബിക്കലുമെല്ലാം സുന്നത്തുണ്ട്.

2. സഅ്‌യിനു മുന്നോടിയായുള്ള ത്വവാഫാണെങ്കിൽ പുരുഷന്മാർക്ക് ആദ്യ മൂന്ന് പ്രദക്ഷിണങ്ങളിൽ റമൽ നടത്തം സുന്നത്താണ്. കാലുകൾ അടുപ്പിച്ച് ചവിട്ടി ധൃതിയിൽ നടക്കലാണ് റമൽ നടത്തം. ഹിജ്‌റ ഏഴാം വർഷം നബി(സ) സ്വഹാബികളോടൊപ്പം ഉംറ ചെയ്യാൻ മക്കയിൽ പ്രവേശിച്ചു. പനി കാരണം അവർ ക്ഷീണിതരായിരുന്നു. നടത്തത്തിൽ ഇതിന്റെ പ്രതിഫലനം കാണാമായിരുന്നു. ഇതു കണ്ട മുശ്‌രികുകൾ പരിഹസിച്ചു. ഈ ദുർബലർക്ക് നമ്മോട് യുദ്ധം ചെയ്യാൻ കഴിയില്ലെന്ന് അവർ പറഞ്ഞു. ഈ വിവരമറിഞ്ഞ നബി(സ) സ്വഹാബികളോട് അല്പം വേഗത്തിൽ നടക്കാൻ പറഞ്ഞു. അപ്പോൾ മുശ്‌രികുകൾ തിരുത്തിപ്പറഞ്ഞു: 'ഇവർ പനി കാരണം ക്ഷീണിതരാണെന്നാണ് നാം കരുതിയിരുന്നത്. എന്നാൽ ഇവർ ശക്തരാണ്.' ഈ സംഭവത്തിന്റെ അനുസ്മരണമായാണ് റമൽ നടത്തം സുന്നത്തായത്. (ഇആനത്തുത്വാലിബീൻ)

3. റമൽ നടത്തം സുന്നത്തുള്ള ത്വവാഫുകളിലും (ആദ്യത്തെ മൂന്ന് പ്രദക്ഷിണങ്ങളിൽ) സഅ്‌യിലും ഇള്ത്വിബാഅ് സുന്നത്താണ്. മേൽതട്ടത്തിന്റെ മധ്യഭാഗം വലതു ചുമലിനു താഴെയും അഗ്രങ്ങൾ രണ്ടും ഇടതു ചുമലിനു മുകളിലുമാക്കിയിടുന്ന രീതിയാണ് ഇള്ത്വിബാഅ്.

4. ത്വവാഫിനു ശേഷം മഖാം ഇബ്‌റാഹീമിനു പുറകിലും പിന്നീട് ഹിജ്ർ ഇസ്മാഈലിലും രണ്ടു റക്അത്ത് നിസ്കരിക്കൽ സുന്നത്താണ്.

റുക്ന് 4: സഅ്‌യ് അഥവാ, സ്വഫാമർവക്കിടയിൽ നടക്കൽ. പരിശ്രമം, ഓട്ടം എന്നെല്ലാം സഅ്‌യിന് അർത്ഥമുണ്ട്. കഅ്ബയുടെ തെക്കു കിഴക്കുഭാഗത്ത് ഏകദേശം 130 മീറ്റർ അകലെയാണ് സ്വഫ. അവിടെ നിന്ന് ഏകദേശം 300 മീറ്റർ അകലെയാണ് മർവയുള്ളത്. ഏഴു പ്രാവശ്യം പൂർണമായും സഅ്‌യ് ചെയ്യണം.

ഹജ്ജിന്റെ പ്രധാനപ്പെട്ട സുന്നത്തുകളിലൊന്നാണ് തൽബിയത്. ഹാജിമാരുടെ തൗഹീദ് പ്രഖ്യാപനമാണിത്. ഇബ്‌റാഹീം നബി(അ) കഅ്ബ നിർമ്മാണവുമായി ബന്ധപ്പെട്ട് അല്ലാഹുവുമായി നടത്തിയ സംഭാഷണമാണിതിന്റെ പശ്ചാത്തലം. 'ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്. ലബ്ബൈക ലാ ശരീക ലക ലബ്ബൈക്. ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക്, ലാ ശരീക ലക്' എന്നാണ് തൽബിയത്തിന്റെ വചനം.

അറഫയിൽ നിന്നിട്ടില്ലെങ്കിൽ ഖുദൂമിന്റെ ത്വവാഫിനു ശേഷമോ അല്ലെങ്കിൽ ഇഫാളത്തിന്റെ ത്വവാഫിന് ശേഷമോ ആയിരിക്കണം സഅ്‌യ്. സഅ്‌യിൽ നിന്ന് വിരമിക്കുന്നതിനു മുമ്പ് എണ്ണത്തിൽ സംശയം തോന്നിയാൽ കുറഞ്ഞ എണ്ണം അവലംബമാക്കി ബാക്കി പൂർത്തിയാക്കണം. സ്വഫയിൽ നിന്ന് തുടങ്ങി മർവയിൽ അവസാനിപ്പിക്കുകയാണ് വേണ്ടത്.

നബി(സ)യോട് സ്വഹാബികൾ ചോദിച്ചു: 'ഞങ്ങൾ സ്വഫയിൽ നിന്നാണോ മർവയിൽ നിന്നാണോ സഅ്‌യ് തുടങ്ങേണ്ടത്?' അവിടുന്ന് പറഞ്ഞു: 'അല്ലാഹു ഖുർആനിൽ ഏതുകൊണ്ടാണോ തുടങ്ങിയത്, അതുകൊണ്ട് നിങ്ങൾ തുടങ്ങിക്കോളൂ.' (ഇആനത്തുത്വാലിബിൻ)

മർവയിൽ നിന്നാണ് തുടങ്ങിയതെങ്കിൽ സ്വഫയിലേക്കുള്ള ആദ്യ നടത്തം പരിഗണിക്കുകയില്ല. സ്വഫയിൽ നിന്ന് മർവയിലേക്ക് പോകുന്നത് ഒന്നാമത്തേത്, തിരിച്ച് മർവയിലേക്കുള്ള നടത്തം രണ്ടാമത്തേത് എന്നിങ്ങനെയാണ് എണ്ണം പരിഗണിക്കുക. ഒരാൾപ്പൊക്കത്തിൽ രണ്ടു മലക

ളിലും കയറൽ പുരുഷന്മാർക്ക് സുന്നത്താണ്. സഅ്യിന്റെ തുടക്കത്തിലും ഒടുക്കത്തിലും സാധാരണ നടത്തവും മധ്യത്തിൽ റമൽനടത്തവും പുരുഷന്മാർക്ക് സുന്നത്താണ്. സ്ത്രീകൾക്ക് റമൽനടത്തം സുന്നത്തില്ല. ഈ സ്ഥലങ്ങൾ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുണ്ട്.

സ്വഫയുടെയും മർവയുടെയും ഇടയിലുള്ള സ്ഥലമാണ് മസ്ആ; അഥവാ, സഅ്യ് ചെയ്യുന്ന സ്ഥലം. പ്രവാചകന്മാരുടെയും സ്വഹാബികളുടെയും മഹാന്മാരുടെയും പാദസ്പർശമേറ്റ അനുഗൃഹീത മണ്ണാണിത്. 394 മീറ്റർ നീളവും 20 മീറ്റർ വീതിയുമാണ് മസ്ആക്കുള്ളത്. ഇസ്‌ലാമിക ചരിത്രത്തിൽ സഹസ്രാബ്ദങ്ങളുടെ കഥ പറയുന്ന പുണ്യസ്ഥലമാണിത്. അല്ലാഹുവിന്റെ കൽപ്പന പ്രകാരം ഇബ്റാഹീംനബി(അ) മകൻ ഇസ്മാഈൽ(അ)നെയും ഹാജർബീവി(റ)യെയും വിജനമായ മക്കാമരുഭൂമിയിൽ താമസിപ്പിച്ചു. ഇസ്മാഈൽ(അ) ദാഹിച്ചുകരഞ്ഞപ്പോൾ വെള്ളം കൊടുക്കാനില്ലാതെ ഹാജർബീവി(റ) തേങ്ങി. ദാഹശമനത്തിനുള്ള വെള്ളമന്വേഷിച്ച് ഹാജർബീവി(റ) സ്വഫയിലേക്കും മർവയിലേക്കും പലവട്ടം ഓടിയെങ്കിലും എവിടെ നിന്നും വെള്ളം ലഭിച്ചില്ല. അവരുടെ പ്രാർഥനാഫലമായി കുട്ടിയുടെ സമീപത്ത് അല്ലാഹു ഒരു നീരുറവ സൃഷ്ടിച്ചു. അതാണ് സംസം. ഒരിക്കലും വറ്റാത്ത നീരുറവയാണിത്. സമർപ്പണത്തിന്റെ ഈ ദീപ്തസ്മരണ നിലനിർത്താൻ സ്വഫാമർവക്കിടയിലെ സഅ്യ് അല്ലാഹു ഹജ്ജിന്റെ അനിവാര്യഘടകമായി നിശ്ചയിച്ചു.

റുക്ന് 5: തലമുടി നീക്കം ചെയ്യൽ. ഇഹ്റാമിൽ നിന്ന് വിരമിക്കാൻ ഇതാവശ്യമാണ്. ചുരുങ്ങിയത് മൂന്നു മുടിയെങ്കിലും നീക്കം ചെയ്യണം. ഏറ്റവും ശ്രേഷ്ഠം മുടി പൂർണ്ണമായി നീക്കം ചെയ്യലാണ്. നബി(സ) അങ്ങനെയാണ് ചെയ്തത്. മുടി അല്പം മാത്രം വെട്ടലാണ് സ്ത്രീകൾക്ക് ഉത്തമം.

റുക്ന് 6: പ്രധാന റുക്നുകൾക്കിടയിൽ ക്രമം പാലിക്കൽ.

ഇഹ്റാമിനെ മുന്തിക്കണം. അറഫയിൽ നിന്ന ശേഷമാകണം ഫർളായ ത്വവാഫും മുടി നീക്കലും. ഖുദൂമിന്റെ ത്വവാഫിന് ശേഷം സഅ്യ് ചെയ്തിട്ടില്ലെങ്കിൽ സഅ്യിനു മുമ്പ് ത്വവാഫ് ചെയ്യണം. ഇങ്ങനെയാണ് നിർബന്ധമായ ക്രമം.

തൽബിയത്ത്

ഹജ്ജിന്റെ പ്രധാനപ്പെട്ട സുന്നത്തുകളിലൊന്നാണ് തൽബിയത്. ഹാജിമാരുടെ തൗഹീദ് പ്രഖ്യാപനമാണിത്. ഇബ്റാഹീം നബി(അ) കഅ്ബ നിർമ്മാണവുമായി ബന്ധപ്പെട്ട് അല്ലാഹുവുമായി നടത്തിയ സംഭാഷണമാണിതിന്റെ പശ്ചാത്തലം.

‘ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്. ലബ്ബൈക ലാ ശരീക ലക ലബ്ബൈക്. ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക്, ലാ ശരീക ലക്’ എന്നാണ് തൽബിയത്തിന്റെ വചനം. ഞാൻ നിനക്ക് വഴിപ്പെടാൻ സന്നദ്ധനാണെന്നാണ് ‘ലബ്ബൈക്’ എന്ന പദത്തിനർഥം. തൽബിയത്ത് വർദ്ധിപ്പിക്കലും മൂന്നു തവണ ആവർത്തിച്ച് ചൊല്ലലും സുന്നത്താണ്. ശേഷം നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുക, സ്വർഗ്ഗം ചോദിക്കുക, നരകത്തിൽ നിന്ന് കാവൽ തേടുക എന്നിവയും സുന്നത്താണ്.

ജംറത്തുൽ അഖബയിൽ എറിയുന്നതു വരെ ഇത് തുടരണം. എങ്കിലും പ്രത്യേകം ദിക്റുകളുള്ളതിനാൽ ഖുദൂമിന്റെ ത്വവാഫിലും ശേഷമുള്ള സഅ്യിലും തൽബിയത്ത് സുന്നത്തില്ല. (ഫത്ഹുൽമുഈൻ 2/483)

‘അല്ലാഹുവേ, നിന്റെ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു. നിനക്കു പങ്കുകാരനില്ല. സർവ്വസ്തുതിയും അനുഗ്രഹങ്ങളും ആധിപത്യവുമെല്ലാം നിനക്കു തന്നെ. നിനക്കു പങ്കുകാരനില്ല’ എന്നാണ് തൽബിയത് വചനത്തിന്റെ അർത്ഥം.

വിശുദ്ധ കഅ്ബാലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം ഹജ്ജ്കർമ്മത്തിന് ജനങ്ങളെ ക്ഷണിക്കണമെന്ന് അല്ലാഹു ഇബ്റാഹീംനബി(അ)നോട് കൽപ്പിച്ചു.

അല്ലാഹു പറയുന്നു: ‘ജനങ്ങൾക്കിടയിൽ താങ്കൾ ഹജ്ജിനെ വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ മലമ്പാതുകളിലൂടെ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്തുകയറിയും അവർ താങ്കളുടെ അടുത്ത് വന്നുകൊള്ളും.’ (22/27)

അപ്പോൾ ഇബ്റാഹീംനബി(അ) ചോദിച്ചു: ‘അല്ലാഹുവേ, എന്റെ ശബ്ദം എങ്ങനെയാണ് അവർക്കെത്തുക.’ അല്ലാഹു പറഞ്ഞു: ‘നിങ്ങൾ വിളിക്കുക, എത്തിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്.’ അങ്ങനെ സ്വഫാമലയുടെ മുകളിൽ കയറി (അബൂഖുബൈസ് മലയുടെ മുകളിൽ കയറിയാണെന്നും അഭിപ്രായമുണ്ട്.) ഉറക്കെ വിളിച്ചു പറഞ്ഞു: ‘ജനങ്ങളേ, ഈ വിശുദ്ധഭവനത്തിൽ വന്ന് ഹജ്ജ് ചെയ്യൽ അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ നാഥന് ഉത്തരം നൽകുക.’ ഈ വിളിയുടെ ഉത്തരമാണ് ഹജ്ജിലെ തൽബിയത്.

തൽബിയതിന്റെ ശ്രേഷ്ഠത വിവരിക്കുന്ന ധാരാളം ഹദീസുകളുണ്ട്. ശബ്ദം ഉയർത്തിയാണ് ചൊല്ലേണ്ടത്. സൈദുബ്നു ഖാലിദുൽ ജുഹനി(റ) നിവേദനം. നബി(സ) പറഞ്ഞു: ‘ജിബ്രീൽ(അ) എന്റെ അടുത്തു വന്ന് പറഞ്ഞു: ‘മുഹമ്മദ്നബിയേ, അങ്ങയുടെ അനുയായികളോട് ഉറക്കെ തൽബിയത്ത് ചൊല്ലാൻ പറയുക. കാരണം, അത് ഹജ്ജിന്റെ അടയാളങ്ങളിൽ പെട്ടതാണ്.’ (ഇബ്നുമാജ 2923)

കവർസ്റ്റോറി

അഹ്മദ് ഇയാസ് അരിയൂർ

മഴക്കാലത്തെ ആരോഗ്യ പാഠങ്ങൾ

കേരളത്തിൽ മഴക്കാലം വന്നിരിക്കുന്നു. മൺസൂൺകാലത്ത് പ്രകൃതിയിലെന്ന പോലെ നമ്മുടെ ശരീരത്തിലും മാറ്റങ്ങളുണ്ടായേക്കാം. ചിട്ടയായ ജീവിതശൈലിയാണ് ആരോഗ്യസംരക്ഷണത്തിനുള്ള ഏക മാർഗം. അതിനാൽ ഭക്ഷണക്രമത്തിലും വസ്ത്രധാരണത്തിലുമെല്ലാം ചില മാറ്റങ്ങൾ അനിവാര്യമാണ്. കൂടാതെ ചില മുൻകരുതലുകളും കൈകൊള്ളേണ്ടതുണ്ട്.

വെള്ളം കുടി മുടക്കേണ്ട

ദാഹം അനുഭവപ്പെടാത്തതിനാൽ മഴക്കാലത്ത് പലരും വെള്ളം കുടിക്കുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്താറില്ല. എന്നാൽ മഴക്കാലത്താണെങ്കിലും ശരീരത്തിൽ വെള്ളത്തിന്റെ അളവ് ഗണ്യമായി കുറയുന്നത് നിർജ്ജലീകരണത്തിന് കാരണമായേക്കാമെന്ന് ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ശരീരത്തിൽ നിന്ന് വിഷവസ്തുക്കളെ പുറന്തള്ളാനും ചർമ്മത്തിലെ സുഷിരങ്ങൾ തുറക്കാനും ജലാംശം വർധിപ്പിച്ച് ചർമത്തിന്റെ തിളക്കം നിലനിർത്തുവാനും വെള്ളം സഹായിക്കും. കിണറുകളിലെയും മറ്റു ജലാശയങ്ങളിലെയും വെള്ളത്തിൽ മഴക്കാലത്ത് മാലിന്യങ്ങൾ കലരാനുള്ള സാധ്യത ഏറെയാണ്. അതിനാൽ ദിനേന 8 മുതൽ 10 ഗ്ലാസ് വരെ തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ശ്രദ്ധിക്കണം.

ഭക്ഷണക്രമത്തിൽ മഞ്ഞൾ, കുരുമുളക്, ഗ്രാമ്പൂ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ ഉപയോഗിക്കുന്നത് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കാനും ജലദോഷം, പനി, എന്നീ രോഗങ്ങളുടെ സാധ്യത ഇല്ലാതാക്കാനും സഹായിക്കുന്നു. കറിവേപ്പില, തുളസി, പുതീനയില എന്നിവ തിളപ്പിച്ച വെള്ളത്തിലിട്ടു കുടിക്കുകയോ ഭക്ഷണത്തിൽ ചേർത്ത് കഴിക്കുകയോ ചെയ്യാം.

സിട്രസ് പഴങ്ങളായ ഓറഞ്ച്, നാരങ്ങ, പേരക്ക എന്നീ വിറ്റാമിൻ സി വിഭവങ്ങൾ കൂടുതൽ കഴിക്കുന്നത് മഴക്കാലത്തെ ആരോഗ്യ സംരക്ഷണത്തിന് ഉത്തമമാണ്. പുളിപ്പിച്ച ഭക്ഷണങ്ങളായ ദോശ, തൈര് തുടങ്ങിയവ കഴിക്കുന്നതും ശരീരത്തിന് പോസിറ്റീവ് എനർജി നൽകും. വഴിയോര ഭക്ഷണങ്ങളും ഫാസ്റ്റ്ഫുഡുകളും എണ്ണയിൽ പൊരിച്ച പലഹാരങ്ങളും ബേക്കറിയും പരമാവധി ഒഴിവാക്കുക. വീട്ടിലുണ്ടാക്കിയ ചൂടുള്ള ഭക്ഷണമാണ് മഴക്കാലത്ത് ഉത്തമം.

ശുചിത്വം മുഖ്യം

മഴക്കാലത്ത് വീട്, ഓഫീസ്, വിദ്യാലയം തുടങ്ങിയവയുടെ പരിസരം വൃത്തിയായി സൂക്ഷിക്കൽ അത്യാവശ്യമാണ്. ഇവിടെ അടിഞ്ഞുകൂടിയ മാലിന്യം മഴ പെയ്താൽ മറ്റിടങ്ങളിലേക്ക് വ്യാപിക്കാനുള്ള സാധ്യതയേറെയാണ്. കിണറുകൾ വലയിട്ടു മൂടുകയും കുടിവെള്ള സംഭരണി അടച്ചുറപ്പോടെ സൂക്ഷിക്കുകയും വേണം. വഴുതി വീഴാൻ സാധ്യതയുള്ള സ്ഥലങ്ങൾ വൃത്തിയാക്കുന്ന കാര്യത്തിൽ

കർക്കടകക്കഞ്ഞി

മഴക്കാല ഭക്ഷണങ്ങളിൽ ഏറെ ഔഷധഗുണമുള്ള വിഭവമാണ് കർക്കടകക്കഞ്ഞി അഥവാ, മരുന്നുകഞ്ഞി. രാവിലെ വെറും വയറ്റിൽ കഴിക്കുന്നതാണ് ഉത്തമമെങ്കിലും വൈകുന്നേരവും കഴിക്കാം. ഒരു മാസം തുടർച്ചയായി കർക്കിടകക്കഞ്ഞി കഴിക്കുന്നത് ഏറെ ഗുണം ചെയ്യും. ശരീരത്തിന്റെ ദഹനശക്തി പൊതുവെ കുറയുന്ന കാലമാണ് കർക്കടകം. ധാരാളം ഔഷധസസ്യങ്ങളടങ്ങിയ കർക്കടകക്കഞ്ഞി ദഹനം വർദ്ധിപ്പിക്കുന്നതിനും വാതം, പിത്തം, കഫം എന്നീ മൂന്നു ദോഷങ്ങളെ സന്തുലിതമാക്കുന്നതിനും സഹായിക്കുന്നു.

രണ്ടു തരം കർക്കടകക്കഞ്ഞികൾ:

1 ആവശ്യമായ സാധനങ്ങൾ:

1. കഷായ മരുന്ന് - 2 ടീസ്പൂൺ
2. പൊടിമരുന്ന് - 1 ടീസ്പൂൺ
3. നവരയരി (തവിട് കളയാത്തത്) - 100 ഗ്രാം
4. ഉലുവ - 1 ടീസ്പൂൺ (5 ഗ്രാം)
5. ആശാളി - 1 ടീസ്പൂൺ (5 ഗ്രാം)
6. തേങ്ങാപാൽ - 2 ചെറിയ കപ്പ്
7. നറുനെയ്യ് - 1 ടീസ്പൂൺ
8. ചുവന്നുള്ളി - രണ്ട് കക്ഷണം (അരിഞ്ഞത്)
9. വെള്ളം - 1.5 ലിറ്റർ

തയ്യാറാക്കേണ്ട വിധം:

മൺകലത്തിൽ വെള്ളമൊഴിച്ച് കഷായമരുന്നു ചേർത്ത് അഞ്ചു മിനിറ്റ് തിളപ്പിക്കുക. തിളപ്പിച്ച വെള്ളത്തിന്റെ തെളി ഊറ്റിയെടുത്ത് അതിൽ 100 ഗ്രാം (10 ടീസ്പൂൺ) നവരയരിയും ഒപ്പം ഉലുവയും ആശാളിയും ചേർത്ത് അടച്ചുവെച്ച് നന്നായി വേവിക്കുക. ശേഷം പൊടിമരുന്നും തേങ്ങാപ്പാലും ചേർത്ത് കഞ്ഞി നന്നായി വേവിച്ച് പാകമാവുമ്പോൾ ഇറക്കിവെച്ച് 10 മിനിറ്റ് തണുപ്പിക്കുക. നാലു പേർക്ക് കഴിക്കാനുള്ള ഔഷധക്കഞ്ഞി റെഡി.

(ശരീരത്തിൽ കൊളസ്ട്രോളിന്റെ അളവ് കൂടുതലുള്ളവർക്ക് നറുനെയ്യ് ഒഴിവാക്കി വെളിച്ചെണ്ണ ഉപയോഗിക്കാം. മഴക്കാലത്ത് ദിവസവും ഒരു നേരം കർക്കടകക്കഞ്ഞി കഴിക്കുന്നത് നല്ലതാണ്.)

2 ആവശ്യമായ സാധനങ്ങൾ:

1. നവരയരി - അര കപ്പ്
2. പച്ചമരുന്ന് ചൂർണം - 1.5 ടീസ്പൂൺ
3. ഉലുവ - അര ടീസ്പൂൺ
4. ആശാളി -അര ടീസ്പൂൺ
5. പൊടിമരുന്ന് - 1 ടീസ്പൂൺ
6. തേങ്ങാ - അര കപ്പ് (വെള്ളം ചേർത്ത് നന്നായി അരച്ചത്)
7. ഉപ്പ് - ആവശ്യത്തിന്
8. വെള്ളം - 1 ലിറ്റർ

തയ്യാറാക്കേണ്ട വിധം:

ഒരു ലിറ്റർ വെള്ളത്തിൽ പച്ചമരുന്ന് ചൂർണം നന്നായി തിളപ്പിച്ച് അരിച്ചെടുക്കുക. അരിച്ചെടുത്ത വെള്ളവും നവരയരിയും ഉലുവയും ആശാളിയും ചേർത്ത് പ്രഷർകുക്കറിലിട്ട് രണ്ടു വിസിൽ കേൾക്കുന്നതുവരെ വേവിക്കുക. കുക്കറിലെ എയർ പൂർണമായി പോകുന്നതിന് അൽപസമയം തീ അണച്ചുവെക്കുക. ശേഷം രണ്ട് തവണ കൂടി ഇത് ആവർത്തിക്കുക. തുടർന്ന് അരച്ച തേങ്ങയും പൊടിമരുന്നും അൽപം ഉപ്പും ചേർത്ത് നന്നായി ഇളക്കുക. (ചുവന്നുള്ളി നെയ്യിൽ മൂപ്പിച്ച് കഞ്ഞിയിൽ ചേർത്തും കഴിക്കാവുന്നതാണ്. ശർക്കര ചേർത്താൽ പ്രഭാത ഭക്ഷണമായും ഔഷധക്കഞ്ഞി ഉപയോഗിക്കാം. അത്താഴത്തിനു പകരം ഒന്നോ രണ്ടോ ആഴ്ച മരുന്നുകഞ്ഞി സേവിക്കുക. ഈ കാലയളവിൽ മത്സ്യ, മാംസാഹാരങ്ങൾ ഒഴിവാക്കുന്നതാണ് ഉത്തമം.)

ജാഗ്രത പുലർത്തണം. മുറ്റത്തും തൊടിയിലും അലസമായിക്കിടക്കുന്ന ടയർ, ചിരട്ട തുടങ്ങിയവയിൽ കൊതുകുകൾ വളരാൻ സാധ്യതയേറെയാണ്. അവ മഴ കൊള്ളാത്തിടത്തേക്ക് മാറ്റുകയോ നശിപ്പിക്കുകയോ വേണം. ടൈഫോയിഡ്, എലിപ്പനി, മലമ്പനി തുടങ്ങിയ മാരക രോഗങ്ങൾ പടരുന്ന കാലമാണ് മഴക്കാലം. പനി ബാധിച്ചാൽ നിസ്സാരമായി കാണാതെ ഉടൻ വൈദ്യസഹായം ഉറപ്പാക്കണം. മൺസൂൺ കാലത്ത് കുട്ടികളിൽ ആസ്മ വർധിക്കാനുള്ള സാധ്യതയുമുണ്ട്.

മഴക്കാലത്ത് ചർമ്മരോഗങ്ങൾ പിടിപെടാനുള്ള സാധ്യത കൂടുതലാണ്. തണുപ്പുള്ള കാലാവസ്ഥയാണിതിന് മുഖ്യകാരണം. ഇക്കാലത്ത് മേക്കപ്പുകൾ ഒഴിവാക്കുന്നതാണ് നല്ലത്. മഴക്കാലത്ത് ചർമ്മത്തിൽ ഈർപ്പത്തിന്റെ അളവ് കൂടുതലായിരിക്കും. മേക്കപ്പ് ഈർപ്പമുള്ള ചർമ്മത്തിൽ പറ്റിപ്പിടിച്ച് മുഖക്കുരു പോലുള്ള അസുഖം വരാനുള്ള സാധ്യത കൂടുതലാണ്.

വസ്ത്ര ധാരണം

മലക്കാലത്ത് വസ്ത്രങ്ങൾ ഉണങ്ങിക്കിട്ടാൻ ഏറെ പ്രയാസമാണ്. നനഞ്ഞ വസ്ത്രങ്ങളും ഇടുങ്ങിയ വസ്ത്രങ്ങളും പരമാവധി ഒഴിവാക്കി ഉണങ്ങിയതും വീതിയുള്ളതുമായ വസ്ത്രങ്ങൾ ധരിക്കുക. വേഗം ഉണങ്ങുന്നതും ഈർപ്പം വലിച്ചെടുക്കാത്തതും ഗ്രിപ്പുള്ളതുമായ ചെരുപ്പുകളാണ് മഴക്കാലത്ത് നല്ലത്. കർച്ചീഫ് ഇടയ്ക്കിടെ വെള്ളമുപയോഗിച്ച് വൃത്തിയാക്കണം. കൈകാലുകൾ ഇടയ്ക്കിടെ വൃത്തിയാക്കുകയും ആ ശീലം കുഞ്ഞുങ്ങൾക്ക് പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നത് ആരോഗ്യസംരക്ഷണത്തിന് നല്ലതാണ്. കുട്ടികൾക്ക് തണുപ്പേൽക്കാതിരിക്കാനും കൊതുകുകടിയിൽ നിന്ന് രക്ഷ നേടാനും കാൽമുട്ട് വരെ മൂടുന്ന വസ്ത്രങ്ങൾ ധരിപ്പിക്കണം.

ചർമ്മസംരക്ഷണം

മഴക്കാലത്ത് ചർമ്മരോഗങ്ങൾ പിടിപെടാനുള്ള സാധ്യത കൂടുതലാണ്. തണുപ്പുള്ള കാലാവസ്ഥ തന്നെയാണിതിന് മുഖ്യ കാരണം. അതുകൊണ്ട് ഇക്കാലത്ത് മേക്കപ്പുകൾ ഒഴിവാക്കുന്നതാണ് നല്ലത്. മഴക്കാലത്ത് ചർമ്മത്തിൽ ഈർപ്പത്തിന്റെ അളവ് കൂടുതലായിരിക്കും. മേക്കപ്പ് ഈർപ്പമുള്ള ചർമ്മത്തിൽ പറ്റിപ്പിടിച്ച് മുഖക്കുരു പോലുള്ള അസുഖം വരാനുള്ള സാധ്യത കൂടുതലാണ്. ഈർപ്പം വലിച്ചെടുക്കുന്ന ചെരുപ്പുകൾ ഉപയോഗിക്കുന്നതും കെട്ടിനിൽക്കുന്ന വെള്ളത്തിൽ കാലുകൾ നനയ്ക്കുന്നതും ദീർഘനേരം ഷൂ ധരിക്കുന്നതുമെല്ലാം ചർമ്മത്തിൽ അണുബാധയുണ്ടാവാൻ കാരണമാകും.

കാലവർഷവും അധ്യയനവും

കേരളത്തിൽ വിദ്യാലയങ്ങൾ തുറക്കുന്നതും കാലവർഷം ആരംഭിക്കുന്നതും ഒരുമിച്ചാണ്. മഴപെയ്ത് ജലാശയങ്ങളെല്ലാം നിറഞ്ഞുനിൽക്കുന്ന സമയമായതിനാൽ കുട്ടികളുടെ വിദ്യാലയങ്ങളിലേക്കുള്ള യാത്ര സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തണം. മഴക്കാലത്ത് സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ സ്കൂൾ അധികൃതരും ശ്രദ്ധിക്കണം.

അപകടങ്ങൾ: ജാഗ്രത വേണം

മഴക്കാലത്ത് അപകടങ്ങളുണ്ടാകാനുള്ള സാധ്യത ഏറെയാണ്. റോഡിലും വെള്ളക്കെട്ടുകളിലും അറ്റുവീണു കിടക്കുന്ന വൈദ്യുതി ലൈനിൽ നിന്ന് അബദ്ധത്തിൽ ഷോക്കേൽക്കാനും മരണംവരെ സംഭവിക്കാനുമിടയുണ്ട്. മഴക്കാലത്ത് റോഡപകടങ്ങളും വർധിക്കാറുണ്ട്. കാൽനടയായി സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് രക്ഷിതാക്കളും അധ്യാപകരും പ്രത്യേകം നിർദ്ദേശങ്ങൾ നൽകണം. ഇത്തരം അപകട സാഹചര്യങ്ങളിൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കണം.

ആത്മികം

മനാസിർ പട്‌ല

വേദനയെന്ന മഹാ അനുഗ്രഹം

മനുഷ്യന് ലഭിച്ച വലിയ അനുഗ്രഹങ്ങളിലൊന്നാണ് വേദന. എല്ലാ മനുഷ്യരും ശാരീരികമായോ മാനസികമായോ വേദനയനുഭവിക്കുന്നവരാണ്. വേദനയെ ഒരു ശിക്ഷയായി കാണുന്നവരാണ് പലരും. 'ദൈവത്തിന് എന്നോട് കൃപയില്ലാത്തതുകൊണ്ടല്ലേ ഇങ്ങനെ വേദനിപ്പിക്കുന്നത്' എന്ന് ചിന്തിക്കുന്നവരുമുണ്ട്. വേദനയെക്കുറിച്ച് കൃത്യമായ ധാരണയില്ലാത്തതു കൊണ്ടാണ് ഇത്തരം ചിന്തകളിലേക്ക് മനുഷ്യരെത്തുന്നത്. ഇംഗ്ലീഷിൽ ശിക്ഷ എന്നർത്ഥം വരുന്ന പെനാൽറ്റി (Penalty), പണിഷ്മെന്റ് (Punishment) എന്നീ പദങ്ങളിൽ നിന്നാണ് പെയിൻ (Pain) എന്ന പദത്തിന്റെ ഉത്ഭവം. ഓരോ മനുഷ്യനും വളരെയധികം ദുരിതങ്ങൾ അനുഭവിച്ചാണ് അല്ലാഹുവിലേക്കെത്തുന്നത്. ഇതിനെക്കുറിച്ചുള്ള വിശുദ്ധ ഖുർആനിലെ വചനങ്ങളെല്ലാം ദുനിയാവിൽ നാം സഹിക്കേണ്ട വേദനകളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

വേദനയില്ലെങ്കിൽ

ജീവിതത്തിൽ വേദനയില്ലാത്ത ഒരു ലോകത്തെ സങ്കൽപ്പിച്ചു നോക്കൂ: കൈകാലുകൾക്ക് മുറിവു പറ്റി രക്തം വാർന്നു പോകുന്നു; നാമറിയുന്നില്ല, നമ്മുടെ കുഞ്ഞിന് തീപൊള്ളലേൽക്കുന്നു; വേദനയറിയാത്തതുകൊണ്ട് കുഞ്ഞ് കരയുന്നില്ല, നാമറിയുന്നില്ല. എത്രമാത്രം ഭീകരമായിരിക്കും ഈ അവസ്ഥ.

ജീവിതകാലം മുഴുവൻ കുഷ്ഠരോഗത്തെക്കുറിച്ച് ഗവേഷണം നടത്താനും രോഗികളെ ചികിത്സിക്കാനും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച വ്യക്തിയാണ് ബ്രിട്ടീഷ് സർജനായ പോൾ ബ്രാന്റ്. പഠനാവശ്യാർത്ഥം ഇന്ത്യയിൽ താമസിച്ചിരുന്ന അദ്ദേഹം തന്റെ അനുഭവങ്ങൾ ചേർത്തുകൊണ്ട് അനേകം ഡോക്യുമെന്ററികളും പുസ്തകങ്ങളും തയ്യാറാക്കി.

അത്തരമൊരു പുസ്തകത്തിൽ അദ്ദേഹം ഒരു ബാലന്റെ ജീവിതത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. ഒരിക്കൽ ഒരു കുട്ടി പോൾ ബ്രാന്റിനോട് പരാതി പറഞ്ഞു: 'മിക്ക ദിവസങ്ങളിലും രാവിലെ എണീക്കുമ്പോൾ എന്റെ ശരീരത്തിൽ പലയിടത്തും തൊലി നഷ്ടപ്പെട്ടതായി കാണാറുണ്ട്. ഇപ്പോഴിതാ എന്റെ ഒരു വിരൽ തന്നെ നഷ്ടപ്പെട്ടിരിക്കുന്നു. ഇതിന്റെ കാരണമെന്താണെന്ന് മനസ്സിലാകുന്നില്ല.'

പോൾ ബ്രാൻഡ് കുട്ടിയെ നിരീക്ഷിക്കാൻ തുടങ്ങി. യാഥാർത്ഥ്യമറിഞ്ഞപ്പോൾ അവർ അത്ഭുതപ്പെട്ടുപോയി. രാത്രി ലൈറ്റ് ഓഫ് ചെയ്ത് ഉറങ്ങുമ്പോൾ ഒരു എലി വന്ന് കുട്ടിയെ കടിക്കുകയും തൊലി കരണ്ടുതിന്നുകയും ചെയ്യുന്നു. കുഷ്ഠരോഗം കാരണം വേദനയെന്താണെന്ന

റിയാത്ത ആ ബാലൻ ഇതറിയുന്നേയില്ല. ഇതേതുടർന്ന് ഡോ. പോൾ ബ്രാന്റ് പറയാറുണ്ടായിരുന്നു: 'കുഷ്ഠരോഗികൾക്ക് ഈ ലോകത്ത് എനിക്ക് നൽകാൻ പറ്റിയ വിലപിടിപ്പുള്ള സമ്മാനം 'വേദന'യാണ്.' തന്റെ പുസ്തകത്തിനും അദ്ദേഹം ഇതേ പേരാണ് നൽകിയത്: 'വേദനയെന്ന സമ്മാനം' (Gitf of Pain).

ദൈവം മാനവരാശിക്ക് നൽകിയ വലിയൊരു സമ്മാനമാണ് വേദന. നമ്മോട് സംവദിക്കാനുള്ള ശരീരത്തിന്റെ ഭാഷയാണ് വേദന. ശരീരത്തിന് കേടുപാടുകൾ സംഭവിക്കുമ്പോൾ അത് ഭേദപ്പെടുത്താനുള്ള സിഗ്നലാണ് വേദന. നാമതിനെ കേട്ടേ തീരൂ.

വേദന അനുഭവിക്കുന്നവർ മൂന്ന് കടമ്പകളിലൂടെ കടന്നുപോകുന്നു. ഒന്ന്, ഇൻഡിക്കേറ്റർ. വേദനയുണ്ടെന്നറിയിക്കുന്നു. രണ്ട്, മെസ്സേജ്. വേദനയുടെ കാരണം വിശകലനം ചെയ്യുന്നു. എവിടെയാണ് വേദനയെന്നും എന്താണ് കാരണമെന്നും പറഞ്ഞുതരുന്നു. മൂന്ന്, റെസ്പോൺസ്. പ്രതികരണം.

പൊതുവെ രണ്ടു രൂപത്തിലാണ് പ്രതികരണം കാണപ്പെടാറുള്ളത്: ഒന്ന്, നെഗറ്റീവ് പ്രതികരണം. വേദന വരുമ്പോൾ പലരെയും പലതിനെയും പഴിച്ച് പരാതി പറഞ്ഞ് ദേഷ്യപ്പെട്ട് അതിനെ സ്വീകരിച്ച് പൊറുതികേട് കാണിക്കുന്ന അവസ്ഥ. രണ്ട്, പോസിറ്റീവ് പ്രതികരണം. വേദനയിൽ ക്ഷമിച്ച് അതിനെ ഒരവസരമായിക്കണ്ട് മുന്നോട്ട് കുതിക്കുക. ഇതിൽ രണ്ടാമത്തെ പ്രതികരണമാണ് വിശ്വാസികൾ തിരഞ്ഞെടുക്കേണ്ടത്.

അമൂല്യ സമ്മാനം

വേദന വലിയൊരു സമ്മാനമാണ്. ആരോഗ്യവും പണവുമുണ്ടാകുമ്പോൾ അല്ലാഹുവിനെ മറന്ന് സുഖസൗകര്യങ്ങളിൽ മതിമറന്ന് ജീവിക്കുന്ന വിശ്വാസിയെ വേദന ഇത്രയുംകാലം അനുഭവിച്ച അനുഗ്രഹങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നു. ഇത് അല്ലാഹുവിലേക്ക് പശ്ചാതപിച്ച മടങ്ങാനുള്ള വഴിയായിത്തീരുമ്പോഴാണ് വേദന ഒരു അമൂല്യ സമ്മാനമാകുന്നത്.

വേദന വലിയൊരു സമ്മാനമാണ്. ആരോഗ്യവും പണവുമുണ്ടാകുമ്പോൾ അല്ലാഹുവിനെ മറന്ന് സുഖസൗകര്യങ്ങളിൽ മതിമറന്ന് ജീവിക്കുന്ന വിശ്വാസിയെ വേദന ഇത്രയും കാലം അനുഭവിച്ച അനുഗ്രഹങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നു. ഇത് അല്ലാഹുവിലേക്ക് പശ്ചാതപിച്ച മടങ്ങാനുള്ള വഴിയായിത്തീരുമ്പോഴാണ് വേദന ഒരു അമൂല്യ സമ്മാനമാകുന്നത്.

സമരസപ്പെടാനാവാത്ത ഒരനുഭവമാണ് വേദന. റെയിൽവേ പരിസരത്ത് താമസിക്കുന്ന ഒരാൾക്ക് ആദ്യമാദ്യം ട്രെയിനുകളുടെ ശബ്ദം അലോസരമുണ്ടാക്കും. എന്നാൽ ആഴ്ചകൾ കഴിയുമ്പോൾ അതിനോടദ്ദേഹം സമരസപ്പെടും. ദുർഗന്ധവും ഇങ്ങനെത്തന്നെ. തുടക്കത്തിൽ അലോസരം തോന്നുമെങ്കിലും ക്രമേണ നാമതിനോട് ഇണങ്ങിച്ചേരും. ഇത് അഡാപ്ഷൻ എന്നറിയപ്പെടുന്നു. എന്നാൽ, വേദനയനുഭവിക്കുന്നവരുടെ ഇന്ദ്രിയബോധം അതിനോട് സമരസപ്പെടുകയില്ല. വേദനസംഹാരികൾ നൽകി ശമിപ്പിക്കുമ്പോഴും വേദന ശരീരത്തിലുണ്ടാകും. നമുക്കത് അനുഭവപ്പെടാതിരിക്കുകയാണ് ചെയ്യുന്നത്.

സിഡ്നിയിൽ താമസിച്ചിരുന്ന അതിസമ്പന്നനായിരുന്നു അലീബനാത്ത്. യുവാവായിരിക്കെ അദ്ദേഹത്തിന് അർബുദം ബാധിച്ചു. 'ഉടൻ മരിക്കുമെന്ന് ഡോക്ടർമാർ വിധിയെഴുതിയപ്പോഴാണ് ഞാൻ ഉണർന്നത്. അതിനു മുമ്പ് സ്രഷ്ടാവായ റബ്ബ് എന്നെ നിരന്തരം ഓർമിപ്പിച്ചിരുന്നെങ്കിലും ഞാനന്നൊന്നും ഉണർന്നിരുന്നില്ല' എന്നാണ് ഇതിനെക്കുറിച്ച് പിന്നീടദ്ദേഹം പറഞ്ഞത്. വേദന അല്ലാഹുവിൽ നിന്നുള്ള ഒരു ഉണർത്തലാണെന്ന് ചുരുക്കം.

പരിശുദ്ധ ഖുർആനിൽ കാണാം: 'അവരെ വിനയമുള്ളവരാക്കി മാറ്റാൻ വേണ്ടി, അവർക്ക് നാം കഷ്ടപ്പാടുകളും ദുരിതങ്ങളും അതിന്റെ വേദനകളും നൽകി.' (സൂറത്തുൽഅൻആം 42)

ശിക്ഷയല്ല, രക്ഷയാണ്

വേദനകളെല്ലാം ശിക്ഷയാകണമെന്നില്ല. ചിലപ്പോഴവ രക്ഷയുടെ വാതിലുകളായിരിക്കാം. അല്ലെങ്കിൽ സന്തോഷത്തിലേക്കുള്ള പാലമായിരിക്കാം. ഉദാഹരണത്തിന്, ഒരാൾ കഷ്ടപ്പെട്ട് ബിസിനസ് തുടങ്ങി രണ്ടുമൂന്നു പ്രാവശ്യം പരാജയപ്പെടുന്നു എന്നിരിക്കട്ടെ. ഈ സമയത്തുണ്ടാകുന്ന അദ്ദേഹത്തിന്റെ മനോവേദന മറ്റൊരു സംരംഭം തുടങ്ങാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും മത്സരബോധം ഉണർത്തുകയും ചെയ്തേക്കും. മറ്റൊരു മേഖലയിൽ പുരോഗതി കൈവരിക്കുമ്പോൾ ഒരു യാഥാർത്ഥ്യം അയാൾ മനസ്സിലാക്കും; തന്റെ തലവര മാറ്റിയത് ആ ബിസ്സിനസിലെ പരാജയവും അതുണ്ടാക്കിയ വേദനയുമാണെന്ന്. ഇവിടെ വേദനക്ക് ഒരു രക്ഷകന്റെ വേഷമാണുള്ളത്.

അബൂയഹ്‌യ(റ) നിവേദനം. നബി(സ) പറഞ്ഞു: 'വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! എല്ലാ കാര്യങ്ങളും വിശ്വാസിക്ക് ഗുണകരമായി ഭവിക്കുന്നു. സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കും അത് ലഭ്യമല്ല. സന്തോഷകരമായ കാര്യമാണ് സംഭവിക്കുന്നതെങ്കിൽ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുന്നു. അവനത് നേട്ടമായി ഭവിക്കുന്നു. പ്രയാസം വരുമ്പോൾ ക്ഷമിക്കുന്നു. അങ്ങനെ, അതും നേട്ടമായിത്തീരുന്നു.' (മുസ്‌ലിം) മുസ്‌ലിമിനെ ബാധിക്കുന്ന വേദനകളെല്ലാം; അതായത്, മുള്ള് തറക്കുന്ന വേദന പോലും ക്ഷമിക്കുകയാണെങ്കിൽ അതവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതിന് കാരണമായിത്തീരുമെന്നാണ് ഈ തിരുമൊഴിയുടെ സാരം.

വേദനിപ്പിക്കുന്നതെന്തിന്?

കാരുണ്യവാനായ റബ്ബ് എന്തിനാണ് നമ്മെ വേദനിപ്പിക്കുന്നത്? പലപ്പോഴും നമുക്കിങ്ങനെ തോന്നിയിട്ടുണ്ടാകും. ദാമ്പത്യജീവിതം പ്രമേയമാക്കി ഗാരി ചാപ്മാൻ രചിച്ച 'ഫൈവ് ലാംഗ്വേജ്സ് ഓഫ് ലൗ' എന്ന പുസ്തകത്തിൽ പറയുന്നതു നോക്കൂ: പല ദമ്പതികളും സ്നേഹം പ്രകടിപ്പിക്കുന്നു. എന്നാൽ പങ്കാളിക്ക് അതിന്റെ ഭാഷ മനസ്സിലാകാതെ പോകുന്നു. പല ബന്ധങ്ങളും തകരാനിത് കാരണമാകുന്നു. ഒരു ഭർത്താവ് തന്റെ ഭാര്യയോടുള്ള ഇഷ്ടം പ്രകടിപ്പിക്കാനും അവളെ പുകഴ്ത്താനും അവൾക്കറിയാത്ത ചൈനീസ് ഭാഷ ഉപയോഗിക്കുന്നുവെന്നിരിക്കട്ടെ, അതൊരു ഫലവും ചെയ്യില്ല. മിസ്കമ്മ്യൂണിക്കേഷന്റെ പ്രശ്നമാണിവിടെ സംഭവിക്കുന്നത്. 'ഞാൻ കാരണം മറ്റൊരാൾ വേദനിക്കാതിരിക്കുക' എന്നതാണ് നമ്മുടെയെല്ലാം സ്നേഹത്തിന്റെ വ്യാഖ്യാനം.

വേദനയും പ്രയാസവും അനുഭവിക്കാതെയുള്ള ജീവിതം എത്ര മാത്രം വിരസമായിരിക്കുമെന്ന് ആലോചിച്ചുനോക്കൂ. രോഗമുണ്ടാവുമ്പോഴാണ് ആരോഗ്യത്തെ നാം മനസ്സിലാക്കുക. നമ്മെ വളർ

അബൂയഹ്‌യ(റ) നിവേദനം. നബി(സ) പറഞ്ഞു: 'വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! എല്ലാ കാര്യങ്ങളും വിശ്വാസിക്ക് ഗുണകരമായി ഭവിക്കുന്നു. സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കും അത് ലഭ്യമല്ല. സന്തോഷകരമായ കാര്യമാണ് സംഭവിക്കുന്നതെങ്കിൽ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുന്നു. അവനത് നേട്ടമായി ഭവിക്കുന്നു. പ്രയാസം വരുമ്പോൾ ക്ഷമിക്കുന്നു. അങ്ങനെ, അതും നേട്ടമായിത്തീരുന്നു.' (മുസ്‌ലിം)

ത്തുന്നതിൽ വേദനക്ക് പങ്കുണ്ട്. ഒരു പൂമ്പാറ്റ കൊക്കൂണിൽ നിന്നു പുറത്തുവരാൻ മണിക്കൂറുകളോളം ശ്രമം നടത്തുന്നു. എന്നാൽ, ഇതു കണ്ട ഒരാൾ ദയ തോന്നി ആ പൂമ്പാറ്റയെ സഹായിക്കാൻ ശ്രമിച്ചുവെന്നു കരുതുക. അദ്ദേഹം തന്റെ കയ്യിലുള്ള ബ്ലേഡെടുത്ത് കൊക്കൂണിനെ മുറിച്ച് പൂമ്പാറ്റയെ പുറത്തെത്തിച്ചു. പക്ഷേ, പുറത്തെത്തിയ പൂമ്പാറ്റ ഒന്ന് പറക്കാൻപോലുമാവാതെ താഴെ വീണുപോകുന്നു. കാരണം കൊക്കൂണിൽ നിന്നു പുറത്തു കടക്കാൻ മണിക്കൂറുകളോളം ശ്രമിക്കുമ്പോൾ മാത്രമാണതിന് പറക്കാനുള്ള പ്രാപ്തി ലഭിക്കുന്നത്. ആ പ്രാപ്തിയാണിവിടെ നഷ്ടപ്പെട്ടത്. ഈ മനുഷ്യൻ പൂമ്പാറ്റയോട് ചെയ്തത് അയാളുടെ ഭാഷയിൽ നന്മയാണ്. അതേ സമയം, പൂമ്പാറ്റയുടെ ഭാഷയിൽ അത് ക്രൂരതയാണ്. സമാനമാണ് നമ്മുടെ ജീവിതവും. ചിലപ്പോൾ മുന്നോട്ടുള്ള യാത്ര എളുപ്പമാകാൻ കഠിന പ്രതിസന്ധികളെ തരണം ചെയ്യേണ്ടിവരും. അതിനെ ശിക്ഷയെന്നോ, റബ്ബിന്റെ ഇഷ്ടക്കേടെന്നോ വ്യാഖ്യാനിക്കുന്നത് ശരിയല്ല.

വേദനയുടെ നേട്ടം

വേദനയനുഭവിക്കുന്നതിൽ ആത്മീയമായ മറ്റൊരു നേട്ടം കൂടിയുണ്ടാകാം. ഒരു സൽകർമ്മം നിമിത്തം ഒരാളെ അല്ലാഹു വളരെയധികം ഇഷ്ടപ്പെട്ടുവെന്നിരിക്കട്ടെ, അദ്ദേഹത്തിന് ഉന്നതപദവി നൽകാൻ അയാളുടെ കർമ്മങ്ങൾ പര്യാപ്തമല്ല താനും. അപ്പോൾ അയാൾക്കൊരു ഉന്നതപദവി നൽകാനുള്ള കുറുക്കുവഴിയായും അല്ലാഹു വേദന നൽകിയേക്കാം. ആ വേദനയിൽ ക്ഷമിക്കുമ്പോൾ അദ്ദേഹത്തിന്റെ പദവികൾ ഉയരുന്നു. ദുനിയാവിൽ നാമനുഭവിക്കുന്ന വേദനകൾക്ക് പരലോകത്ത് റബ്ബിന്റെ കോടതിയിൽ തക്കതായ പ്രതിഫലമുണ്ടാകുമെന്നർത്ഥം. എല്ലാ വേദനകളും അല്ലാഹുവിൽ നിന്ന് നമുക്കുള്ള ശിക്ഷയോ അവഗണയോ അല്ല. പകരം, റബ്ബ് നമ്മെ ഇഷ്ടപ്പെടുന്നുവെന്നതിന്റെ അടയാളമാണതെന്ന തിരിച്ചറിവാണ് നമുക്കുണ്ടാവേണ്ടത്. ദുനിയാവിൽ വേദന സഹിച്ചവർക്ക് ഖിയാമത്ത് നാളിലുള്ള പ്രതിഫലം മറ്റൊരു വ്യക്തി കാണുമ്പോൾ, ദുനിയാവിലുള്ള തന്റെ ജീവിതം മുഴുവനും വേദന മാത്രമായിരുന്നെങ്കിലെന്ന് അയാൾ ആഗ്രഹിക്കുമെന്ന് തിരുദൂതർ(സ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. വിശ്വാസിയെ സംബന്ധിച്ചിടത്തോളം വേദന ഒരവസരമാണ്.

പ്രസിദ്ധമായ ഒരു ഉദ്ധരണിയുണ്ട്: 'ജീവിതം നിങ്ങൾക്ക് പുളിയുള്ള ചെറുനാരങ്ങ തരുമ്പോൾ അതുപയോഗിച്ച് നിങ്ങൾ നാരങ്ങ വെള്ളം കലക്കുക.' ക്ഷമ എന്ന പഞ്ചസാര ചേർത്ത് വേദനകൾ ആസ്വദിക്കണമെന്നു സാരം. കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും വിശ്വാസി വേദനകളെ വിളിച്ചുവരുത്തരുതെന്നും ആഗ്രഹിക്കരുതെന്നും തിരുദൂതർ(സ) പഠിപ്പിച്ചിട്ടുണ്ട്.

ആത്മികം

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

മുഹർറം പ്രതീക്ഷകളുടെ പുതുവർഷം

ഹിജ്റ വർഷത്തിലെ ആദ്യമാസമാണ് മുഹർറം. ഇസ്ലാമിൽ വളരെയേറെ മഹത്വങ്ങളും ചരിത്രപരമായ പ്രത്യേകതകളുമുള്ള മാസമാണിത്. യുദ്ധം നിഷിദ്ധമാക്കിയ നാലു മാസങ്ങളിലൊന്നാണ് മുഹററം. റജബ്, ദുൽഖഅ്ദ, ദുൽഹിജ്ജ എന്നിവയാണ് യുദ്ധം നിഷിദ്ധമായ മറ്റു മാസങ്ങൾ.

പുതുവർഷം, പുതിയ തുടക്കം

നിർണായകമായ തീരുമാനങ്ങളെടുക്കാൻ വർഷാരംഭങ്ങൾ ഉത്തമമാണ്. കഴിഞ്ഞ വർഷം നടപ്പാക്കാൻ കരുതിയ തീരുമാനങ്ങളെക്കുറിച്ചുള്ള അവലോകനമാണ് ആദ്യം വേണ്ടത്. എന്തെല്ലാം കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞു, കഴിഞ്ഞില്ല എന്നിങ്ങനെയുള്ള ആത്മപരിശോധന അനിവാര്യമാണ്. വരാനിരിക്കുന്ന വർഷത്തിൽ മുൻവർഷത്തെ വീഴ്ചകൾ തിരുത്തി മുന്നേറാൻ കഴിയുമെന്ന ദൃഢനിശ്ചയമാണ് മനസ്സിലുണ്ടാവേണ്ടത്.

1. ധനസമാഹരണം തുടങ്ങിവെക്കാം: ഓരോ ദിവസത്തെയും സമ്പാദ്യത്തിൽ നിന്ന് ചെറിയൊരു സംഖ്യ മാറ്റിവെച്ചാൽ വർഷാവസാനം അത് വലിയൊരു തുകയായിരിക്കും. അത് ഉപകാരപ്രദമായ പുസ്തകങ്ങൾ വാങ്ങാനോ യാത്ര പോകാനോ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കോ വിനിയോഗിക്കാം.

2. അറിവുകൾ ശേഖരിക്കാം: ഓരോ ദിവസവും നമുക്ക് ലഭിക്കുന്ന മികച്ച അറിവുകൾ, സന്ദേശങ്ങൾ, മഹദ്വചനങ്ങൾ തുടങ്ങിയവ ഒരു ഡയറിയിലോ നോട്ടുപുസ്തകത്തിലോ രേഖപ്പെ

ടുത്തി വെക്കാം. സുഹൃത്തുക്കൾക്കോ സോഷ്യൽമീഡിയ പേജുകളിലോ അത് പങ്കുവയ്ക്കുകയും ചെയ്യാം.

3. വായിക്കാനൊരുങ്ങാം: വിജ്ഞാനത്തിന്റെ കലവറയാണ് പുസ്തകങ്ങൾ. ഉപകാരപ്രദമായ നിരവധി പുസ്തകങ്ങൾ ഇന്ന് ഡിജിറ്റലായും അല്ലാതെയും വായിക്കാൻ ലഭിക്കും. അവ സ്വന്തമായി വാങ്ങിയോ ലൈബ്രറികളിൽ നിന്നെടുത്തോ വായിക്കാം. ആഴ്ചയിൽ ഒരു പുസ്തകമെന്ന തോതിൽ വായിച്ചാൽ ഒരു വർഷം ഏകദേശം 50 പുസ്തകങ്ങൾ നമുക്ക് വായിക്കാനാവും. ഇതര ഭാഷാ ഗ്രന്ഥങ്ങളും വായനയിൽ ഉൾപ്പെടുത്താം. നമ്മുടെ അറിവും പദസമ്പത്തും ഭാഷാപുരോഗതിയും മാനസികാരോഗ്യവും മെച്ചപ്പെടുത്താൻ വായന സഹായിക്കും.

കുട്ടികളുടെ അമിതമായ സ്ക്രീൻ ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് രക്ഷിതാക്കൾ ഉൽബുദ്ധരാവണം. അവരെ അത് ബോധ്യപ്പെടുത്തുകയും ഔട്ട്ഡോർ ഗെയിമുകൾ പ്രോത്സാഹിപ്പിക്കുകയും വേണം. ഓരോ ദിവസവും പരമാവധി സ്ക്രീൻ ടൈം നിശ്ചയിക്കുകയും ക്രമേണ കുറച്ചുകൊണ്ടുവരുകയും വേണം. കൃഷി, ഗാർഡൻ മേക്കിംഗ് തുടങ്ങിയ കാര്യങ്ങളിൽ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതും സ്ക്രീൻ ടൈം കുറയ്ക്കാൻ സഹായിക്കും



4. ഖുർആൻ പാരായണം ശീലിക്കാം: വിശ്വാസിയുടെ ദിനചര്യയിലെ അവിഭാജ്യ ഘടകമാണ് ഖുർആൻപാരായണം. ദിനേനെ നിശ്ചിതഎണ്ണം പേജുകൾ ഓതണമെന്ന നിർബന്ധബുദ്ധിയുണ്ടാവണം. സൂറത്തുകളുടെ ആശയം, അവതരണ പശ്ചാത്തലം എന്നിവയും ഔദ്യോഗിക അവലംബങ്ങളിൽ നിന്ന് പഠിക്കാൻ ശ്രമിക്കാം.

5. സ്ക്രീൻ ടൈം കുറയ്ക്കാം: പുതിയ കാലത്ത് കുട്ടികളും മുതിർന്നവരും നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് സ്ക്രീൻ അഡിക്ഷൻ. കുട്ടികളുടെ അമിതമായ സ്ക്രീൻ ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് രക്ഷിതാക്കൾ ഉൽബുദ്ധരാവണം. അവരെ അത് ബോധ്യപ്പെടുത്തുകയും ഔട്ട്ഡോർ ഗെയിമുകൾ പ്രോത്സാഹിപ്പിക്കുകയും വേണം. ഓരോ ദിവസവും പരമാവധി സ്ക്രീൻ ടൈം നിശ്ചയിക്കുകയും ക്രമേണ കുറച്ചുകൊണ്ടുവരുകയും വേണം. കൃഷി, ഗാർഡൻ മേക്കിംഗ് തുടങ്ങിയ കാര്യങ്ങളിൽ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതും സ്ക്രീൻ ടൈം കുറയ്ക്കാൻ സഹായിക്കും.

മുഹർറം പ്രത്യേകതകൾ

1. തിരുനബി(സ) 'ശഹ്റുല്ലാഹ്' എന്ന് അല്ലാഹുവിന്റെ നാമത്തിലേക്ക് ചേർത്തിപ്പറഞ്ഞ മാസം. അല്ലാഹുവിന്റെ നാമത്തിലേക്ക് ചേർത്തിപ്പറഞ്ഞതിനെല്ലാം പവിത്രതയുണ്ടല്ലോ. മുഹമ്മദ് നബി(സ), ഇബ്റാഹീം നബി(അ), ഇസ്ഹാഖ് നബി(അ), യഅ്ഖൂബ് നബി(അ) എന്നീ പ്രവാചകന്മാരെ 'അബ്ദുല്ലാഹ്' എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹുവിലേക്ക് ചേർത്തിപ്പറഞ്ഞിട്ടുണ്ട്. വിശുദ്ധ കഅ്ബയെ 'ബൈത്തുല്ലാഹ്' എന്നും സ്വാലിഹ് നബി(അ)ന്റെ ഒട്ടകത്തെ 'നാഖതുല്ലാഹ്' എന്നും അല്ലാഹുവിലേക്ക് ചേർത്തിപ്പറഞ്ഞതു കാ

റമളാൻ കഴിഞ്ഞാൽ ഏറ്റവും മഹത്വമുള്ള നോമ്പാണ് മുഹർറം മാസത്തിലേത്. അബൂ ഹുറയ്റ(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'റമളാൻ മാസത്തിനുശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് നിങ്ങൾ മുഹറം എന്നു വിളിക്കുന്ന അല്ലാഹുവിന്റെ മാസത്തിലുള്ള നോമ്പാണ്. ഫർള് നിസ്കാരത്തിനു ശേഷം ഏറ്റവും ശ്രേഷ്ഠമായ നിസ്കാരം ഖിയാമുല്ലൈലാണ്.' (മുസ്ലിം 1163)

ണാം. (ലത്വാഇഫുൽ മആരിഫ് - ഇബ്നു റജബ്)

2. റമളാൻ കഴിഞ്ഞാൽ ഏറ്റവും മഹത്വമുള്ള നോമ്പാണ് മുഹർറം മാസത്തിലേത്. അബൂ ഹുറയ്റ(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'റമളാൻ മാസത്തിനുശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് നിങ്ങൾ മുഹറം എന്നു വിളിക്കുന്ന അല്ലാഹുവിന്റെ മാസത്തിലുള്ള നോമ്പാണ്. ഫർള് നിസ്കാരത്തിനു ശേഷം ഏറ്റവും ശ്രേഷ്ഠമായ നിസ്കാരം ഖിയാമുല്ലൈലാണ്.' (മുസ്ലിം 1163)

3. അല്ലാഹു മൂസാനബി(അ)നെയും അനുയായികളെയും ഫിർഔനിൽ നിന്ന് രക്ഷിച്ച ആശൂറാഅ് ദിനം മുഹർറം പത്തിനാണ്. ആശൂറാഅ്ദിനത്തിലും താസൂആഅ് (മുഹർറം 9) ദിനത്തിലും നോമ്പ്നുഷ്ഠിക്കൽ സുന്നത്തുണ്ട്. ഇബ്നുഅബ്ബാസ്(റ) നിവേദനം: തിരുനബി(സ) മദീനയിലെത്തിയപ്പോൾ യഹൂദികൾ ആശൂറാഅ് ദിനത്തിൽ നോമ്പ് അനുഷ്ഠിക്കുന്നതായി അറിയാനിടയായി. അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു: 'ഇതൊരു നല്ല ദിവസമാണ്. അല്ലാഹു ബനൂഇസ്റാഈലിനെ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുത്തിയ ദിനമാണിത്. മൂസാനബി(അ) ഈ ദിനത്തിൽ നോമ്പനുഷ്ഠിച്ചിരുന്നു.' അപ്പോൾ തിരുനബി(സ) പറഞ്ഞു: 'മൂസാനബിയോട് നിങ്ങളെക്കാൾ കടപ്പാടുണ്ട് എനിക്ക്.' അങ്ങനെ തിരുനബി(സ) ആശൂറാഅ് ദിനത്തിൽ നോമ്പനുഷ്ഠിക്കുകയും വിശ്വാസികളോട് നോമ്പനുഷ്ഠിക്കാൻ കൽപ്പിക്കുകയും ചെയ്തു. (ബുഖാരി 4680) 'അടുത്തവർഷം ഞാനുണ്ടാവുകയാണെങ്കിൽ ഒമ്പതിനും നോമ്പനുഷ്ഠിക്കുമായിരുന്നു' എന്ന് തിരുനബി(സ) പറഞ്ഞതായി മറ്റൊരു നിവേദനത്തിൽ കാണാം. (ഇബ്നുമാജ 1736) ഇതാണ് താസൂആഅ് ദിനത്തിൽ നോമ്പ് അനുഷ്ഠിക്കുന്നതിനുള്ള അടിസ്ഥാനം.

മുഹർറം ഒമ്പതിനോ പതിനൊന്നിനോ നോമ്പനുഷ്ഠിക്കാതെ പത്തിന് (ആശൂറാഅ് ദിനത്തിൽ) മാത്രം നോമ്പനുഷ്ഠിക്കുന്നത് കറാഹത്താണെന്ന് ഇമാമുകളിൽ ചിലർ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മുഹറം ഒമ്പതിനോ പതിനൊന്നിനോ നോമ്പനുഷ്ഠിക്കാതെ ആശൂറാഅ് ദിനത്തിൽ മാത്രം നോമ്പനുഷ്ഠിക്കുന്നത് അനുവദനീയമാണെന്നാണ് പ്രബലം.

ഇമാം ഇബ്നുഹജർ(റ) വിശദീകരിക്കുന്നു: ആശൂറാഅ് ദിനത്തിലെ നോമ്പിന് മൂന്ന് പദവികളുണ്ട്. ആശൂറാഅ് ദിനത്തിൽ മാത്രം നോമ്പനുഷ്ഠിക്കുന്നതാണ് താഴ്ന്ന പദവി. ആശൂറാഅ് ദിനത്തോടൊപ്പം താസൂആഅ് ദിനത്തിലും നോമ്പനുഷ്ഠിക്കലാണ് അതിനേക്കാൾ ഉയർന്ന പദവി. ആശൂറാഅ് ദിനത്തോടൊപ്പം മുഹർറം ഒമ്പതിനും പതിനൊന്നിനും നോമ്പനുഷ്ഠിക്കലാണ് ഉത്തമ പദവി. (ഫത്ഹുൽ ബാരി 4/246)

5. ആശൂറാഅ് ദിനത്തിൽ കുടുംബത്തിന് ഭക്ഷണത്തിലും മറ്റും വിശാലത ചെയ്യൽ സുന്നത്താണ്. അബൂസഈദിൽ ഖുദ്രി നിവേദനം. തിരുനബി(സ) പറഞ്ഞു: 'ആശൂറാഅ് ദിനത്തിൽ കുടുംബത്തിൽ വിശാലത കാണിക്കുന്നവർക്ക് വർഷം മുഴുവൻ അല്ലാഹു വിശാലത നൽകും.' (ത്വബ്റാനി, ബൈഹഖി) ശൈഖ് അബ്ദുൽഹമീദ് ശർവാനി രേഖപ്പെടുത്തുന്നു: മുഹറം പത്തിന് (ആശൂറാഅ് ദിനത്തിൽ കുടുംബത്തിന് വിശാലത ചെയ്യൽ സുന്നത്താണ്. ഹദീസിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഇബ്നു ഉയയ്ന(റ) അടക്കമുള്ള ഹദീസ് നിവേദകരിൽ പലരും ആശൂറാഅ് ദിനത്തിൽ വിശാലത കാണിച്ചതു കാരണം വർഷത്തിലുടനീളം വിശാലത ലഭിച്ചതായി അനുഭവസാക്ഷ്യം പറഞ്ഞിട്ടുണ്ട്. (ശർവാനി 3/455)

6. കർബലയിൽ തിരുനബി(സ)യുടെ പൗത്രനും അലി(റ)വിന്റെ മകനുമായ ഹുസൈൻ(റ) വധിക്കപ്പെട്ടത് ഹിജ്റ 61 ലെ ആശൂറാഅ് ദിനത്തിലാണ്. അനുഗ്രഹങ്ങളിൽ സന്തോഷിക്കാനും വിപത്തുകളിൽ ക്ഷമ കൈക്കൊള്ളാനുമാണല്ലോ ഇസ്ലാം ആഹ്വാനം ചെയ്യുന്നത്. കർബലയിൽ ഹുസൈൻ(റ) വധിക്കപ്പെട്ടതിന്റെ ദുഃഖാചരണമെന്നോണം ശീഇകളിൽ ചിലർ ശരീരത്തിൽ മുറിവുകളുണ്ടാക്കിയും മറ്റും ചില വിചിത്രമായ ആചാരങ്ങളും അന്ധവിശ്വാസങ്ങളും ഈ ദിനത്തിൽ പ്രകടിപ്പിക്കാറുണ്ട്. ഇസ്ലാം ഒരിക്കലും ഇത്തരം ദുഃഖാചരണങ്ങളെയോ അടിസ്ഥാനവിരുദ്ധമായ ആചാരങ്ങളെയോ അനുവദിക്കുന്നില്ല. ഇങ്ങനെയുള്ള അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും പണ്ഡിതന്മാർ നഖശിഖാന്തം എതിർക്കുകയാണ് ചെയ്തത്.

(ഇആനത്ത് 2/266, ശർവാനി 3/455, തർശീഹ് 170)

ആത്മയാനം 7

അലി സഖാഫി പുൽപ്പറ്റ

സൂഫി, ഫഖീർ, സാഹിദ് പൊരുളും പ്രയോഗവും

പലരും സൂഫിയുടെ പര്യായങ്ങളായി പ്രയോഗിക്കാറുള്ള രണ്ടു പദങ്ങളാണ് ഫഖീർ(ദരിദ്രൻ), സാഹിദ്(സർവ്വസംഗപരിത്യാഗി) എന്നിവ. സൂക്ഷ്മാർത്ഥത്തിൽ ഇവക്ക് 'സൂഫി'യിൽ നിന്ന് വലിയ അന്തരമുണ്ട്. തസ്വവ്വുഫ്, ഫഖ്ർ, സുഹ്ദ് എന്നിവ താത്വികമായി അപഗ്രഥിച്ചാൽ ഇതു മനസ്സിലാകും.

തസ്വവ്വുഫിലേക്കുള്ള പ്രധാന പാതയാണ് ഫഖ്ർ(ദാരിദ്ര്യം). ''സകല വസ്തുക്കൾക്കും ഓരോ താക്കോലുണ്ട്. ക്ഷമാപൂർവ്വം ജീവിക്കുന്ന നിർധനരോടുള്ള സ്നേഹമാണ് സ്വർഗ്ഗത്തിന്റെ താക്കോൽ. ഉയിർപ്പുനാളിൽ അവരാണ് അല്ലാഹുവിന്റെ സമീപസ്ഥർ''(ദൈലമി, മുസ്നദുൽ ഫിർദൗസ്) എന്ന തിരുമൊഴി ഇത് പ്രഘോഷിക്കുന്നു. ദാരിദ്ര്യം സൂഫിസമല്ലെങ്കിലും അതിന് മുഖ്യസ്ഥാനമുണ്ടെന്നർത്ഥം.

സമ്പൂർണ്ണമായി അല്ലാഹുവിനെ ആശ്രയിച്ച് ദാരിദ്ര്യത്തിൽ പിടിച്ചുനിൽക്കുക, സ്വന്തമായുള്ളത് ദാനം നൽകി അപരന് മുൻഗണന നൽകുക, ഭൗതിക സൗകര്യങ്ങളിലേക്കുള്ള നോട്ടവും സ്വാഭീഷ്ടങ്ങളും വെടിയുക എന്നീ മൂന്നു കാര്യങ്ങളിലാണ് തസ്വവ്വുഫിന്റെ നിർമ്മിതിയെന്ന് ഇമാം റുവൈം(റ) പറയുന്നു. ഐഹികബന്ധങ്ങളെല്ലാം വിച്ഛേദിച്ച് അല്ലാഹുവുമായി മാത്രം ബന്ധം സ്ഥാപിക്കുക എന്നാണ് ജുനൈദുൽ ബഗ്ദാദി(റ) സൂഫിസത്തിനു നൽകിയ നിർവചനം.

പരംപൊരുളായ അല്ലാഹുവല്ലാത്ത മറ്റൊന്നിലും സംതൃപ്തി വരാതിരിക്കലാണ് ഇമാം ശിബ്‌ലി(റ)യുടെ ഭാഷയിൽ ഫഖ്റ്. സത്യസന്ധനായ 'ഫഖീർ' താൻ ധനികനോട് സഹവസിച്ചാൽ ധനമോഹമുദിച്ച് തന്റെ ദാരിദ്ര്യാവസ്ഥയ്ക്കു ഭംഗം വരുമെന്നു ഭയന്ന് അവരോട് അകലം പാലിക്കും.

ശരിയായ ഫഖീർ അല്ലാഹുവിനോട് ഒരാവശ്യവും ചോദിക്കുകയില്ലെന്ന് മുളഫർ ഖർമീസീനി(റ) പറയുന്നു. അവൻ തന്റെ റബ്ബിൽ സമ്പൂർണ്ണമായി വിശ്വാസമർപ്പിച്ച് ആരാധനകളിൽ വ്യാപൃതനാവുകയാണു ചെയ്യുക. സർവ്വജ്ഞനായ അല്ലാഹുവിന് തന്റെ സ്ഥിതി വ്യക്തമായി അറിയാവുന്നതുകൊണ്ട് ആവശ്യങ്ങൾ ഉന്നയിക്കേണ്ടതില്ലെന്നും ഫഖീർ കരുതുന്നു.

സർവ്വകാര്യങ്ങളും യുക്തിസഹവും കൃത്യവുമായി നിർവഹിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിനോട് വല്ലതും ആവശ്യപ്പെടുന്നത് അനാവശ്യമാണെന്ന ബോധ്യത്തിൽ എല്ലാം അവനിൽ ഭരമേൽപ്പിച്ച് അവർ സൽകർമ്മങ്ങളിൽ മുഴുകി നിർവൃതി കൊള്ളുന്നു. വല്ലതും ചോദിക്കുകയാണെങ്കിൽ പോലും അല്ലാഹു അടിമകളോട് പ്രാർത്ഥിക്കാനാവശ്യപ്പെട്ടതു കൊണ്ടുമാത്രം അത് നിർവഹിക്കുന്നുവെന്ന അനുഷ്ഠാനപരമായ തേട്ടമായിരിക്കും അവരുടേത്.

പണ്ഡിതന്മാർ സൂഫിസത്തിന് അനേകം നിർവചനങ്ങളും വിശേഷണങ്ങളും നൽകിയിട്ടുണ്ട്. ചോദ്യത്തിന്റെ സമയവും സന്ദർഭവും ചോദ്യകർത്താവിന്റെ സ്ഥിതിയും ഗുരുവിന്റെ ജ്ഞാനവൈപുല്യവും ബോധ്യങ്ങളും ഈ വിവരണങ്ങളിൽ പ്രതിഫലിക്കുന്നതാണ് നിർവചനങ്ങളിലെ വൈവിധ്യത്തിനു നിമിത്തം.

ഫഖീറും സാഹിദും സൂഫിയും സമാനാർത്ഥങ്ങളെയല്ല പ്രതിനിധീകരിക്കുന്നതെന്നു വ്യക്തമാണ്. ഫഖ്റും സുഹ്ദും ഉൾവഹിക്കുന്ന ആശയങ്ങൾക്കു പുറമെ വേറെയും ഗുണങ്ങൾ ഉൾക്കൊള്ളുന്നതാണ് സൂഫിസം. പ്രസ്തുത ഗുണങ്ങൾ കൂടി സ്വായത്തമാക്കിയാലേ ഫഖീറിനും

സാഹിദിനും സൂഫിയാകാൻ സാധിക്കുകയുള്ളൂ.

അബൂഹഫ്സ്(റ) പറയുന്നു: ''തസ്വവ്വുഫ് ആദ്യവസാനം അദബുകളാണ്. ഓരോ സമയത്തിനും സന്ദർഭത്തിനും പദവിക്കും അതിന്റേതായ അദബുകളുണ്ട്. സന്ദർഭാനുസൃതമുള്ള മുഴുവൻ ചിട്ടകളും ഉചിതമായി പാലിക്കുന്നവർ ഉന്നത സ്ഥാനീയരുടെ പദവിയിലെത്തും. അദബുകൾ പാഴാക്കുന്നവർ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുമെന്ന് ഏറെക്കുറെ ഉറപ്പായിടത്തുവച്ച് ദൂരേക്ക് അകറ്റപ്പെടും. സുകൃതങ്ങൾ സ്വീകരിക്കപ്പെടുമെന്ന് കരുതിയിരിക്കെ നിഷ്കരുണം തിരസ്കരിക്കപ്പെടും.''

അദ്ദേഹം മറ്റൊരിക്കൽ പറഞ്ഞു: 'ഒരാളിൽ പ്രകടമാകുന്ന മനോഹരമായ പ്രത്യക്ഷ അദബുകൾ അയാളുടെ ആന്തരിക സൗന്ദര്യത്തിന്റെ ബഹിർസ്ഫുരണമാണ്. ഒരാളുടെ ഹൃദയത്തിൽ ഭക്തിയുണ്ടെങ്കിൽ അവന്റെ അവയവങ്ങളും ഭക്തി പ്രകടിപ്പിക്കും' (ബൈഹഖി) എന്ന നബിവചനമാണ് ഇതിനടിസ്ഥാനം.

ഫഖീറിനും സാഹിദിനും മുകളിലുള്ള അത്യുൽകൃഷ്ട പദവിയാണ് തസ്വവ്വുഫ്. ഫഖ്റിന്റെ അവസാന പടവും കഴിയുന്നിടത്തു വെച്ചാണ് സൂഫിസത്തിന്റെ പടവുകൾ ആരംഭിക്കുന്നതെന്ന് ഒരു ജ്ഞാനി പറഞ്ഞിട്ടുണ്ട്.

ശാമിലെ പണ്ഡിതന്മാരുടെ വീക്ഷണത്തിൽ തസ്വവ്വുഫും ഫഖ്റും പര്യായപദങ്ങളാണ്. അവയ്ക്കിടയിൽ അവർ വ്യത്യാസം കാണുന്നില്ല. 'അല്ലാഹുവിന്റെ മാർഗത്തിൽ തളച്ചിടപ്പെട്ട ഫുഖറാഅ്' (അൽബഖറ 273) എന്ന് വിശുദ്ധഖുർആനിൽ പരാമർശമുണ്ട്. ഇത് സൂഫികളുടെ വിശേഷണമാണ്. അല്ലാഹു അവർക്ക് ഫുഖറാഅ് എന്നാണു പേരുവെച്ചത്. ആകയാൽ രണ്ടു പദങ്ങൾക്കും സമാനാർത്ഥമാണ് എന്നവർ പറയുന്നു.

ഭൂരിപക്ഷാഭിപ്രായത്തിനു വിരുദ്ധമാണിത്. ഫഖീർ എന്നാൽ ദാരിദ്ര്യത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കി അതിൽ മുറുകെ പിടിച്ചവനാണ്. അല്ലാഹുവിന്റെ അടുക്കൽ ദരിദ്രനു ലഭിക്കുന്ന അനുഗ്രഹങ്ങളാണ് അവനെ അതിനു പ്രേരിപ്പിക്കുന്നത്.

'എന്റെ സമുദായത്തിൽ പെട്ട സമ്പന്നർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന്റെ അരദിവസം മുമ്പേ അവരിലെ ദരിദ്രർ സ്വർഗ്ഗത്തിൽ പ്രവേശിക്കും; അഞ്ഞൂറു വർഷത്തിന്റെ ദൈർഘ്യമുള്ളതാണ് അന്നത്തെ അര ദിവസം' (ഇബ്നുമാജ) എന്ന് തിരുദൂതർ പഠിപ്പിച്ചിട്ടുണ്ടല്ലോ.

അനശ്വരമായ പാരത്രിക വിഭവങ്ങൾക്കു വേണ്ടിയാണ് ഫഖീർ ദാരിദ്ര്യത്തെയും ഇല്ലായ്മയെയും മാറോടണക്കുന്നത്. ദാരിദ്ര്യത്തിൽ നിന്ന് മുക്തമാകുന്നത് ഉദാത്ത പ്രതിഫലം നഷ്ടപ്പെടുന്നതിനു നിമിത്തമാകും എന്നവൻ ഭയപ്പെടുന്നു. ഇത് സൂഫീപാതയ്ക്കു വിരുദ്ധമാണ്. സൂഫികൾ സുഖാനുഭൂതികൾ ഒഴിവാക്കുന്നത് വാഗ്ദത്ത നേട്ടങ്ങൾ മോഹിച്ചുകൊണ്ടല്ല, പ്രത്യുത അല്ലാഹുവിന്റെ പൊരുത്തവും സംതൃപ്തിയും മാത്രമാണ് അവരുടെ ലക്ഷ്യം.

മാത്രമല്ല, ഫഖീർ സ്വന്തം ഇച്ഛ പ്രകാരമാണ് ഭൗതികനേട്ടങ്ങൾ ത്യജിക്കുന്നത്. സൂഫിയെ സംബന്ധിച്ച് ഇത്തരം കാര്യങ്ങളെല്ലാം ഒരു നിമിത്തമാണ്. കാരണം മുഴുവൻ കാര്യങ്ങളിലും അവൻ അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചാണ് പ്രവർത്തിക്കുന്നത്. സ്വന്തം ഇഷ്ടത്തിന് അവിടെ പ്രസക്തിയില്ല.

ദാരിദ്ര്യവും സമ്പന്നതയും അവനു തുല്യമാണ്. ഈ രണ്ടവസ്ഥകൾക്കും സവിശേഷ മഹത്വമോ നിന്ദ്യതയോ ഇല്ല. പരംപൊരുളായ ജഗന്നിയന്താവ് നൽകുന്നതെന്തോ അതിലാണു ശ്രേഷ്ഠത. ഏതവസ്ഥയിലും കാൽ മുന്നോട്ടു വയ്ക്കണമെങ്കിൽ അല്ലാഹുവിന്റെ സമ്മതമറിയണം എന്നു മാത്രം. ചിലപ്പോൾ അല്ലാഹുവിന്റെ അനുമതിയോടുകൂടി സമ്പന്നതയുടെ മടിത്തട്ടി

അനശ്വരമായ പാരത്രിക വിഭവങ്ങൾക്കു വേണ്ടിയാണ് ഫഖീർ ദാരിദ്ര്യത്തെ മാറോടണക്കുന്നത്. ദാരിദ്ര്യത്തിൽ നിന്ന് മുക്തമാകുന്നത് ഉദാത്ത പ്രതിഫലം നഷ്ടപ്പെടുന്നതിനു നിമിത്തമാകും എന്നവൻ ഭയപ്പെടുന്നു. ഇത് സൂഫീപാതയ്ക്കു വിരുദ്ധമാണ്. സൂഫികൾ സുഖാനുഭൂതികൾ ഒഴിവാക്കുന്നത് വാഗ്ദത്തനേട്ടങ്ങൾ മോഹിച്ചുകൊണ്ടല്ല, അല്ലാഹുവിന്റെ പൊരുത്തവും സംതൃപ്തിയും മാത്രമാണ് അവരുടെ ലക്ഷ്യം.

പരംപൊരുളായ ജഗന്നിയന്താവ് നൽകുന്ന തെന്തോ അതിലാണു ശ്രേഷ്ഠത. ഏതവസ്ഥ യിലും കാൽ മുന്നോട്ടു വയ്ക്കണമെങ്കിൽ അല്ലാഹുവിന്റെ സമ്മതമറിയണം എന്നു മാത്രം. ചിലപ്പോൾ അല്ലാഹുവിന്റെ അനുമ തിയോടുകൂടി സമ്പന്നതയുടെ മടിത്തട്ടിലാ യിരിക്കും സൂഫി ജീവിക്കുക. അപ്പോൾ സാ മ്പത്തിക അഭിവൃദ്ധിയിലായിരിക്കും അദ്ദേഹം മഹത്വം ദർശിക്കുക.

ലായിരിക്കും സൂഫി ജീവിക്കുക. അപ്പോൾ സാമ്പത്തിക അഭിവൃദ്ധിയിലായിരിക്കും അദ്ദേഹം മഹത്വം ദർശിക്കുക.

വളരെയധികം അപകടം പതിയിരിക്കുന്ന മേഖലയാണിത്. സമ്പന്നതയുടെ പളപളപ്പിൽ ചിലപ്പോൾ അല്ലാഹുവിനെ വിസ്മരിച്ചേക്കാം. അതിനാൽ ഇസ്‌ലാമിന്റെ മൗലികപ്രമാണങ്ങളോട് പരിപൂർണ്ണ സത്യസന്ധത പുലർത്തുന്നവർ അല്ലാഹുവിന്റെ അനുവാദത്തെക്കുറിച്ച് ദൃഢമായ വെളിപാട്ജ്ഞാനം ലഭിച്ചശേഷം മാത്രമേ ഈ പാതയിൽ പാദമൂന്നാവൂ. അല്ലെങ്കിൽ അടിപതറും. ''നശിക്കേണ്ടവർ ന്യായയുക്തം നശിക്കാനും ന്യായത്തോടെ ജീവിക്കാനുമാണിത്.'' (അൽഅൻഫാൽ 42)

ഫഖ്റും തസ്വവ്വുഫും തമ്മിലുള്ള അന്തരം മേൽവിവരണത്തിൽ നിന്നു വ്യക്തമാണല്ലോ. ദാരിദ്ര്യം തസ്വവ്വുഫിന്റെ പ്രധാന കൈവഴിയാണെന്നും സൂഫിയുടെ പദവിയിലേക്ക് എത്തിച്ചേരാനുള്ള ജീവവായുവാണെന്നും ഇതിൽ നിന്നു വ്യക്തമാണല്ലോ. എന്നാൽ, സൂഫിയാകണമെങ്കിൽ ദാരിദ്ര്യമുണ്ടാകണമെന്ന് നിർബന്ധമില്ല.

സൂഫികൾക്ക് സ്വന്തമായി ആഗ്രഹങ്ങളില്ല. സർവ്വം അല്ലാഹുവിന്റെ ഇച്ഛയ്ക്കു വിടും. എന്നാൽ ഫഖീറിനും സാഹിദിനും സ്വന്തമായി ഇച്ഛകളുണ്ടാവും. അവർ തങ്ങളുടെ കഴിവനുസരിച്ച് കഠിനാധ്വാനം ചെയ്യും. എന്നാൽ സൂഫി ഒരു ഘട്ടമെത്തിയാൽ തന്റെ വിജ്ഞാനത്തെ ആശ്രയിക്കാതെ പൂർണ്ണാർത്ഥത്തിൽ അല്ലാഹുവിന്റെ ഉദ്ദേശ്യത്തിൽ ലയിക്കും.

സൂഫികൾക്ക് ഏതു നിസ്സാര കാര്യത്തിലും നന്മയെ കണ്ടെത്താൻ സാധിക്കും. ഈ ശേഷി ഫഖീറിനും സാഹിദിനും അത്രത്തോളമില്ല. ഐഹിക വിഭവങ്ങൾ ഉപേക്ഷിക്കുന്നതിൽ മഹത്വം കണ്ടെത്തുകയും അവ സ്വീകരിക്കുന്നതിനെ നിസ്സാരമായി ഗണിക്കുകയും ചെയ്യാതെ ഇവർക്കു സാധിക്കൂ. കാരണം ലഭിച്ച അറിവിന്റെ അതിർത്തിയിൽ നിൽക്കാൻ മാത്രമേ ഇവർക്കു കഴിയൂ.

തസ്വവ്വുഫിന്റെ ആദ്യഘട്ടം അറിവും മധ്യഘട്ടം കർമ്മവും അവസാനഘട്ടം അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹ ലബ്ധിയുമാണ്.

ദുന്നൂനിൽമിസ്‌രി(റ) പറയുന്നു: 'സിറിയയിലെ കടലോരത്തു വെച്ച് ഞാൻ ഒരു മഹതിയെ കണ്ടു. ഞാൻ ചോദിച്ചു: ''നീ എവിടെ നിന്നാണു വരുന്നത്?''

അവർ: ''ശയ്യകളുപേക്ഷിച്ച ഒരു സമൂഹത്തിന്റെ സമീപത്തു നിന്നാണു ഞാൻ വരുന്നത്.''

ഞാൻ: ''നിന്റെ ലക്ഷ്യസ്ഥാനമെവിടെയാണ്?''

അവർ: ''വ്യാപാരങ്ങളോ വ്യവഹാരങ്ങളോ അല്ലാഹുവിനെ സ്മരിക്കുന്നതിന് പ്രതിബന്ധമാകാത്ത ചില വ്യക്തികളാണ് എന്റെ ലക്ഷ്യം.''

ഞാൻ: ''അവരെക്കുറിച്ച് കൂടുതൽ വിശദീകരിച്ചാലും...''

ഉടനെ അവർ കവിതയിലൂടെ ഇങ്ങനെ വിവരിച്ചു: ''അല്ലാഹുവിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച ഒരു സമൂഹമാണവർ. മറ്റൊരു വിചാരവും അവർക്കില്ല. തങ്ങളുടെ യജമാനൻ മാത്രമാണ് അവരുടെ ലക്ഷ്യം. ഏകനും സ്വയം പര്യാപ്തനുമാണവൻ. എത്രമേൽ സുന്ദരമാണ് അവരുടെ ലക്ഷ്യം! ഐഹികപദവികളും സ്വാദിഷ്ട വിഭവങ്ങളും ആനന്ദങ്ങളും സന്താനങ്ങളും വിശേഷപ്പെട്ട വസ്ത്രങ്ങളും ആനന്ദിപ്പിക്കുന്ന യാത്രകളും അവരുടെ മനസ്സിനെ അലട്ടുന്നില്ല. ലക്ഷ്യത്തിലെത്താനുള്ള വെമ്പലിലാണവർ. ഏറെ ധൃതിയിലും എന്നാൽ അതിലേറെ ജാഗ്രതയിലും അവർ ഓരോ കാൽപാദവും മുന്നോട്ടുവെക്കുന്നു. അതിനുവേണ്ടി മൊട്ടക്കുന്നുകളിലും വനാന്തരങ്ങളിലും ഗിരിശൃംഗങ്ങളിലും ജീവിതം പണയപ്പെടുത്തുന്നു.''

സൂഫിസത്തിന്റെ ആത്മസത്തയെക്കുറിച്ചുള്ള പണ്ഡിതവചനങ്ങൾ ആയിരത്തിലധികമുണ്ട്. അവയുടെ ആശയങ്ങൾ സംഗ്രഹിച്ച് ഇങ്ങനെ സംയോജിപ്പിക്കാം: സർവദാ ആത്മസംസ്കരണം നടത്തിക്കൊണ്ടിരിക്കുന്നവനാണ് സൂഫി. അവൻ ഓരോ നിമിഷവും കറകളും പാടുകളും നീക്കി മനസ്സിനെ സ്ഫുടം ചെയ്തുകൊണ്ടിരിക്കുന്നു. എല്ലായ്പ്പോഴും യജമാനനായ അല്ലാഹുവിനെ മാത്രം ആശ്രയിക്കുന്നതു കൊണ്ട് അവന് ഈ സംസ്കരണ പ്രവർത്തനങ്ങൾ ലളിതമായി മാറുന്നു. വ്യവഹാരങ്ങൾക്കിടയിൽ ദേഹത്തിൽ വല്ല അഴുക്കും പുരളുകയാണെങ്കിൽ ഉൾക്കാഴ്ചയുടെ പ്രകാശത്തിൽ അത് പെട്ടെന്നു കണ്ടുപിടിക്കുകയും പ്രതിവിധി ചെയ്ത് തന്റെ റബ്ബിലേക്ക് ഓടുകയും ചെയ്യുന്നു. അവന്റെ മനസ്സു നിറയെ അല്ലാഹു ആയിരിക്കും.

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി നിലകൊള്ളുന്നവരാവുക. നീതിയുടെ സാക്ഷികളാവുക'' (അൽമാഇദ 8) എന്ന് വിശുദ്ധ ഖുർആൻ ആജ്ഞാപിക്കുന്നു. അല്ലാഹുവിനു വേണ്ടിയുള്ള നിലകൊള്ളലാണ് ശരിയായ സൂഫിസം.

ശാഫിഈ ഫിഖ്ഹ്

? ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

വീണുകിട്ടുന്ന പണം

ചോദ്യം: *'നിന്നെ ഞാൻ ത്വലാഖ് ചൊല്ലി' എന്ന് ഭാര്യയോട് പറഞ്ഞതിനുശേഷം 'നിന്നെ ഞാൻ മൂന്ന് ത്വലാഖും ചൊല്ലി' എന്ന് അതേ സദസ്സിൽ വച്ചു തന്നെ പറഞ്ഞാൽ മൂന്നു ത്വലാഖ് സംഭവിക്കുകയില്ലെന്നും 'നിന്നെ ഞാൻ ത്വലാഖ് ചൊല്ലി' എന്ന ആദ്യ വചനം കൊണ്ടു തന്നെ അവൾ ഭാര്യയല്ലാതായതിനാൽ രണ്ടാമത് ത്വലാഖ് ചൊല്ലുന്നതിന് അർത്ഥമില്ലെന്നും മൂന്ന് ത്വലാഖ് സംഭവിക്കണമെങ്കിൽ 'നിന്നെ ഞാൻ മൂന്ന് ത്വലാഖ് ചൊല്ലി' എന്ന് ഒറ്റവാക്കിൽ തന്നെ പറയണമെന്നും യൂട്യൂബിൽ ഒരു ക്ലാസ് കേട്ടു. ശരിയാണോ?*
അബ്ദുല്ല പുതുപ്പറമ്പ്

ഉത്തരം: ശരിയല്ല. ഒന്നോ രണ്ടോ ത്വലാഖ് മാത്രം ചൊല്ലിയാൽ ഇദ്ദകാലം കഴിയുന്നതിനുമുമ്പ് തിരിച്ചെടുക്കാൻ അവസരമുള്ളതിനാൽ ഇദ്ദ കഴിയുന്നതിനുമുമ്പ് അവളെ വീണ്ടും ത്വലാഖ് ചൊല്ലിയാൽ രണ്ടാമതും ത്വലാഖ് സംഭവിക്കുന്നതാണ്. 'നിന്നെ ഞാൻ ത്വലാഖ് ചൊല്ലി' എന്നു പറയുമ്പോൾ തന്നെ മൂന്ന് ത്വലാഖ് എന്ന നിയ്യത്തുണ്ടെങ്കിൽ അപ്പോൾ തന്നെ മൂന്നു ത്വലാഖുകളും സംഭവിക്കുന്നതാണ്. അപ്പോൾ ത്വലാഖിന്റെ എണ്ണം നിയ്യത്തിലില്ലെങ്കിൽ പ്രസ്തുത വാക്യം കൊണ്ട് ഒരു ത്വലാഖ് സംഭവിക്കുന്നതും ഇദ്ദ അവസാനിക്കുന്നതിനു മുമ്പ് തിരിച്ചെടുക്കാൻ അവസരമുള്ളപ്പോൾ വീണ്ടും ത്വലാഖ് ചൊല്ലിയാൽ രണ്ടാമതും ത്വലാഖ് സംഭവിക്കുന്നതുമാണ്.

അതിനാൽ, 'നിന്നെ ഞാൻ ത്വലാഖ് ചൊല്ലി' എന്ന് പറഞ്ഞതിനുശേഷം അതേ സദസ്സിൽ വച്ച് 'നിന്നെ ഞാൻ മൂന്ന് ത്വലാഖും ചൊല്ലി' എന്നു പറഞ്ഞാൽ മൂന്ന് ത്വലാഖും സംഭവിക്കുന്നതാണ്. ഫത്ഹുൽമുഈൻ ഉൾപ്പെടെയുള്ള കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലെല്ലാം ഇക്കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്. (ഫത്ഹുൽമുഈൻ 391, തുഹ്ഫ 8/42, നിഹായ 6/451)

എന്നാൽ, ഭാര്യഭർത്താക്കൾ തമ്മിൽ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിനു മുമ്പ് തന്നെ ത്വലാഖ് ചൊല്ലിയാൽ ഇദ്ദയില്ല. തിരിച്ചെടുക്കാൻ അവസരവുമില്ല. അപ്പോൾ ഒരു ത്വലാഖ് ചൊല്ലുന്നതുകൊണ്ട് തന്നെ തിരിച്ചെടുക്കാൻ പറ്റാത്ത വിധം ബന്ധം വേർപെടുന്നതിനാൽ ത്വലാഖ് ചൊല്ലിയതിനു ശേഷം വീണ്ടും ത്വലാഖ് ചൊല്ലുന്നതു കൊണ്ട് രണ്ടാമത് ത്വലാഖ് സംഭവിക്കുന്നതല്ല. ആദ്യവാക്യത്തിൽ എത്ര ത്വലാഖാണോ സംഭവിച്ചത്, അതേ സംഭവിക്കുകയുള്ളൂ.

നിങ്ങൾ കേട്ടതിലെ ശരിയും തെറ്റും മേൽ വിശദീകരണത്തിൽ നിന്ന് വ്യക്തമാണ്. ശരീഅത്ത് വിധികൾ കൃത്യമായി പഠിക്കാതെയും വ്യക്തമായി പറയാതെയുമുള്ള യൂട്യൂബ് ക്ലാസുകളെയും മുഫ്തിമാരെയും അവലംബിക്കരുതെന്ന് സാന്ദർഭികമായി ഓർമ്മപ്പെടുത്തട്ടെ.

ചോദ്യം: *ഇശാ- മഗ്‌രിബിനിടയിലെ സുന്നത്ത് നിസ്കാരമാണല്ലോ അവ്വാബീൻ നിസ്കാരം. ഇശാഇനെ മഗ്‌രിബിലേക്ക് മുന്തിച്ചു ജംആക്കി നിസ്കരിച്ചാൽ രണ്ടും നിസ്കരിച്ചതിനുശേഷം അവ്വാബീൻ നിസ്കരിക്കാമോ?*
ഇസ്മാഈൽ പയ്യോളി

ഉത്തരം: മഗ്‌രിബിനും ഇശാഇനും ഇടയിൽ എന്നതിൽ നിന്ന് മനസ്സിലാകുന്നത്, മഗ്‌രിബിനെ ഇശാഇലേക്ക് പിന്തിച്ചു ജംആക്കുകയാണെങ്കിൽ മഗ്‌രിബ് നിസ്കരിക്കുന്നതിന് മുമ്പ് അവ്വാബീൻ പറ്റില്ലെന്നാണെന്നും എന്നാൽ മഗ്‌രിബിലേക്ക് ഇശാഇനെ മുന്തിച്ചു ജംആക്കുകയാണെങ്കിൽ ഇശാഅ് നിസ്കാരശേഷം നിസ്കരിക്കാമെന്നും ബുജൈരിമി അലൽ ഖത്വീബ് 1/427 ൽ പറഞ്ഞിട്ടുണ്ട്.

ചോദ്യം: *ഞാനൊരു കട നടത്തുന്ന വ്യക്തിയാണ്. പലപ്പോഴും കടയിൽ ചെറിയ സംഖ്യകൾ വീണു കിട്ടാറുണ്ട്. കസ്റ്റമേഴ്സിൽ നിന്ന് നഷ്ടപ്പെട്ടതായിരിക്കും. 2/10/50 റിയാലുകളാണ് പലപ്പോഴും ലഭിക്കാറുള്ളത്. ചെറിയ സംഖ്യകളായതുകൊണ്ടായിരിക്കും, ആരും അതൊന്നും അന്വേഷിച്ചു വരാറില്ല. സ്ഥിരം കസ്റ്റമേഴ്സിനോട് ഞാൻ അന്വേഷിക്കാറുമുണ്ട്. ഇത്തരം സംഖ്യകൾ ഞാൻ*



എന്തു ചെയ്യണം? ആർക്കെങ്കിലും സ്വദഖ ചെയ്താൽ മതിയാകുമോ? സൂക്ഷിച്ചു വെക്കേണ്ടതുണ്ടോ? സൂക്ഷിച്ചു വെക്കണമെന്നാണെങ്കിൽ എത്ര കാലം? പ്രസ്തുത കാലത്തിനു ശേഷം ഉടമസ്ഥൻ വന്നില്ലെങ്കിൽ എന്തു ചെയ്യണം?
ഒരു പ്രവാസി

ഉത്തരം: നഷ്ടപ്പെട്ടവർക്ക് കാര്യമായ പ്രയാസം അനുഭവപ്പെടാത്തതും സാധാരണഗതിയിൽ അവഗണിക്കപ്പെടുന്നതുമായ നിസ്സാരവസ്തുക്കൾ ലഭിച്ചവർക്ക് എടുക്കാവുന്നതാണ്. കാര്യമായി പ്രയാസം അനുഭവപ്പെടാത്തതും കുറഞ്ഞ ദിവസങ്ങൾ അവർ അന്വേഷിക്കുകയും പിന്നീട് അവഗണിക്കുകയും ചെയ്യുന്ന വിധത്തിലുള്ളവയുമാണെങ്കിൽ എത്ര സമയത്തിനു ശേഷമാണോ സാധാരണ ആ വസ്തുക്കൾ അവഗണിക്കുകയും അന്വേഷണം അവസാനിപ്പിക്കുകയും ചെയ്യാറുള്ളത്, അത്രയും സമയം പരസ്യപ്പെടുത്തണം. എന്നിട്ടും ഉടമസ്ഥരെ അറിയാൻ കഴിഞ്ഞില്ലെങ്കിൽ സ്വന്തമാക്കൽ അനുവദനീയമാണ്. ലഭിച്ച വസ്തുവിന്റെ ഇനവും അളവും പരിഗണിച്ചാണ് അവഗണിക്കപ്പെടാവുന്നതും അല്ലാത്തതും മനസ്സിലാക്കേണ്ടത്. മേൽപ്പറഞ്ഞ വിധം അവഗണിക്കപ്പെടുന്ന നിസ്സാരവസ്തുവല്ലെങ്കിൽ ഒരു വർഷം പരസ്യപ്പെടുത്തിയിട്ടും ഉടമസ്ഥനെ കണ്ടെത്താനായില്ലെങ്കിലേ ലഭിച്ചവൻ ഉടമയാക്കാവൂ എന്നാണ് നിയമം. (ഫത്ഹുൽ മുഈൻ 339)

നിങ്ങളുടെ ചോദ്യത്തിൽ പറഞ്ഞിട്ടുള്ളത് ഇന്നത്തെ കാലത്ത് അവഗണിക്കപ്പെടുന്നതും നഷ്ടപ്പെട്ടവർക്ക് കാര്യമായ വിഷമമുണ്ടാക്കാത്തതും അവർ അന്വേഷണം നടത്താനിടയില്ലാത്തതുമായ നിസ്സാരസംഖ്യകളായതിനാൽ അത് നിങ്ങൾക്ക് സ്വന്തമാക്കി ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തൽ അനുവദനീയമാണ്. കുറച്ചു ദിവസങ്ങളൊക്കെ അന്വേഷിക്കാൻ ഇടയുള്ളതാണെങ്കിൽ അത്രയും ദിവസങ്ങൾ പരസ്യപ്പെടുത്തി ഉടമസ്ഥൻ വന്നില്ലെങ്കിൽ നിങ്ങൾക്ക് സ്വന്തമാക്കാവുന്നതാണ്. നിങ്ങളുടെ സ്വന്തമായിക്കഴിഞ്ഞാൽ സ്വദഖ ചെയ്യലും മറ്റും അനുവദനീയമാണ്.

ചോദ്യം: അധോവായു (കീഴ്‌വായു) പുറപ്പെട്ടാൽ വുളൂഅ് മുറിയുമല്ലോ. കീഴ്‌വായു പുറപ്പെടാനുള്ള സാഹചര്യത്തിൽ ശ്വാസം മേലോട്ടെടുത്ത് കീഴവായു പുറപ്പെടാതെ തടഞ്ഞുനിർത്തിയാൽ വുളൂഅ് മുറിയുമോ? നിസ്കാരം ബാത്വിലാകുമോ?
ഒരു വായനക്കാരൻ

ഉത്തരം: കീഴ്‌വായു പുറപ്പെടാതെ തടഞ്ഞുനിർത്തുന്നതു കൊണ്ട് വുളൂഅ് മുറിയുകയോ നിസ്കാരം ബാത്വിലാവുകയോ ഇല്ല.

ചോദ്യം: മാതാപിതാക്കൾക്ക് ചെലവിനു നൽകൽ മക്കളുടെ ബാധ്യതയാണല്ലോ. ഈ ബാധ്യത ആൺമക്കൾക്ക് മാത്രമാണോ? പെൺമക്കൾക്കുമുണ്ടോ? ആൺമക്കളില്ലെങ്കിൽ പെൺമക്കൾക്ക് എന്നാണോ? അതല്ലെങ്കിൽ ഒരേസമയം തന്നെ രണ്ടു വിഭാഗത്തിനും ബാധകമാണോ?

ഉത്തരം: സാമ്പത്തികശേഷിയില്ലാത്ത മാതാപിതാക്കളുടെ ചെലവ് സാമ്പത്തികശേഷിയുള്ള മക്കളുടെ ബാധ്യതയാണ്. ഈ ബാധ്യത ആൺമക്കൾക്ക് മാത്രമല്ല, കഴിവുള്ള പെൺമക്കൾക്കും ബാധകമാണ്. ആൺമക്കളില്ലെങ്കിൽ പെൺമക്കൾക്ക് എന്നല്ല; രണ്ടു വിഭാഗവും ശേഷിയുള്ളവരാണെങ്കിൽ ഒരേസമയം തന്നെ രണ്ടു വിഭാഗത്തിനും ബാധ്യതയാണ്. (തുഹ്ഫ 8/352)

പരിസ്ഥിതി

വെല്ലുവിളിയാകുന്ന മാലിന്യനിർമാർജനം

ആധുനിക ലോകം നേരിടുന്ന വലിയ പാരിസ്ഥിതിക വെല്ലുവിളികളിലൊന്നാണ് മാലിന്യനിർമാർജ്ജനം. നൂതനമായ നിരവധി മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും പ്രായോഗികവും ശാസ്ത്രീയവും ശാശ്വതവുമായ പരിഹാരം ഇന്നും അകലെയാണ്. വീടുകൾ മുതൽ വൻകിട കമ്പനികൾ വരെ വിവിധയിനം മാലിന്യങ്ങളുടെ ഉറവിടങ്ങളാണ്.

പൊതുജനാരോഗ്യം, പരിസ്ഥിതിസുസ്ഥിരത, മൊത്തത്തിലുള്ള ജീവിതനിലവാരം എന്നിവയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണിത്.

മണ്ണിലും ജലാശയങ്ങളിലും അന്തരീക്ഷത്തിലുമെല്ലാം മാലിന്യം നിറയുന്നതോടെ നാം കഴിക്കുന്ന ഭക്ഷണവും കുടിക്കുന്ന വെള്ളവുമെല്ലാം മലിനമാകും. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കും. ഗാർഹിക മാലിന്യങ്ങൾ മുതൽ വൻകിട കമ്പനികൾ പുറന്തള്ളുന്ന രാസ മാലിന്യങ്ങൾ വരെ ശാസ്ത്രീയമായും സുതാര്യമായും സംസ്കരിക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയും സംസ്കരിക്കാനാവാത്ത മാലിന്യങ്ങൾക്ക് പരിസ്ഥിതി സൗഹൃദ ബദലുകൾ കണ്ടെത്തുകയും വേണം.

പുതിയ ജീവിതശൈലി, ആഗോള വ്യാപകമായ ഉപഭോഗ സംസ്കാരം, ഭൂവിസ്തൃതിയുടെ പരിമിതി തുടങ്ങിയവയെല്ലാമാണ് മാലിന്യങ്ങൾ വർധിക്കാനുള്ള പ്രധാന കാരണം. പൊതുജനാരോഗ്യം, പരിസ്ഥിതിസുസ്ഥിരത, മൊത്തത്തിലുള്ള ജീവിതനിലവാരം എന്നിവയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണിത്.

നമ്മുടെ ഗ്രഹത്തിൽ മാലിന്യത്തിന്റെ ദോഷകരമായ ഫലങ്ങൾ ലഘൂകരിക്കുന്നതിന് ശരിയായ മാലിന്യസംസ്കരണം അത്യാവശ്യമാണ്. ഖര, ദ്രാവക മാലിന്യങ്ങളുടെ മാനേജ്മെന്റ് പരിസ്ഥിതി സുസ്ഥിരതയ്ക്കും പൊതുജനാരോഗ്യത്തിനും മൊത്തത്തിലുള്ള ക്ഷേമത്തിനും അനിവാര്യമാണ്. വൈവിധ്യമാർന്ന മാലിന്യങ്ങളെയും അവ നിർമാർജനം ചെയ്യാനുപയോഗിക്കുന്ന രീതികളെയും പരിചയപ്പെടാം.

അവബോധം അനിവാര്യം

മനുഷ്യന്റെ പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന അനാവശ്യവസ്തുക്കളെ നീക്കം ചെയ്യുന്ന പ്രക്രിയയാണ് മാലിന്യനിർമാർജനം. ദൈനംദിന ഗാർഹിക മാലിന്യനിർമാർജനം മുതൽ വൻകിട വ്യവസായശാലകൾ ഉൽപ്പാദിപ്പിക്കുന്ന രാസമാലിന്യങ്ങളുടെ സംസ്കരണം വരെയുള്ള എല്ലാ കാര്യങ്ങളിലും ജനങ്ങളിൽ അവബോധം സൃഷ്ടിക്കൽ അനിവാര്യമാണ്.

പ്രത്യാഘാതങ്ങൾ

തെറ്റായ മാലിന്യസംസ്കരണം പരിസ്ഥിതിക്കും മനുഷ്യന്റെ ആരോഗ്യത്തിനും ഗുരുതരമായ ഭീഷണി ഉയർത്തുന്നു. മാലിന്യങ്ങൾ ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്തില്ലെങ്കിൽ

മണ്ണിലും ജലാശയങ്ങളിലും അന്തരീക്ഷത്തിലുമെല്ലാം മാലിന്യം നിറയുന്നതോടെ നാം കഴിക്കുന്ന ഭക്ഷണവും കുടിക്കുന്ന വെള്ളവുമെല്ലാം മലിനമാകും. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കും. ഗാർഹിക മാലിന്യങ്ങൾ മുതൽ വൻകിട കമ്പനികൾ പുറന്തള്ളുന്ന രാസമാലിന്യങ്ങൾ വരെ ശാസ്ത്രീയമായും സുതാര്യമായും സംസ്കരിക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയും സംസ്കരിക്കാനാവാത്ത മാലിന്യങ്ങൾക്ക് പരിസ്ഥിതി സൗഹൃദ ബദലുകൾ കണ്ടെത്തുകയും വേണം.

ഉണ്ടായേക്കാവുന്ന ചില പ്രത്യാഘാതങ്ങൾ:

1. മലിനീകരണം: വിഷാംശമുള്ള രാസവസ്തുക്കളടങ്ങിയ മാലിന്യങ്ങൾ മണ്ണിലേക്കും വെള്ളത്തിലേക്കും ഒഴുകിയിറങ്ങുകയും ആവാസവ്യവസ്ഥയെ മലിനമാക്കുകയും ജീവികളെ അപകടത്തിലാക്കുകയും ചെയ്യും. ഇത് ദീർഘകാലം നിലനിൽക്കുന്ന പ്രത്യാഘാതങ്ങളുണ്ടാക്കിയേക്കും.

2. രോഗവ്യാപനം: മാലിന്യസംസ്കരണത്തിലെ അപാകത കൊതുകുകൾ, എലികൾ തുടങ്ങിയ രോഗവാഹകരുടെ പ്രജനനത്തിനും കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണത്തിനും അതുവഴി മാരക രോഗങ്ങൾ പടരാനും ഇത് കാരണമായേക്കാം.

3. കാലാവസ്ഥാവ്യതിയാനം: ശാസ്ത്രീയമായ നിയന്ത്രണ നടപടികളില്ലാതെ മാലിന്യങ്ങൾ കത്തിക്കുന്നത് അന്തരീക്ഷ മലിനീകരണത്തിനു കാരണമാവും. ഇതുവഴി വായുവിന്റെ ഗുണനിലവാരം നഷ്ടപ്പെടുകയും കാലാവസ്ഥാവ്യതിയാനത്തിനു കാരണമാവുകയും ചെയ്യും.

മാലിന്യസംസ്കരണം നേട്ടങ്ങൾ:

സുസ്ഥിരത കൈവരിക്കാൻ ശാസ്ത്രീയമായ മാലിന്യസംസ്കരണം അനിവാര്യമാണ്. ഉത്തരവാദിത്തമുള്ള മാലിന്യസംസ്കരണത്തിന്റെ ചില നേട്ടങ്ങൾ:

1. വിഭവ സംരക്ഷണം: പുനരുപയോഗം, കമ്പോസ്റ്റിംഗ് തുടങ്ങിയ ശരിയായ സംസ്കരണരീതികൾവഴി മാലിന്യത്തിൽ നിന്ന് വിലയേറിയ വസ്തുക്കൾ വീണ്ടെടുക്കാൻ കഴിയുന്നു. ഇത് പ്രകൃതി വിഭവങ്ങളെയും ഊർജ്ജത്തെയും സംരക്ഷിക്കുന്നു.

2. പാരിസ്ഥിതികാഘാതം കുറയ്ക്കൽ: ഉത്തരവാദിത്തമുള്ള മാലിന്യസംസ്കരണം പാരിസ്ഥിതികമായ ആഘാതം കുറയ്ക്കുകയും ജീവികളുടെ ആവാസവ്യവസ്ഥയിൽ മാലിന്യങ്ങളുണ്ടാക്കുന്ന നാശനഷ്ടങ്ങൾ ചെറുക്കുകയും ചെയ്യുന്നു.

3. സമ്പദ്‌വ്യവസ്ഥക്ക് നേട്ടം: വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുകയും മാലിന്യം കുറയ്ക്കുകയും ചെയ്യുന്നതിലൂടെ ഉപേക്ഷിക്കപ്പെട്ട വസ്തുക്കളുടെ പുനരുപയോഗം സാധ്യമാകുന്നു. അത് സമ്പദ്‌വ്യവസ്ഥക്ക് നഷ്ടം വരാതെ സൂക്ഷിക്കുന്നു.

4. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നു: രോഗവാഹകരുടെ വ്യാപനം, ഭക്ഷണ-ജല സ്രോതസ്സുകളുടെ മലിനീകരണം, ദോഷകരമായ രാസവസ്തുക്കളുമായുള്ള സമ്പർക്കം എന്നിവ തടയുകയുന്നതിലൂടെ ഉത്തരവാദിത്തമുള്ള മാലിന്യസംസ്കരണം മെച്ചപ്പെട്ട പൊതുജനാരോഗ്യം ഉറപ്പാക്കുന്നു.

മാലിന്യങ്ങളെ വ്യത്യസ്ത

ഇനങ്ങളായി തരം തിരിക്കാം. ഫലപ്രദമായ സംസ്കരണരീതികൾ നടപ്പിലാക്കുന്നതിനും മാലിന്യങ്ങൾ പരിസ്ഥിതിക്കും ആരോഗ്യത്തിനും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനും മാലിന്യത്തിന്റെ ഇനങ്ങൾ മനസ്സിലാക്കൽ അനിവാര്യമാണ്.

ഖരമാലിന്യം

വീടുകൾ, സ്ഥാപനങ്ങൾ, വ്യവസായശാലകങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പുറംതള്ളുന്ന വസ്തുക്കളാണ് ഖരമാലിന്യങ്ങൾ. പേപ്പർ, പ്ലാസ്റ്റിക്, ഗ്ലാസ്, ലോഹം, പാക്കേജിംഗ് മെറ്റീരിയലുകൾ, നിർമ്മാണ അവശിഷ്ടങ്ങൾ എന്നിങ്ങനെ വിവിധതരം വസ്തുക്കൾ ഇതിൽ ഉൾപ്പെടുന്നു. മൊത്തം മാലിന്യങ്ങളുടെ പ്രധാന ഭാഗമായ ഖരമാലിന്യത്തിന്റെ ശരിയായ സംസ്കരണം അത്യാവശ്യമാണ്. ലാന്റ്ഫില്ലിംഗ് രീതിയാണ് ഇതിനുള്ള ഫലപ്രദമായ സംസ്കരണ മാർഗം.

ദ്രവമാലിന്യം

രാസവസ്തുക്കളും രോഗകാരികളായ അണുക്കളും അടങ്ങിയ ദ്രാവകങ്ങളാണ് മലിനജലം, ദ്രവമാലിന്യം എന്നീ പേരുകളിൽ അറിയപ്പെടുന്നത്. വീടുകൾ, വ്യവസായശാലകൾ, കൃഷിയിടങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവിടങ്ങളാണ് ഇതിന്റെ പ്രധാന ഉറവിടങ്ങൾ. ജലമലിനീകരണം തടയുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും ദ്രവമാലിന്യസംസ്കരണം അത്യന്താപേക്ഷിതമാണ്. മാലിന്യങ്ങൾ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന രീതി പാടെ മാറ്റേണ്ടതുണ്ട്.

അപകടകരമായ മാലിന്യങ്ങൾ

വിഷാംശം, അഗ്നിബാധ, പ്രതിപ്രവർത്തന ഗുണങ്ങൾ തുടങ്ങിയ കാരണങ്ങളാൽ മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിക്കും ഗണ്യമായ അപകടസാധ്യത സൃഷ്ടിക്കുന്ന വസ്തുക്കളാണ് അപകടകരമായ മാലിന്യങ്ങൾ. വിവിധയിനം രാസവസ്തുക്കൾ, വ്യാവസായിക ഉപോൽപ്പന്നങ്ങൾ, ബാറ്ററികൾ, രാസലായകങ്ങൾ, കീടനാശിനികൾ, റേഡിയോ ആക്ടീവ് വസ്തുക്കൾ പോലുള്ളവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. മണ്ണിന്റെയും ഭൂഗർഭജലത്തിന്റെയും മലിനീകരണം തടയുന്നതിനും രാസവസ്തുക്കളുടെ ചോർച്ച, തീപിടുത്തം പോലുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും അപകടകരമായ മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കേണ്ടത് അനിവാര്യമാണ്.

ഇ-മാലിന്യം

പഴയ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, മൊബൈൽ ഫോണുകൾ, ടെലിവിഷനുകൾ തുടങ്ങി ഉപേക്ഷിക്കപ്പെട്ട ഇലക്ട്രോണിക് ഉപകരണങ്ങളാണ് ഇലക്ട്രോണിക് മാലിന്യം, ഇ-വേസ്റ്റ് തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നത്. ഇവയിൽ ലെഡ്, മെർക്കുറി, കാഡ്മിയം തുടങ്ങിയ അപകടകരമായ വസ്തുക്കൾ ഉണ്ടാകാൻ സാധ്യത ഏറെയാണ്. അവയുടെ സംസ്കരണത്തിന് പ്രത്യേക പരിശീലനം ആവശ്യമാണ്. വിഷവസ്തുക്കൾ പരിസ്ഥിതിയിലെത്തുന്നത് തടയാൻ ഇ-മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കേണ്ടത് അത്യാവശ്യമാണ്. പുനരുപയോഗവും ഉത്തരവാദിത്തത്തോടെയുള്ള സംസ്കരണവും വിലയേറിയ ലോഹങ്ങൾ വീണ്ടെടുക്കാനും ഇലക്ട്രോണിക് മാലിന്യങ്ങളുടെ പാരിസ്ഥിതിക ആഘാതം കുറയ്ക്കാനും സഹായിക്കും.

മാലിന്യങ്ങൾ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നത് വലിയ തോതിലുള്ള മലിനീകരണം, ആരോഗ്യകരമായ അപകടങ്ങൾ, വിഭവനഷ്ടം എന്നിവയിലേക്ക് നയിച്ചേക്കാം. മാലിന്യങ്ങളെ തരംതിരിച്ചും അതിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞും അധികാരികൾക്കും വ്യവസായശാലകൾക്കും വ്യക്തികൾക്കും ഉചിതമായ സംസ്കരണരീതികൾ തെരഞ്ഞെടുക്കാനും പരിസ്ഥിതിദോഷം കുറയ്ക്കാനും പുനരുപയോഗത്തിലൂടെയും മറ്റും വിഭവങ്ങൾ വീണ്ടെടുക്കാനും കഴിയും. പ്രധാനപ്പെട്ട മാലിന്യനിർമാർജന രീതികൾ വായിക്കാം:

ലാന്റ്ഫില്ലിംഗ്

മാലിന്യത്തിന്റെ അളവ്, പാരിസ്ഥിതികാഘാതം എന്നിവ കുറയ്ക്കുന്നതിനായി മാലിന്യങ്ങൾ മണ്ണിനടിയിലോ മറ്റോ ഒതുക്കി മൂടുന്ന രീതിയാണ് ലാന്റ്ഫില്ലിംഗ്. വലിയ അളവിലുള്ള വിവിധ തരം മാലിന്യങ്ങൾ ചെലവു കുറഞ്ഞ രീതിയിൽ സംസ്കരിക്കാൻ ഇതുവഴി കഴിയും. ലീച്ചേറ്റ് (മാലിന്യത്തിലൂടെ ഒഴുകുന്ന ദ്രാവകം) പിടിച്ചെടുക്കാനും സംസ്കരിക്കാനും ഊർജ്ജോൽപ്പാദനത്തിനായി മീഥേൻ ശേഖരിക്കാനുമുള്ള സം

മാലിന്യങ്ങൾ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നത് വലിയ തോതിലുള്ള മലിനീകരണം, ആരോഗ്യകരമായ അപകടങ്ങൾ, വിഭവനഷ്ടം എന്നിവയിലേക്ക് നയിച്ചേക്കാം. മാലിന്യങ്ങളെ തരംതിരിച്ചും അതിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞും അധികാരികൾക്കും വ്യവസായശാലകൾക്കും വ്യക്തികൾക്കും ഉചിതമായ സംസ്കരണരീതികൾ തെരഞ്ഞെടുക്കാനും പരിസ്ഥിതിദോഷം കുറയ്ക്കാനും പുനരുപയോഗത്തിലൂടെയും മറ്റും വിഭവങ്ങൾ വീണ്ടെടുക്കാനും കഴിയും.

മാലിന്യനിർമാർജനത്തിന് ശീലിക്കാവുന്ന ചില മാർഗങ്ങൾ

1. പാക്കേജിംഗ് ഉള്ള വസ്തുക്കൾ വാങ്ങുന്നത് പരമാവധി കുറയ്ക്കുക. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾക്കു പകരം തുണിസഞ്ചികൾ, പേപ്പർ ബാഗുകൾ, പാത്രങ്ങൾ, കുപ്പികൾ എന്നിവ ഉപയോഗിക്കാം.
2. പ്രാദേശികമായ റീസൈക്ലിംഗ് നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പഠിച്ച് പേപ്പർ, പ്ലാസ്റ്റിക്, ഗ്ലാസ്, ലോഹം തുടങ്ങിയ വസ്തുക്കൾ പുനരുപയോഗം നടത്താം.
3. ഭക്ഷണാവശിഷ്ടങ്ങളും മറ്റു ജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനായി വീടുകളിൽ കമ്പോസ്റ്റ് സംവിധാനം തയ്യാറാക്കാം.
4. രാസവസ്തുക്കൾ, ബാറ്ററികൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ ശ്രദ്ധയോടെ കൈകാര്യം ചെയ്യുക. അവ നിക്ഷേപിക്കുന്നതിനായി പ്രത്യേക സ്ഥലങ്ങൾ നിശ്ചയിക്കുക.
5. ആവശ്യമില്ലാത്ത മരുന്നുകൾ ശരിയായി നിർമ്മാർജ്ജനം ചെയ്യുക.
6. ഉപയോഗശൂന്യമായ വസ്തുക്കൾ അവ ശേഖരിക്കുന്നവർക്കോ സംസ്കരിച്ച് പുനരുപയോഗം നടത്തുന്നവർക്കോ ദാനമായി നൽകാം.
7. പ്രാദേശികമായ മാലിന്യനിർമാർജന നിയന്ത്രണങ്ങൾ പാലിക്കാം, നിശ്ചിത ബിന്നുകളിൽ മാത്രം മാലിന്യങ്ങൾ നിക്ഷേപിക്കാം.
8. ഉത്തരവാദിത്തത്തോടെ മാലിന്യനിർമാർജനം നടത്താൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുകയും ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യാം.
9. ശരിയായ മാലിന്യ നിർമാർജനത്തിൽ കുട്ടികൾക്ക് പ്രായോഗിക പരിശീലനങ്ങൾ നൽകാം, പൊതുവിടങ്ങളിലും സ്കൂളുകളിലും മോക്ഡ്രില്ലുകൾ സംഘടിപ്പിക്കാം.
10. പാഠപുസ്തകത്തിൽ പരിസ്ഥിതിപഠനത്തിനും ശുചിത്വബോധത്തിനും പ്രാമുഖ്യം നൽകാം.

വിധാനങ്ങളോടെ രൂപകൽപ്പന ചെയ്ത ലാൻഡ്ഫില്ലിംഗ് സംവിധാനങ്ങൾ ഇന്നുണ്ട്. ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ മണ്ണിടിച്ചിൽ, ഭൂഗർഭജല മലിനീകരണം എന്നിവക്ക് ലാന്റ്ഫില്ലിംഗ് കാരണമായേക്കാം. കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതകമായ മീഥേൻ ഉത്പാദിപ്പിക്കുന്നതും നഗരപ്രദേശങ്ങളിലെ ഭൂമിയുടെ ദൗർലഭ്യതയും ലാന്റ്ഫില്ലിംഗ് രീതിയുടെ പരിമിതികളാണ്.

പുനരുപയോഗം

മാലിന്യത്തിൽ നിന്ന് അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് സംസ്കരിച്ചെടുത്ത് പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി വീണ്ടും ഉപയോഗിന്ന രീതിയാണിത്. പേപ്പർ, പ്ലാസ്റ്റിക്, ഗ്ലാസ്, ലോഹങ്ങൾ തുടങ്ങിയവയാണ് ഇങ്ങനെ പുനരുപയോഗിക്കാറുള്ളത്. ഇതിലൂടെ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കാനും ഊർജ്ജ ഉപഭോഗവും ഹരിത ഗൃഹ വാതകങ്ങളുടെ ഉദ്വമനവും കുറയ്ക്കാനും സാധിക്കും. കൂടാതെ, പുനരുപയോഗം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പരിസ്ഥിതിസംരക്ഷണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ചെലവേറിയതും ഫലപ്രദവുമായ ശേഖരണ, തരംതിരിക്കൽ സംവിധാനങ്ങൾ ആവശ്യമാണെന്നതും എല്ലാ മാലിന്യങ്ങളും പുനരുപയോഗത്തിന് പറ്റില്ലെന്നതുമാണ് ഈ രീതിയുടെ പ്രധാന വെല്ലുവിളി.

കമ്പോസ്റ്റിംഗ്

ഭക്ഷണാവശിഷ്ടങ്ങൾ, കരിയിലകൾ തുടങ്ങിയ ജൈവമാലിന്യങ്ങൾ സ്വാഭാവികമായി വിഘടിപ്പിച്ച് പോഷകസമൃദ്ധമായ മണ്ണൊരുക്കുന്ന പ്രക്രിയയാണ് കമ്പോസ്റ്റിംഗ്. സൂക്ഷ്മാണുക്കൾ ജൈവവസ്തുക്കളെ വിഘടിപ്പിച്ച് കമ്പോസ്റ്റാക്കി മാറ്റുന്നതിലൂടെ ജൈവ മാലിന്യങ്ങൾ ഇല്ലാതാക്കാനും മണ്ണിന്റെ ഫലഭൂയിഷ്ടത വർദ്ധിപ്പിക്കാനും രാസവളങ്ങളുടെ ആവശ്യകത കുറയ്ക്കാനും സഹായിക്കുന്നു. വീട്ടിൽ വലിയ അധ്വാനമോ പണച്ചെലവോ ഇല്ലാതെ കമ്പോസ്റ്റ് നിർമിക്കാവുന്നതാണ്. ദുർഗന്ധവും കീടപ്രശ്നങ്ങളും ഒഴിവാക്കാൻ കമ്പോസ്റ്റിംഗിന് ശരിയായ പരിചരണം

ആവശ്യമാണ്. എല്ലാ ജൈവവസ്തുക്കളും കമ്പോസ്റ്റിംഗിന് അനുയോജ്യമല്ലെന്നതും ജനസാന്ദ്രതയുള്ള നഗരപ്രദേശങ്ങളിൽ പ്രായോഗികമാകില്ലെന്നതും ഈ രീതിയുടെ പരിമിതികളാണ്.

ദഹിപ്പിക്കൽ

ഉയർന്ന താപനിലയിൽ മാലിന്യങ്ങൾ കത്തിച്ചുകളയുന്നതാണ് ഇൻസിനറേഷൻ അഥവാ ദഹിപ്പിക്കൽ. മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും ഊർജ്ജോത്പാദനത്തിനും ഇത് സഹായിക്കുന്നു. ഉദ്‌വമനം കുറയ്ക്കുന്നതിനുള്ള നിയന്ത്രണ സംവിധാനങ്ങളോടെയുള്ള ആധുനിക ഇൻസിനറേറ്ററുകൾ ഇന്നുണ്ട്. സ്ഥാപിക്കാൻ വലിയ പണച്ചെലവുണ്ടെന്നതും തുടർച്ചയായ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നതും ഉദ്‌വമന സാധ്യതകളും ഈ രീതിയുടെ പരിമിതികളാണ്.

മലിനജല സംസ്കരണം

വീടുകൾ, വ്യവസായശാലകൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം സംസ്കരിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റും ഉപയോഗപ്പെടുത്തുന്നതിനാണ് മലിനജല സംസ്കരണ പ്ലാന്റുകൾ പ്രവർത്തിക്കുന്നത്. മലിനജല സംസ്കരണം ജലത്തിന്റെ ഗുണനിലവാരം സംരക്ഷിക്കുകയും ജലജന്യരോഗങ്ങളെ തടയുകയും ചെയ്യുന്നു. സംസ്കരിച്ച ജലം പ്രകൃതിദത്ത ജലാശയങ്ങളിലൊഴുക്കുകയോ ജലസേചനത്തിനായി വീണ്ടും ഉപയോഗിക്കുകയോ ചെയ്യാം. ശരിയായ പരിപാലനവും സംവിധാനങ്ങളുടെ കാര്യക്ഷമതയും മലിനജല സംസ്കരണ പ്ലാന്റുകളിൽ പലപ്പോഴും വെല്ലുവിളിയാകാറുണ്ട്.

മാലിന്യനിർമാർജനത്തിനും ശുചിത്വത്തിനും ഇസ്‌ലാം ഏറെ പ്രോത്സാഹനം നൽകിയിട്ടുണ്ട്. അബൂമാലികിൽ അശ്അരി(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: ശുദ്ധി വിശ്വാസത്തിന്റെ പാതിയാകുന്നു. (മുസ്‌ലിം 223) വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവക്കുപുറമെ ആത്മീയവിശുദ്ധിക്കും ഇസ്‌ലാം പ്രാധാന്യം നൽകിയിട്ടുണ്ട്. ഇസ്‌ലാമിലെ ആരാധനാകർമങ്ങളുടെ അടിസ്ഥാനമാണ് ശുദ്ധീകരണം. ദന്തശുദ്ധീകരണം, കൈകാലുകളുടെ ശുദ്ധീകരണം, വിസർജ്യങ്ങളിൽ നിന്നുള്ള ശുദ്ധീകരണം തുടങ്ങിയവ ഇസ്‌ലാമിക കർമ്മശാസ്ത്രത്തിൽ വളരെ പ്രാധാന്യത്തോടെ പരാമർശിച്ചിട്ടുണ്ട്.

മാനസികാരോഗ്യം

പ്രസവാനന്തര വിഷാദം വർധിക്കുന്നു

പ്രസവാനന്തരം സ്ത്രീകളെ അലട്ടുന്ന പോസ്റ്റ്പാർട്ടം ഡിപ്രഷൻ (പ്രസവാനന്തര വിഷാദം) വർധിക്കുന്നതായി മാനസികാരോഗ്യ വിദഗ്ധർ. ലക്ഷണങ്ങൾ അവഗണിക്കുന്നതും ചികിത്സ തേടാൻ മടിക്കുന്നതും രോഗം സങ്കീർണമാക്കുന്നതായും വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. 40 ശതമാനം സ്ത്രീകളിലും ഈ അവസ്ഥ കാണുന്നുവെങ്കിലും 10 ശതമാനം മാത്രമാണ് ചികിത്സ തേടുന്നതെന്നും തിരുവനന്തപുരം മെഡിക്കൽ കോളജ് സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ. അരുൺ ബി നായർ അഭിപ്രായപ്പെടുന്നു. ഈയിടെ കുഞ്ഞിനെ കൊലപ്പെടുത്തി വാർത്തകളിൽ നിറയുകയും ഒടുവിൽ ഭർതൃവീട്ടിൽ മരിച്ചനിലയിൽ കണ്ടെത്തുകയും ചെയ്ത കൊല്ലം സ്വദേശിനി ഈ അവസ്ഥയുടെ പിടിയിലായിരുന്നത്രെ. ഒട്ടേറെ ഗർഭിണികളിൽ ഇത്തരം മാനസികാവസ്ഥ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പലരും ഇന്ന് ചികിത്സയിലുണ്ട്.

പോസ്റ്റ്പാർട്ടം ഡിപ്രഷൻ

പ്രസവാനന്തരം ഹോർമോൺ വ്യതിയാനത്തിലൂടെ 80 ശതമാനം സ്ത്രീകളിലും 'പോസ്റ്റ്പാർട്ടം ബ്യൂസ്' എന്ന വിഷാദ ലക്ഷണങ്ങൾ അനുഭവപ്പെടും. ഇത് നാലാഴ്ചക്കുള്ളിൽ മാറും. അതിനുശേഷവും വിഷാദാവസ്ഥ തുടരുന്നതാണ് പോസ്റ്റ്പാർട്ടം ഡിപ്രഷൻ.

കാരണങ്ങൾ

ഗർഭാവസ്ഥയിലുണ്ടാകുന്ന ഉയർന്ന ഈസ്ട്രജൻ, പ്രോജസ്ട്രോൺ ഹോർമോണുകളുടെ അളവ് പ്രസവശേഷം പെട്ടെന്ന് കുറയുന്നത്, പ്രസവാനന്തര വേദന, ഉറക്കമില്ലായ്മ, വിഷാദം, ഉത്കണ്ഠ, ദാമ്പത്യപ്രശ്നങ്ങൾ, ആസൂത്രിതമല്ലാത്ത ഗർഭധാരണം, കുഞ്ഞുങ്ങളെ പരിചരിക്കുന്നതിലെ സമ്മർദം, ഏകാന്തത.

ലക്ഷണങ്ങൾ

തുടർച്ചയായ ദുഃഖം, കരയാനുള്ള പ്രവണത, അമിത ക്ഷീണം, വിശപ്പില്ലായ്മ അല്ലെങ്കിൽ അമിതമായി ഭക്ഷണം കഴിക്കുക, ഉറങ്ങാൻ ബുദ്ധിമുട്ട് അല്ലെങ്കിൽ അമിതമായ ഉറക്കം, കുഞ്ഞിനോട് അകൽച്ച തോന്നുക, നല്ല അമ്മയല്ലെന്ന തോന്നൽ, കുറ്റബോധം, നിസ്സഹായത, അമിതമായ ഉത്കണ്ഠ, പരിഭ്രാന്തി.

ഹനഫീ ഫിഖ്ഹ്

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

ശാഫിഈ മദ്ഹബുകാരനെ തുടർന്നു നിസ്കരിക്കുമ്പോൾ

ചോദ്യം: ഉള്ഹിയ്യത്ത് നമ്മുടെ മദ്ഹബിൽ വാജിബും ശാഫിഈ മദ്ഹബിൽ സുന്നത്തുമാണല്ലോ? ഒരു മാടിൽ പങ്കുചേരുന്ന ഏഴിൽ നാലു പേർ ശാഫിഈ മദ്ഹബുകാരായാൽ വാജിബ് എന്ന നിയമം വീടുമോ? സത്താർ, കല്ലാർ.

ഉത്തരം: ഒരു മാടിൽ കൂറുകാരാകുന്ന എല്ലാവരും ഏതെങ്കിലും ഒരു ആരാധനാകർമം (ഖുർബത്ത്) എന്ന നിലക്ക് അറവ് നടത്തുന്നുവെന്നു കരുതണമെന്ന് നിബന്ധനയുണ്ട്. അതായത്, ഹജ്ജിൽ നിയമമായ ഖിറാൻ, തമത്തുഅ് തുടങ്ങിയവയുടെ അറവുകൾ പോലുള്ള കാര്യങ്ങൾ. വെറും മാംസത്തിന് വേണ്ടി അവരിൽ ആരും പ്രസ്തുത മൃഗത്തിൽ പങ്കുചേരാൻ പാടില്ല. അങ്ങനെ പങ്കുചേർന്നാൽ ആരുടെയും ഉള്ഹിയ്യത്ത് വീടുന്നതല്ല. (അൽജൗഹറത്തുന്നയ്യിറഃ 2/187,188) ഒരു മാടിലെ കൂറുകാരിൽ ചിലർ ശാഫിഈ മദ്ഹബുകാർ ആകുന്നതുകൊണ്ട് കുഴപ്പമില്ല.

ചോദ്യം: രണ്ട് പെരുന്നാൾ നിസ്കാരങ്ങൾ വാജിബാണല്ലോ, ശാഫിഈമദ്ഹബുകാരനായ ഇമാമിനെ തുടർന്ന് നിസ്കരിക്കുമ്പോൾ ശാഫിഈ മദ്ഹബ് തഖ്ലീദ് ചെയ്യുകയാണോ വേണ്ടത്? ഹനഫീമദ്ഹബായി തന്നെ നിസ്കരിക്കാമോ? മുഹമ്മദ് ഹകീം, പൊൻകുന്നം.

ഉത്തരം: ഹനഫീ മദ്ഹബുകാരൻ ശാഫിഈ മദ്ഹബുകാരനായ ഇമാമിനെ തുടർന്ന് നിസ്കരിക്കുന്നതിന് മൂന്ന് അവസ്ഥകളുണ്ട്.

ഒന്ന്: ശാഫിഈമദ്ഹബുകാരനായ ഇമാം ഹനഫീമദ്ഹബ് അനുസരിച്ചുള്ള ശർത്വുകളും ഫർളുകളും പാലിക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്ന ആളായിരിക്കുക. ഇങ്ങനെയുള്ള ശാഫിഈ മദ്ഹബുകാരനായ ഇമാമിനെ തുടർന്ന് നിസ്കരിക്കുന്നത് കറാഹത്ത് പോലുമല്ല.

രണ്ട്: ശാഫിഈ മദ്ഹബുകാരനായ ഇമാം ഹനഫീമദ്ഹബ് അനുസരിച്ചുള്ള ശർത്വുകളും ഫർളുകളും പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ആളായിരിക്കുക. അഥവാ ഹനഫീമദ്ഹബ് അനുസരിച്ചുള്ള ഏതെങ്കിലും ശർത്വോ ഫർളോ ഇമാം ഉപേക്ഷിച്ചിട്ടുണ്ടെന്ന് ഹനഫീയായ മഅ്മൂമിന് ഉറപ്പുണ്ടായിരിക്കുക. ഈ അവസരത്തിൽ ആ ഇമാമിനെ തുടർന്ന് നിസ്കരിക്കാൻ പാടില്ല. നിസ്കാരം ശരിയാകുന്നതല്ല.

മൂന്ന്: ശർത്വുകളും ഫർളുകളും പാലിക്കുന്നതിൽ സൂക്ഷ്മത പുലർത്തുമെന്നോ വീഴ്ചവരുത്തുമെന്നോ ഉറപ്പില്ലാതിരിക്കുക. ഈ സന്ദർഭത്തിൽ തുടർന്ന് നിസ്കരിക്കൽ കറാഹത്താണ്. (അൽബഹ്റുർറാഇഖ് 4/7983) മറ്റു മദ്ഹബുകളിലെ ശർത്വുകളും ഫർളുകളും കൃത്യമായി പാലിക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നവരല്ല പൊതുവെ പള്ളി ഇമാമുമാർ എന്നതാണല്ലോ നിലവിലുള്ള അവസ്ഥ. ആയതിനാൽ ശാഫിഈ മദ്ഹബുകാരനായ ഇമാമിനെ തുടർന്ന് നിസ്കരിക്കൽ ഹനഫീ മദ്ഹബുകാരന് കറാഹത്താണ്. ഹനഫീയായ വ്യക്തിക്ക് ശാഫിഈ മദ്ഹബിലെ നിസ്കാരത്തിന്റെ ശർത്വുകളും ഫർളുകളും അനുസരിച്ച് കൃത്യമായി നിസ്കരിക്കാൻ അറിയുമെങ്കിൽ ശാഫിഈ മദ്ഹബ് തഖ്ലീദ് ചെയ്ത് നിസ്കരിക്കുകയാണ് വേണ്ടത്.

ചോദ്യം: ആദ്യത്തെ അത്തഹിയ്യാത്തിൽ നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിയാൽ സഹ്‌വിന്റെ സുജൂദ് ചെയ്യേണ്ടതുണ്ടോ? ഫാത്തിമ, നെടുംകുന്നം.

ഉത്തരം: ആദ്യത്തെ അത്തഹിയ്യാത്തിനു ശേഷം നബി(സ) യുടെ മേൽ സ്വലാത്ത് ചൊല്ലൽ കറാഹത്താണ്. മറന്ന് സ്വലാത്ത് ചൊല്ലിയാൽ സഹ്‌വിന്റെ സുജൂദ് ചെയ്യണം. (അല്ലുബാബ് 1/96)

ചോദ്യം: നമ്മുടെ മദ്ഹബിൽ അന്യസ്ത്രീകളെ തൊട്ടാൽ വുളൂഅ് മുറിയില്ലല്ലോ. എന്നാൽ ശാഫിഈ മദ്ഹബിൽ വുളൂഅ് മുറിയും. എങ്ങനെയാണ് മദ്ഹബുകളിൽ ഇങ്ങനെ വ്യത്യസ്ത നിയമം വന്നത്? സുമയ്യ, തൊടുപുഴ.

ഉത്തരം: വിശുദ്ധ ഖുർആൻ ആയത്തുകളുടെ വിശദീകരണങ്ങളിലും ഹദീസുകൾ വിശ്വാസയോഗ്യമായ പരമ്പരകളിലൂടെ സ്ഥിരപ്പെടുന്ന വിഷയത്തിലും ഇമാമുകൾക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ് മദ്ഹബുകൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാകാനുള്ള കാരണങ്ങളിലൊന്ന്.

സൂറത്തുന്നിസാഅ് 43-ാം ആയത്തിന്റെ വ്യാഖ്യാനവും നബി(സ) ഭാര്യമാരിൽ ചിലരെ ചുംബിച്ച ശേഷം വുളൂഅ് ചെയ്യാതെ നിസ്കരിച്ചു എന്ന ഹദീസ് വിശ്വാസയോഗ്യമായ പരമ്പരയിലൂടെ സ്ഥിരപ്പെട്ടതാണോ എന്നതിൽ വന്ന അഭിപ്രായവ്യത്യാസവുമാണ് ചോദ്യത്തിൽ പറഞ്ഞ കാര്യത്തിൽ മദ്ഹബുകൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാകാനുള്ള കാരണം.

നോവൽ

മുജ്തബ നസ്വീഹ്

8

ഓർമ്മകളുടെ അറപ്പുര

നാത്തൂനും പോരും

കളിചിരികളുമായി കടന്നുപോയ ബാല്യവും കൗമാരവും എന്തെല്ലാം വർണ്ണചിത്രങ്ങളാണ് മനസ്സാകുന്ന ക്യാൻവാസിൽ വരച്ചിട്ടിരിക്കുന്നത്! അവയെല്ലാം മായാതെ, മങ്ങാതെ ഇന്നും അങ്ങനെത്തന്നെ നിലനിൽക്കുന്നുണ്ടല്ലോ. അതൊരു മനോഹരകാലം തന്നെയായിരുന്നു. മധുരവും കൈപ്പും നിറഞ്ഞ, കണ്ണീരും പുഞ്ചിരിയും നിറഞ്ഞ കാലം. എല്ലാവർക്കുമുണ്ടാവുമല്ലോ അത്തരം ഒരു കാലം. മധുരവും ചിരിയും തന്നെയായിരുന്നു മുമ്പിൽ. കൈപ്പും കണ്ണീരുമൊക്കെ പെട്ടെന്നു വരും, വന്നപോലെ മറയുകയും ചെയ്യും. ഉമ്മയുടെയോ ഉസ്താദിന്റെയോ മാഷിന്റെയോ കൈയിൽ നിന്നു കിട്ടിയ അടികൾ, അവരുടെ കുറ്റപ്പെടുത്തലുകൾ, കൂട്ടുകാരുടെ പിണക്കം, പരിഹാസം... അവയൊക്കെ എത്ര പെട്ടെന്നായിരുന്നു മറക്കാൻ കഴിഞ്ഞിരുന്നത്. വലുതായപ്പോഴോ, കൈപ്പുകളും കണ്ണീരുകളും മനസ്സിനെ ഇങ്ങനെ കുത്തിനോവിക്കുന്നല്ലോ.

> നാത്തൂൻപോരെന്താണെന്ന് മനസ്സിലായില്ല. അപ്പോഴാണ് ചോദിച്ചുപോയത്: 'നാത്തൂനെന്നാൽ ആരാ?' കൂട്ടുകാരികളുടെ കൂട്ടച്ചിരി. 'ഒരു പാവം പെണ്ണ്... കല്യാണം കഴിഞ്ഞാലറിയാട്ടോ... ആരാ നാത്തൂനെന്ന്.' അവർ കളിയാക്കിയപ്പോൾ വല്ലാതായിപ്പോയത് ഓർമ്മയുണ്ട്. അങ്ങനെയാണല്ലോ, കല്യാണത്തിന്റെ കഥയൊക്കെ പറയുമ്പോൾ മുഖം ചുവക്കും. നാണം കൊണ്ട് തല കുനിഞ്ഞുപോകും.

എന്നാലും ഓർക്കാനുണ്ട്, ചില മധുരങ്ങൾ. പതിനഞ്ചിന്റെ നിറവിൽ കൂട്ടുകാരികളോടൊത്തുള്ള തമാശകൾ, വർത്തമാനങ്ങൾ, കഥ പറച്ചിലുകൾ... സ്കൂൾവളപ്പിലെ മാവിൻചോട്ടിലായിരുന്നല്ലോ പെൺകുട്ടികളുടെ സഭചേരലുകൾ നടന്നിരുന്നത്. നാട്ടിലെ വിശേഷങ്ങളെല്ലാം അവിടെ വർത്തമാനങ്ങളിൽ കടന്നുവന്നിരുന്നുവല്ലോ. നാട്ടിൽ നടക്കുന്ന കല്യാണങ്ങൾ, വീട് കൂടലുകൾ, പ്രസവങ്ങൾ, പെണ്ണുകാണലുകൾ, പ്രേമങ്ങൾ, പിണക്കങ്ങൾ, അടുക്കളക്കലഹങ്ങൾ, നാത്തൂൻപോരുകൾ, അമ്മായിപ്പോരുകൾ, വേർപിരിയലുകൾ, മരണങ്ങൾ... അങ്ങനെ എന്തെല്ലാം കഥകൾ.

നാജിയയാണ് ഒരു ദിവസം അയലത്തെ വീട്ടിലെ നാത്തൂൻ പോരിന്റെ കഥ പറഞ്ഞുതുടങ്ങിയത്. അങ്ങനെയൊന്ന് ആദ്യമായി കേൾക്കുകയായിരുന്നു. രണ്ടു പെണ്ണുങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ചീത്ത പറയുകയും അവസാനം തല്ലു കൂടുകയും ചെയ്ത കഥയാണ്. എന്നാൽ നാത്തൂൻ പോരെന്താണെന്ന് മനസ്സിലായില്ല. അപ്പോഴാണ് ചോദിച്ചുപോയത്: 'നാത്തൂനെന്നാൽ ആരാ?' കൂട്ടുകാരികളുടെ കൂട്ടച്ചിരി.

'ഒരു പാവം പെണ്ണ്... കല്യാണം കഴിഞ്ഞാലറിയാട്ടോ... ആരാ നാത്തൂനെന്ന്.' അവർ കളിയാക്കിയപ്പോൾ വല്ലാതായിപ്പോയത് ഓർമ്മയുണ്ട്. അങ്ങനെയാണല്ലോ, കല്യാണത്തിന്റെ കഥയൊക്കെ പറയുമ്പോൾ മുഖം ചുവക്കും. നാണം കൊണ്ട് തല കുനിഞ്ഞുപോകും.

അപ്പോഴാണ് ജമീല തുണക്കെത്തിയത്. എപ്പോഴും രക്ഷക്കെത്താറുള്ളത് അവൾ തന്നെയാണല്ലോ. മുഖം ചെവിക്കടുത്തേക്കു വെച്ച് അവൾ പറഞ്ഞു: 'ന്റെ റസിയക്കുട്ട്യേ, നീയൊരു മണ്ടിപ്പെണ്ണ് തന്നെ. നാത്തൂനാരാണ് ന്നറിയില്ലേ? ന്റെ ഇക്കാക്ക നെന്നെ കല്യാണം കഴിച്ചെന്നു വിചാരിക്ക്. അപ്പോ ഞാൻ നെന്റെ നാത്തൂനാവും ട്ടോ.'

അടുത്തിരിക്കുന്ന മറിയക്കുട്ടി അത് ചെവിയോർത്തു. അവൾ ഒരു അട്ടഹാസം: 'അപ്പോ... അത് ഉറപ്പിച്ചു കഴിഞ്ഞല്ലേ?'

'എന്ത്?' എല്ലാവരുംകൂടി ചോദിക്കുന്നു. മറിയക്കുട്ടിയുടെ പ്രഖ്യാപനം: 'ജമീലാന്റെ ഇക്കാക്കയാണ് ട്ടോ ഈ റസിയക്കുട്ടീനെ കല്യാണം കഴിക്ക്വാ... അതുറപ്പിച്ചു കഴിഞ്ഞതാ.'

'എടീ, നെന്റെ കല്യാണം ഇപ്പത്തന്നെ ഉറപ്പിച്ചോ? പത്താം ക്ലാസ്സ് പോലും കഴിയാതെ?'

അമ്പരന്നിരുന്നു പോയല്ലോ ജമീലയും, 'ഞാനങ്ങനെ പറഞ്ഞിട്ടൊന്നുമില്ല' എന്ന അവളുടെ നിഷേധം ആരു കേൾക്കാൻ! അന്നു തുടങ്ങിയതാണ് കൂട്ടുകാരികളുടെ കളിയാക്കലുകൾ. ക്ലാസിലും പിന്നെ സ്കൂളിലാകെയും അതു പാട്ടാകാൻ അധികസമയമൊന്നും വേണ്ടിവന്നില്ലല്ലോ. അങ്ങനെയാണ് അപവാദങ്ങളുടെ പരക്കൽ. എത്ര പെട്ടെന്നാണത് നാടുനീളെ പരക്കുന്നത്!

അന്നു മുതൽ പ്രാർത്ഥനയായിരുന്നു; പടച്ചോനേ, ഈ വാർത്ത വാപ്പയുടെ ചെവിയിലെത്തരുതേയെന്ന്. വാപ്പയെങ്ങാനും അറിഞ്ഞാൽ അന്ന് നിൽക്കും ഈ റസിയ

> **ഭാവിയിൽ ആരായിത്തീരണമെന്ന ചർച്ച ക്ലാസ്സിൽ സാധാരണമാണ്. ഡോക്ടറാവണം, നേഴ്സാവണം, എൻജിനീയറാവണം, മാഷാവണം, ടീച്ചറാവണം, ബിസിനസ്സുകാരനാവണം, ക്ലാർക്കാവണം... എന്നിങ്ങനെ കൂട്ടുകാരൊക്കെ ഓരോന്നു പറയുമ്പോൾ ഈ റസിയക്കുട്ടി മൗനത്തിലായിരുന്നല്ലോ.**

യുടെ സ്കൂളിൽ പോക്ക്.

ഭാവിയിൽ ആരായിത്തീരണമെന്ന ചർച്ച ക്ലാസ്സിൽ സാധാരണമാണ്. ഡോക്ടറാവണം, നേഴ്സാവണം, എൻജിനീയറാവണം, മാഷാവണം, ടീച്ചറാവണം, ബിസിനസ്സുകാരനാവണം, ക്ലാർക്കാവണം... എന്നിങ്ങനെ കൂട്ടുകാരൊക്കെ ഓരോന്നു പറയുമ്പോൾ ഈ റസിയക്കുട്ടി മൗനത്തിലായിരുന്നല്ലോ. ആ മൗനത്തിന്നവർ കാരണം കണ്ടെത്തി; 'അവളിനി ജോലിക്കൊന്നും പോകില്ലല്ലോ. അവന്റെ കൂടെ കല്യാണം കഴിഞ്ഞങ്ങനെ...'

എത്ര പെട്ടെന്നാണ് മാസങ്ങൾ കടന്നുപോയത്! ഡിസംബർപരീക്ഷയോടെ തന്നെ കഠിനാധ്വാനത്തിലായിരുന്നു മാഷുമാരും കുട്ടികളും. ചുരുങ്ങിയത് ഫസ്റ്റ് ക്ലാസെങ്കിലും വാങ്ങണമെന്ന വാശി മനസ്സിൽ കയറ്റാനായിരുന്നു എല്ലാവരുടെയും ശ്രമം. ആ വാശി മനസ്സിലുണ്ടായതുകൊണ്ടുതന്നെ അവരോടൊപ്പം ചേർന്ന് വായനയോട് വായന. പാതിരയോളമിരുന്നു പഠനം. അപ്പോഴൊക്കെ ഉമ്മ പറയും: 'മതിയെടീ പഠിച്ചത്, ഇത്തിരി നേരം കിടന്നുറങ്ങിക്കോ.'

ഉമ്മാക്ക് വിഷമമുണ്ടാകുമല്ലോ, റസിയക്കുട്ടി ഇങ്ങനെ ഉറക്കൊഴിച്ചിരിക്കുന്നതിൽ. സ്കൂൾ വിട്ടുവന്നാൽ പിന്നെ വീട്ടിൽ പണികളാണ്. അലക്കാനും അടിക്കാനും തുടക്കാനുമൊക്കെയുണ്ടാകും. ഉമ്മ വേദനകൊണ്ട് പുളയുകയാണെങ്കിൽ രാത്രി ഭക്ഷണമുണ്ടാക്കുന്നതും റസിയക്കുട്ടി

കിണഞ്ഞുപഠിച്ചെങ്കിലും പരീക്ഷയടുത്തപ്പോൾ തോന്നി, പാസ്മാർക്ക് പോലും നേടാൻ കഴിയില്ലെന്ന്. പഠിച്ചതൊന്നും ഓർത്തെടുക്കാൻ കഴിയുന്നില്ല. എന്നിട്ടും റിസൾട്ട് വന്നപ്പോൾ അത്ഭുതപ്പെട്ടുപോയി, ഫസ്റ്റ് ക്ലാസോടെ പാസായിരിക്കുന്നു. പിന്നെ എന്തെല്ലാം പ്രലോഭനങ്ങൾ! കോളേജിൽ ചേരണം, സയൻസ് പഠിക്കണം എന്നിങ്ങനെ.

യുടെ ജോലി തന്നെ. അതെല്ലാം കഴിഞ്ഞല്ലേ പഠിക്കാനിരിക്കുന്നത്! ക്ഷീണം കൊണ്ട് ചിലപ്പോൾ പുസ്തകത്തിൽ കമിഴ്ന്നു കിടന്നുറങ്ങിപ്പോകും. തലക്കടുത്തിരുന്ന് എരിയുന്ന മണ്ണെണ്ണവിളക്കിന്റെ കാര്യം മറന്നുപോകും. അതുകൊണ്ടുതന്നെ ഉമ്മ ഉറങ്ങാതെ എന്നും ശ്രദ്ധിക്കാറുണ്ടായിരുന്നല്ലോ.

കിണഞ്ഞുപഠിച്ചെങ്കിലും പരീക്ഷയടുത്തപ്പോൾ തോന്നി, പാസ്മാർക്ക് പോലും നേടാൻ കഴിയില്ലെന്ന്. പഠിച്ചതൊന്നും ഓർത്തെടുക്കാൻ കഴിയുന്നില്ല. എന്നിട്ടും റിസൾട്ട് വന്നപ്പോൾ അത്ഭുതപ്പെട്ടുപോയി, ഫസ്റ്റ് ക്ലാസോടെ പാസായിരിക്കുന്നു. പിന്നെ എന്തെല്ലാം പ്രലോഭനങ്ങൾ! കോളേജിൽ ചേരണം, സയൻസ് പഠിക്കണം എന്നിങ്ങനെ. പക്ഷേ, ഇനി പഠനമെന്നത് അടഞ്ഞ അധ്യായമാണെന്നുറപ്പായിരുന്നു. പത്താം ക്ലാസ് പൂർത്തിയാക്കാനുള്ള അനുമതി മാത്രമാണല്ലോ വാപ്പ തന്നിരിക്കുന്നത്. അതുകൊണ്ടുതന്നെ, മോഹമുണ്ടായിരുന്നെങ്കിലും ആ ചിന്ത മാറ്റിവെച്ചു. ഉമ്മയോടു പോലും അങ്ങനെയൊരാഗ്രഹം പറഞ്ഞതേയില്ല.

ജമീലയും മറ്റു കൂട്ടുകാരികളുമൊക്കെ കോളേജിൽ ചേർന്നപ്പോഴും തികഞ്ഞ മൗനത്തിലായിരുന്നല്ലോ റസിയക്കുട്ടി. ജമീല വന്നു കേണു പറഞ്ഞു: 'എടീ, നീയും വാ എന്റെ കൂടെ കോളേജിലേക്ക്. നമുക്കൊരു കോളേജിലേക്ക് അപ്ലിക്കേഷൻ കൊടുക്കാം. നീയില്ലാതെ പോകാനെനിക്കു വയ്യെടീ.' അന്ന് തീർത്തു പറഞ്ഞതാണ്; 'വാപ്പാക്കിഷ്ടല്ലാതെ ഞാനെങ്ങോട്ടും പോകുന്നില്ലെടീ.'

*** *** ***

ഇശാ നിസ്കാരം കഴിഞ്ഞ് ഉമ്മയോടൊപ്പം

ഭക്ഷണം കഴിക്കുമ്പോഴാണ് മുറ്റത്ത് കാൽപ്പെരുമാറ്റം കേട്ടത്. രണ്ടുപേരും മുഖത്തോടു മുഖം നോക്കി. ആരായിരിക്കും ഈ സമയത്ത് വന്നിരിക്കുന്നത്? വാപ്പ വരാനുള്ള സമയമായിട്ടില്ലല്ലോ. പള്ളിയിലെ ഇശാ നിസ്കാരവും ഹദ്ദാദുമൊക്കെ കഴിഞ്ഞാണ് വാപ്പയിറങ്ങുക. അധിക ദിവസവും ഏതെങ്കിലും വീട്ടിൽ പോകാനുണ്ടാവും, യാസീൻ ഓതാൻ, ബദ്ർബൈത്തോ നഫീസത്ത് മാലയോ മുഹ്‌യിദ്ദീൻ മാലയോ മൗലിദോ ഒക്കെ ചൊല്ലാൻ. അതുകഴിഞ്ഞ് അവിടെനിന്ന് ഭക്ഷണവും കഴിച്ചാണ് വീട്ടിലേക്കു വരിക. അപ്പോഴേക്കും കിടന്നുറങ്ങാനുള്ള സമയമായിട്ടുണ്ടാവും. ചിലപ്പോൾ കുട്ടികളെല്ലാം ഉറങ്ങിക്കഴിഞ്ഞ ശേഷമായിരിക്കും വാപ്പയെത്തുക.

സംശയിച്ചു നിൽക്കുമ്പോൾ കാറിത്തുപ്പുന്ന ശബ്ദം കേട്ടു. അത് വാപ്പയുടേതുതന്നെ. ഇന്നെന്താണിത്ര നേരത്തെ വന്നത്? പടച്ചോനേ, വാപ്പക്ക് പറ്റിയ ഭക്ഷണമൊന്നും ഉണ്ടാക്കിയിട്ടില്ല. ഉമ്മ വേവലാതി കൊള്ളാൻ തുടങ്ങി.

ഓടിച്ചെന്നു വാതിൽ തുറന്നു. വാപ്പ അസ്സലാമു അലൈക്കും എന്നു പറഞ്ഞ് ഉമ്മറത്തേക്കു കയറി. 'മോളേ, എന്തെടുക്കുകയായിരുന്നു?' വാപ്പ ചോദിക്കുന്നു.

ആ ഒരു ചോദ്യത്തിൽ നിന്നു തന്നെ മനസ്സിലാക്കാം, ഇന്ന് വാപ്പ നല്ല മൂഡിലാണെന്ന്. അധികദിവസവും ഒന്നും ചോദിക്കാറും പറയാറുമില്ലല്ലോ. 'ഉമ്മ എവിടെപ്പോയി മോളേ?' ഒന്നുമങ്ങോട്ട് പറയുന്നതിനു മുമ്പു തന്നെ അടുത്ത ചോദ്യം വന്നു. 'ഞാനിവിടെയുണ്ടല്ലോ.' പ്രതികരിച്ചുകൊണ്ട് ഉമ്മയും പുറത്തേക്ക് വന്നു.

സംശയിച്ചു നിൽക്കുമ്പോൾ കാറിത്തുപ്പുന്ന ശബ്ദം കേട്ടു. അത് വാപ്പയുടേതുതന്നെ. ഇന്നെന്താണിത്ര നേരത്തെ വന്നത്? പടച്ചോനേ, വാപ്പക്ക് പറ്റിയ ഭക്ഷണമൊന്നും ഉണ്ടാക്കിയിട്ടില്ല. ഉമ്മ വേവലാതി കൊള്ളാൻ തുടങ്ങി.

ഓടിച്ചെന്നു വാതിൽ തുറന്നു. വാപ്പ അസ്സലാമു അലൈക്കും എന്നു പറഞ്ഞ് ഉമ്മറത്തേക്കു കയറി. 'മോളേ, എന്തെടുക്കുകയായിരുന്നു?' വാപ്പ ചോദിക്കുന്നു.

'ങാ, രണ്ടാളുമുണ്ടല്ലേ. കാര്യമിപ്പോൾ തന്നെ പറയാലോ...' എന്തോ വിശേഷം പറയാനുണ്ടെന്ന മട്ടിൽ ബാപ്പ ഉമ്മറത്തെ ചാരുകസേരയിൽ ചെന്നിരുന്നു.

'എന്താ, എന്താ ണ്ടായത്?' ഉമ്മ ആകാംക്ഷയോടെ ചോദിച്ചു.

'നല്ല ചെക്കനാ. രണ്ടുതരം പഠിപ്പൂണ്ട്. പള്ളീലെ നിസ്കാരത്തിന് കൃത്യായിട്ട് വരും.' ബാപ്പ പറഞ്ഞുനിർത്തി. കാര്യമെന്താണെന്ന് മനസ്സിലാക്കാനാവാതെ ഉമ്മയുടെ മുഖത്തേക്ക് നോക്കിയപ്പോൾ ഉമ്മ ബാപ്പയോട് ചോദിച്ചു: 'എന്താ കാര്യം ന്ന് പറഞ്ഞില്ലല്ലോ. ഏത് ചെക്കൻ? എന്താ.'

ബാപ്പ സാവകാശമൊന്ന് കാറിത്തുപ്പിതൊണ്ട ശരിപ്പെടുത്തി പറഞ്ഞുതുടങ്ങി: 'നമ്മളെ റസിയക്കുട്ടിക്ക് പറ്റിയ ചെക്കനാ. അന്വേഷിക്കാന് ന്റട്ത്ത് വന്ന്.'

'ഏത് ചെക്കൻ? കാര്യം വ്യക്താക്കി പറയ് മനുഷ്യാ...' ഉമ്മക്ക് ക്ഷമ കെട്ടു.

'തിരക്ക് കൂട്ടല്ലെടീ. ഞാൻ പറയാം. ആ പുത്തൻവീട്ടിലെ സെയ്താലിന്റെ മോനേയ്... ഒരു പെണ്ണ് വേണം. നമ്മുടെ റസിയക്കുട്ടീനെ കൊടുക്കുമോന്നാ ചോദിക്ക്ണത്. അവന്റെ കാര്യാ ഞാൻ പറഞ്ഞത്.' ബാപ്പ വ്യക്തമാക്കിയപ്പോൾ ആകെ പരുങ്ങിപ്പോയി. ഇത്ര പെട്ടെന്ന് ഒരു കല്യാണാലോചന! അതും ഒരു സെയ്താലിക്കാന്റെ മോന്?

എന്താണിപ്പോൾ പറയുക? അടിമുടി വിയർപ്പിൽ കുളിച്ച് തരിച്ചു നിന്നുപോയല്ലോ... (തുടരും)

ചരിത്രാഖ്യായിക സൗദ(റ) - 8

മുഹമ്മദ് പാറന്നൂർ

ത്യാഗസന്നദ്ധയാണ് സൗദാബീവി(റ)

അൻസ്വാരീ പെണ്ണുങ്ങളാണ് ആഇശ(റ)യെ ഭർതൃവീട്ടിലേക്കു കൂട്ടിക്കൊണ്ടുവരാൻ പോയത്. അവർ ചെന്നപ്പോൾ ആഇശ(റ) കൂട്ടുകാരികളോടൊപ്പം ഊഞ്ഞാലാടിക്കൊണ്ടിരിക്കുകയായിരുന്നത്രെ. ബാല്യകാല കുസൃതികളും ചാപല്യങ്ങളും വിട്ടിട്ടില്ലാത്ത ഒരു കൊച്ചു പെണ്ണ് തന്നെയാണവർ. ഉമ്മ ഉമ്മുറുമാൻ ഉച്ചത്തിൽ അവരെ വിളിച്ചു വരുത്തിയാണ് മണവാട്ടി ചമയാൻ അൻസ്വാരീ വനിതകളുടെ അടുത്തേക്കയച്ചത്. അവരുടെ അകമ്പടിയോടെ ചെമപ്പു കരയുള്ള ഒരു വിശിഷ്ട വസ്ത്രം ചുറ്റിയുടുത്ത് കടന്നുവന്ന പുതുനാരിയെ സ്വീകരിക്കാൻ സൗദ(റ)യുമുണ്ടായിരുന്നല്ലോ.

ആഇശ(റ)ക്കന്ന് വീട്ടുജോലികൾ ഒന്നുമറിയില്ല. ഭർത്താവിനോട് പെരുമാറേണ്ട വിധമറിയില്ല. കുട്ടിത്തവും കളിക്കമ്പവും വിട്ടിട്ടില്ല. കൂട്ടുകാരികളൊക്കെ ഇപ്പോഴും അവരോടൊപ്പം കളിക്കാനെത്താറുണ്ട്. ഏറെനേരമവർ കളിച്ചിരിക്കാറുണ്ട്. തിരുനബി(സ) അതിൽ അതൃപ്തിയൊന്നും കാണിക്കാറില്ല. എന്നാലും ഒരു ഭാര്യയുടെ കടമകൾ അവരെ ഉണർത്തേണ്ടതുണ്ടല്ലോ. ഭർതൃവീട്ടിലെ രീതികൾ പഠിപ്പിക്കേണ്ടതുണ്ടല്ലോ. സൗദ(റ) അവരുടെ മാതാവിനെപ്പോലെ, സഹോദരിയെപ്പോലെ കാര്യങ്ങളെല്ലാം അതത് സന്ദർഭങ്ങളിൽ ഉപദേശിച്ചുകൊണ്ടിരുന്നു. നല്ല മാതൃകകൾ കാണിച്ചുകൊടുത്തുകൊണ്ടിരുന്നു; ചിലപ്പോൾ സൗഹൃദ ഭാവേന, മറ്റു ചിലപ്പോൾ നല്ല ഗൗരവത്തിൽ തന്നെ.

തന്നെ ഉത്തമയായ ഒരു ഭാര്യയാവാൻ പഠിപ്പിച്ച സൗദ(റ)യെ ആഇശ(റ) പിന്നീട് ആ നിലയിൽ തന്നെയാണ് പരിഗണിച്ചിരുന്നതും. അവരെക്കുറിച്ച് ആഇശ(റ) ഒരിക്കൽ പറഞ്ഞതിങ്ങനെ: 'ആരുടെയെങ്കിലും ശരീരത്തിൽ എന്റെ ആത്മാവ് നിലകൊള്ളുന്നതായി എനിക്കു തോന്നിയിട്ടുണ്ടെങ്കിൽ അത് സൗദ(റ)യിൽ മാത്രമാണ്.'

സ്നേഹപൂർണ്ണമായാണ് തന്നെ സമീപിച്ചിരുന്നതെങ്കിലും അവരൊരു പരുഷ പ്രകൃതിക്കാരിയായിരുന്നെന്നും ആഇശ(റ) പറഞ്ഞിട്ടുണ്ട്. ചില കാര്യങ്ങളിൽ അവർ പുലർത്തുന്ന നിഷ്കർഷതയും ഗൗരവവും അനുസ്മരിച്ചാവാം ആഇശ(റ) അങ്ങനെ പറഞ്ഞത്. എന്നാലും അനിഷ്ടകരമായ ഒരു കാര്യവും അവരുടെ പെരുമാറ്റത്തിലും സമീപനത്തിലുമുള്ളതായി ആഇശ(റ)ക്ക് തോന്നിയിട്ടില്ല. ഒരിക്കൽ ആഇശ(റ) പറഞ്ഞതിങ്ങനെ: 'ഞാൻ കണ്ട സ്ത്രീകളിൽ അസൂയ തൊട്ടുതീണ്ടാത്ത ആരെങ്കിലുമുണ്ടെങ്കിൽ അത് സൗദ(റ) മാത്രമാണ്.'

ആഇശ(റ) ബുദ്ധിമതിയാണ്, സമർത്ഥയാണ്, സൂക്ഷ്മതയുള്ളവരാണ്. തന്റെ ഉപദേശനിർദ്ദേശങ്ങൾ പരിഗണിച്ച്, തിരുനബി(സ)ൽ നിന്നു മഹത്തായ പാഠങ്ങൾ പഠിച്ച് ആഇശ(റ) ഒരു ഉത്തമ വനിതയായി വളർന്നുവരുന്നത് അഭിമാനത്തോടെയും ആത്മഹർഷത്തോടെയുമാണ് സൗദ(റ) കണ്ടിരുന്നത്. എത്ര പെട്ടെന്നായിരുന്നു

ആഇശ(റ) ബുദ്ധിമതിയാണ്, സമർത്ഥയാണ്, സൂക്ഷ്മതയുള്ളവരാണ്. തന്റെ ഉപദേശനിർദ്ദേശങ്ങൾ പരിഗണിച്ച്, തിരുനബി(സ)ൽ നിന്നു മഹത്തായ പാഠങ്ങൾ പഠിച്ച് ആഇശ(റ) ഒരു ഉത്തമ വനിതയായി വളർന്നുവരുന്നത് അഭിമാനത്തോടെയും ആത്മഹർഷത്തോടെയുമാണ് സൗദ(റ) കണ്ടിരുന്നത്.

അവരുടെ വളർച്ച! ഭർതൃവീട്ടിലെത്തുമ്പോൾ ഉണങ്ങിയ പുഷ്പം പോലെയായിരുന്ന അവർ വളരെ വേഗത്തിൽ വിടർന്നുവികസിച്ചു പരിലസിച്ചുവല്ലോ. ഗൃഹഭരണത്തെ ക്കുറിച്ചോ ഭർതൃപരിചരണത്തെക്കുറിച്ചോ ഒരറിവുമില്ലാത്ത അവർ അധികകാലം കഴിയും മുമ്പേ നല്ലൊരു ഭാര്യയും കുടുംബിനിയുമായിത്തീർന്നല്ലോ. തിരുനബി(സ)യോടൊ ത്തുള്ള ആഇശ(റ)യുടെ കളിചിരികളും തിരുനബി(സ) യിൽ നിന്ന് വിശുദ്ധ ഖുർആനും മറ്റു ഇസ്‌ലാമിക കാര്യങ്ങ ളും ഗ്രഹിച്ചെടുക്കാനുള്ള വ്യഗ്രതയും അവ മനസ്സിൽ സൂ ക്ഷിച്ച് മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കാനുള്ള താൽപര്യ വും ദീനീചിട്ടയും ഇലാഹീഭക്തിയുമൊക്കെ കാണുമ്പോൾ സൗദ(റ) വീണ്ടും വീണ്ടും മനസ്സിൽ പറഞ്ഞിട്ടുണ്ടാവണം: 'ആഇശ(റ) തിരുനബി(സ)ക്കൊത്ത പ്രിയതമ തന്നെ!' കല് മഷം കലരാത്ത മനസ്സിനുടമയായിരുന്നല്ലോ സൗദ(റ).

ആഇശ(റ)ക്ക് പിന്നാലെ തിരുപത്നിയായി ഹഫ്‌സ്വ(റ) വന്നു. പിന്നെ ഉമ്മുസലമ(റ) വന്നു. തുടർന്ന് ജുവൈരി യ്യ(റ)യും സൈനബ്(റ)യും ഉമ്മുഹബീബ(റ)യും മൈമൂന (റ)യും സ്വഫിയ്യ(റ)യും വന്നു. തിരുപത്നിമാരുടെ എണ്ണം കൂടി വന്നപ്പോഴൊന്നും സൗദ(റ)ക്ക് ഒട്ടും പരിഭവമില്ലായിരു ന്നു. സന്തോഷത്തോടെയാണവർ അവരെയെല്ലാവരെയും എതിരേറ്റത്. തുറന്ന മനസ്സോടെയായിരുന്നു അവരെയെ ല്ലാം സമീപിച്ചിരുന്നത്. എന്നാലും ആഇശ(റ)യോടുണ്ടായി രുന്നത്ര അടുപ്പം അവരിലാരോടും ഉണ്ടായിരുന്നില്ലെന്നാണ് മനസ്സിലാവുന്നത്. തിരുനബി(സ)ക്ക് ആഇശ(റ)യോടുണ്ടാ യിരുന്ന സ്നേഹവും അവിടുത്തെ മനസ്സിൽ അവർക്കുണ്ടാ യിരുന്ന സ്ഥാനവും അവരുടെ മഹത്വവും തിരിച്ചറിഞ്ഞതു കൊണ്ടു തന്നെയായിരിക്കാമത്.

ശരീരത്തിൽ വാർദ്ധക്യത്തിന്റെ ലക്ഷണങ്ങൾ പ്രകടമായിത്തുട ങ്ങിയിരിക്കുന്നു. തലമുടിക്കിട യിൽ വെള്ളിരോമങ്ങൾ കാണു ന്നുണ്ട്. അവയവങ്ങളൊന്നും വേണ്ടവിധം വഴങ്ങാതായിത്തു ടങ്ങുന്നുണ്ട്. സ്വതവേ തടിച്ചു കൊഴുത്ത ശരീരം കൂടുതൽ കനം വെച്ചതുപോലെ.

ശരീരത്തിൽ വാർദ്ധക്യത്തിന്റെ ലക്ഷണങ്ങൾ പ്രകട മായിത്തുടങ്ങിയിരിക്കുന്നു. തലമുടിക്കിടയിൽ വെള്ളിരോ മങ്ങൾ കാണുന്നുണ്ട്. അവയവങ്ങളൊന്നും വേണ്ടവിധം വഴങ്ങാതായിത്തുടങ്ങുന്നുണ്ട്. സ്വതവേ തടിച്ചുകൊഴുത്ത ശരീരം കൂടുതൽ കനം വെച്ചതുപോലെ.

അല്ലാഹുവിന്റെ റസൂലിനെ വേണ്ടവിധം പരിചരിക്കാൻ കഴിയാതാവുന്നുണ്ടോ? അവിടുത്തേക്ക് എന്നിൽ തൃപ് തി കണ്ടെത്താൻ കഴിയുന്നില്ലേ? അങ്ങനെയാണെങ്കിൽ ഞാനവിടുത്തേക്കൊരു ഭാരമായിത്തീരുമോ? ലൈംഗിക കാര്യങ്ങളിലൊന്നും താല്പര്യമില്ലാതായിട്ടുണ്ടല്ലോ. ഇത് തിരുനബി(സ)യെ വിഷമിപ്പിക്കുമോ? അങ്ങനെ വന്നാൽ അവിടുന്ന് തന്നെ വിവാഹമോചനം നടത്തിയേക്കുമോ? അവിടുന്നെന്നെ ഒഴിവാ ക്കിയാൽ പിന്നെയീ ജീവിതത്തിനെന്തു വില? ഉമ്മഹാത്തുൽ മുഅ്മിനീൻ എന്ന വിശിഷ്ടപ ദവിയിൽ നിന്ന് ഞാൻ പുറത്തുപോവില്ലേ? അതെന്റെ പരലോകസൗഖ്യത്തെയും പ്രതികൂ ലമായി ബാധിക്കില്ലേ?

സൗദ(റ)യുടെ മനസ്സിൽ സംശയങ്ങൾ ഉരുണ്ടുകൂടി. അത് പലപ്പോഴും അവിടെ സ് ഫോടനങ്ങൾ സൃഷ്ടിച്ചു. ഉറക്കം നഷ്ടമായി. കണ്ണുകൾ അറിയാതെ അശ്രു പൊഴിക്കാൻ തുടങ്ങി. ഈ സാഹചര്യത്തിലാണവർ ഒരു ഉറച്ച തീരുമാനത്തിലെത്തിയത്. തിരുന ബി(സ)യുടെ ഭാര്യാപദത്തിൽ നിന്നു പുറത്തു പോകാതിരിക്കാൻ, അവിടുത്തെ കൂടുതൽ സന്തോഷിപ്പിക്കാനുള്ള അവസരമൊരുക്കാൻ, കൂട്ടുകാരിയായ ആഇശ(റ)യോടുള്ള ഇഷ്ടം



പ്രകടമാക്കാൻ ഒരു വലിയ ത്യാഗത്തിനു തയ്യാറാവാം. ഊഴമനുസരിച്ച് തിരുനബി(സ) യോടൊപ്പം ഒരു രാത്രി കഴിയാനാവുന്നത് വലിയൊരനുഗ്രഹം തന്നെയാണ്. അവിടുത്തെ അപ്പോൾ അടുത്തു കാണാം, സ്പർശിക്കാം, കൂടെ കിടന്നുറങ്ങാം. ഇതിൽ പരമൊരു ഭാഗ്യം ദുനിയാവിൽ ലഭിക്കാനില്ല. എന്നാലും പരലോകത്തെ ശാശ്വത സൗഖ്യത്തിനു വേണ്ടി ഊഴമനുസരിച്ചുള്ള തന്റെ രാത്രികൾ ആഇശ(റ)ക്കു നൽകാം. അവരും തിരുനബി(സ)യും കൂടുതൽ ആനന്ദിക്കട്ടെ. അതുവഴി തനിക്ക് പരലോകത്ത് കൂടുതൽ സൗഭാഗ്യങ്ങൾ നുകരാൻ അവസരം ലഭിക്കട്ടെ.

ഈ തീരുമാനത്തിലെത്തിയതോടെ സൗദ(റ)ക്ക് വല്ലാത്തൊരു മനഃശാന്തി കൈവന്നു. അല്ലാഹുവിനും തൃപ്തികരമായിട്ടുണ്ടാവാം തന്റെയീ ത്യാഗം എന്നവർക്ക് തോന്നി. അടുത്ത ദിവസം തിരുനബി(സ) വന്നപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, വാർദ്ധക്യം എന്നെ തളർത്തിക്കൊണ്ടിരിക്കുന്നു. സ്ത്രീകളുടെ ആഗ്രഹങ്ങളൊന്നുമിപ്പോൾ എനിക്ക് ഇല്ലാതായിരിക്കുന്നു. ഭർത്താവിൽ ആസക്തി ഒട്ടുമില്ല. ഇനി എനിക്കൊരാഗ്രഹമേയുള്ളൂ, സ്വർഗ്ഗത്തിലും അങ്ങയുടെ പത്നീപദം ലഭിക്കണം. അങ്ങയെ തൃപ്തിപ്പെടുത്തുന്ന ഭാര്യയായിത്തീരണം. അതിനുവേണ്ടി ഞാൻ എന്റെ ഊഴം ആഇശ(റ)ക്കു വിട്ടുകൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു.'

സൗദ(റ) സ്വമേധയാ വരിച്ച ആ ത്യാഗം തിരുനബി(സ) അംഗീകരിക്കുകയായിരുന്നു. അല്ലാഹുവിൽ നിന്ന് അവിടുത്തേക്ക് അതുസംബന്ധമായ സന്ദേശമോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടാവാം. അവിടുന്ന് എങ്ങനെയാണപ്പോൾ പ്രതികരിച്ചതെന്ന് ചരിത്രങ്ങളിലൊന്നും പരാമർശിച്ചു കാണുന്നില്ല. ഏതായാലും അന്നു മുതൽ ആഇശ(റ)ക്കു മറ്റു ഭാര്യമാരുടേതിൽ നിന്നു വ്യത്യസ്തമായി ഊഴമനുസരിച്ച് രണ്ടു രാത്രികൾ തിരുനബി(സ)യോടൊപ്പം കഴിയാനുള്ള അവസരമുണ്ടായി. ആഇശ(റ)യോട് തിരുനബി(സ)ക്ക് ഒരു പ്രത്യേക സ്നേഹമുണ്ടായിരുന്നല്ലോ. സൗദ(റ)യുടെ പ്രസ്തുത തീരുമാനം തിരുനബി(സ)യെയും സന്തോഷിപ്പിച്ചിട്ടുണ്ടാവണം.

അല്ലാഹുവിന്റെ തിരുദൂതരേ, വാർദ്ധക്യം എന്നെ തളർത്തിക്കൊണ്ടിരിക്കുന്നു. സ്ത്രീകളുടെ ആഗ്രഹങ്ങളൊന്നുമിപ്പോൾ എനിക്ക് ഇല്ലാതായിരിക്കുന്നു. ഭർത്താവിൽ ആസക്തി ഒട്ടുമില്ല. ഇനി എനിക്കൊരാഗ്രഹമേയുള്ളൂ, സ്വർഗ്ഗത്തിലും അങ്ങയുടെ പത്നീപദം ലഭിക്കണം.

വർഷങ്ങൾ പിന്നെയും കടന്നുപോയി. തിരുനബി(സ)യുടെ ഭാര്യയായി, വിശ്വാസികളുടെ മാതാവായി, സൗദ(റ) തിരുനബി(സ) നൽകിയ ഭവനത്തിൽ തന്നെ കഴിഞ്ഞു. ഒഴിവുസമയങ്ങളിൽ എല്ലാ ഭാര്യമാരെയും സന്ദർശിക്കുന്ന പതിവുണ്ടായിരുന്നു തിരുനബി(സ)ക്ക്. ആ കൂട്ടത്തിൽ അവിടുന്ന് സൗദ(റ)യെയും സന്ദർശിക്കും. വിശേഷങ്ങൾ അന്വേഷിക്കും. വർത്തമാനങ്ങൾ പറഞ്ഞിരിക്കും. സൗദ(റ)യെ അവിടുന്ന് സന്തോഷിപ്പിക്കും. പരാതിയോ പരിഭവമോ ഇല്ലാതെ തിരുനബി(സ)യുമായി സംവദിക്കും.

അങ്ങനെ കഴിയവെയാണ് അല്ലാഹുവിന്റെ തിരുദൂതരെ പനി ബാധിച്ചത്. അവിടുത്തേക്ക് അതുവരെ ഗൗരവതരമായ രോഗങ്ങളൊന്നും ഉണ്ടായിരുന്നില്ലല്ലോ. പനി സാരമാക്കാതെ തിരുനബി(സ) പതിവുരീതികൾ തുടർന്നുകൊണ്ടിരുന്നു. എന്നാൽ, അധിക ദിവസം അങ്ങനെ തുടരാൻ കഴിഞ്ഞില്ല. കടുത്ത പനിയും സഹിക്കാനാവാത്ത തലവേദനയും അവിടുത്തെ തളർത്തി. തിരുനബി(സ) ശയ്യാവലംബിയായി.

(തുടരും)

ലൈഫ്സ്റ്റൈൽ

ആഇശ ശഫീഖ കൊട്ടപ്പുറം

സന്താനനിയന്ത്രണവും സമ്പന്നരാജ്യങ്ങളുടെ യു-ടേണും

രാജ്യത്ത് ജനസംഖ്യാ നിയന്ത്രണത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് ചൂടേറുന്നതിനിടെയാണ് ജനസംഖ്യാനിയന്ത്രണത്തിനെതിരെ കടുത്ത പ്രതികരണവുമായി ആർ എസ് എസ് നേതാവ് മോഹൻഭാഗവത് രംഗത്തെത്തിയിരിക്കുന്നത്. ജനസംഖ്യാ വളർച്ചാനിരക്ക് കുറയുന്നതിൽ ആശങ്ക രേഖപ്പെടുത്തിയ അദ്ദേഹം ഒരു കുടുംബത്തിൽ മൂന്ന് കുട്ടികൾ വേണമെന്നും ജനസംഖ്യ കുറയുന്നത് വംശനാശത്തിന്റെ ലക്ഷണമാണെന്നുമാണ് അഭിപ്രായപ്പെട്ടത്.

റഷ്യയിൽ ജനസംഖ്യ കുറയുന്ന സാഹചര്യത്തിൽ ജോലിക്കിടെ ഉദ്യോഗസ്ഥർക്ക് ലൈംഗികബന്ധത്തിലേർപ്പെടാൻ അവസരമൊരുക്കണമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ നിർദേശിച്ചത് മൂന്ന് മാസം മുമ്പാണ്. സുസ്ഥിരമായ ജനസംഖ്യ നിലനിർത്താനാവശ്യമായ ജനനനിരക്ക് ഒരു സ്ത്രീക്ക് 2.1 മക്കൾ എന്ന തോതിലാണെന്നിരിക്കെ റഷ്യയിൽ ഇത് 1.5 എന്ന നിലയിലേക്ക് കൂപ്പുകുത്തിയതാണ് ആശങ്കയായത്. 1999ന് ശേഷമുള്ള ഏറ്റവും താഴ്ന്ന ജനനനിരക്കാണ് ഇപ്പോൾ റഷ്യയിലുള്ളത്. 2024 ജൂൺ മാസം റഷ്യയിൽ ജനിച്ച കുഞ്ഞുങ്ങളുടെ എണ്ണം ഒരു ലക്ഷത്തിലേക്ക് കൂപ്പുകുത്തിയിരുന്നു. ജനനനിരക്കിലെ കുത്തനെയുള്ള ഈ ഇടിവാണ് സർക്കാറിനെ ഇത്തരം ആലോചനകളിലേക്ക് കടക്കാൻ പ്രേരിപ്പിച്ചത്. യുക്രൈനുമായുള്ള സംഘർഷങ്ങൾക്കു ശേഷം റഷ്യയിൽ ജനസംഖ്യാനിരക്ക് വൻതോതിൽ കുറഞ്ഞിരുന്നു. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ വിശ്വസ്തയും റഷ്യൻ പാർലമെന്റിൽ കുടുംബ സംരക്ഷണം, പിതൃത്വം, മാതൃത്വം, കുട്ടികളുടെ ജീവിതം എന്നീ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന കമ്മിറ്റിയുടെ ചെയർപേഴ്സണുമായ നിന ഒസ്ടാനിന 'മിനിസ്ട്രി ഓഫ് സെക്സ്' എന്ന ആശയത്തെക്കുറിച്ചുള്ള ശിപാർശകൾ പരിഗണിച്ചുതുടങ്ങിയതായാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ജനസംഖ്യയിലുണ്ടായ തകർച്ച പരിഹരിക്കുന്നതിനായി രാത്രി പത്തു മുതൽ പുലർച്ചെ രണ്ട് വരെ ഇന്റർനെറ്റും വൈദ്യുതിയും വിച്ഛേദിക്കുക, കുട്ടികളെ പരിപാലിക്കുന്നതിനായി സ്ത്രീകൾക്ക് പെൻഷൻ നൽകുക തുടങ്ങി വ്യത്യസ്ത നിർദ്ദേശങ്ങളാണ് അധികൃതർ മുന്നോട്ടുവെച്ചിരിക്കുന്നത്.

ജനനനിരക്ക് കൂട്ടാൻ രാജ്യത്ത് വിവിധയിടങ്ങളിൽ അധികൃതർ മറ്റു പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഖബറോവ്സ്കിൽ പതിനെട്ടിനും ഇരുപത്തിമൂന്നിനുമിടയിൽ പ്രായമുള്ള സ്ത്രീകൾക്ക് ഒരു കുട്ടിയുടെ ജനനത്തിന് 900 പൗണ്ട് (97,311 രൂപ) ലഭിക്കും. ചെല്യാബിൻസ്കിൽ ആദ്യം ജനിക്കുന്ന കുട്ടിക്ക് 8,500 പൗണ്ട് (9,19,052 രൂപ) നൽകുന്ന പദ്ധതിയുമുണ്ട്. ജനസംഖ്യ വർദ്ധിപ്പിക്കുന്നതിനായി 'മദർഹീറോയിൻ' പദ്ധതിയും റഷ്യ ആവിഷ്കരിച്ചിരുന്നു. 10 കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്ന സ്ത്രീക്ക് 10 ലക്ഷം റൂബിൾ സമ്മാനം നൽകാനായിരുന്നു ഈ പദ്ധതിയിലൂടെ റഷ്യൻ ഭരണകൂടത്തിന്റെ തീരുമാനം.

വിവാഹേതര ലൈംഗികബന്ധവും ഗർഭഛിദ്രവും പ്രോത്സാഹിപ്പിക്കുന്നത് ക്രിമിനൽ കുറ്റമാക്കി ഇന്തോനേഷ്യൻ സർക്കാറും സന്താനനിയന്ത്രണത്തിനെതിരെ മുഖം തിരിച്ചിട്ടുണ്ട്.

ജനനനിരക്ക് കുത്തനെ

കൂടുതൽ കുട്ടികളുണ്ടാകുന്നത് മോശമാണെന്നു കരുതുന്ന അമ്മമാർ പുതിയ തലമുറയിൽ വർധിച്ചുവരികയാണ്. കൂടുതൽ കുട്ടികളുള്ളവരെ വിവരമില്ലാത്തവരായി മുദ്രകുത്തുമെന്ന ഭയമാണവരെ ഇതിന് പ്രേരിപ്പിക്കുന്നത്. മൂന്നോ അതിലധികമോ കുട്ടികളുള്ളവരെ നോക്കി പരിഹസിക്കുന്നവരുമുണ്ട്. ഇതെല്ലാം സഹിച്ചും ക്ഷമിച്ചും വേണം പുതിയ കാലത്തെ ഉമ്മമാർ കുട്ടികൾക്ക് ജന്മം നൽകാൻ.

ഇടിഞ്ഞുകൊണ്ടിരിക്കുന്നതിനിടെ പ്രസവ ഗ്രാന്റ് തുക കൂട്ടി അമ്മമാർക്ക് ജപ്പാൻ ഭരണകൂടവും പ്രോത്സാഹനം നൽകിയിരുന്നു. ചൈൽഡ് ബർത്ത് ആൻഡ് ചൈൽഡ് കെയർ ലംപ്സം ഗ്രാന്റ് എന്ന പേരിലുള്ള പദ്ധതി അഞ്ച് ലക്ഷം യെന്നിലേക്ക് ഉയർത്താനാണ് മന്ത്രാലയം തീരുമാനിച്ചത്. ഏകദേശം മൂന്ന് ലക്ഷം ഇന്ത്യൻ രൂപ വരുമിത്. 2021ൽ പുറത്തുവന്ന കണക്കുകൾ പ്രകാരം ലോകത്ത് ജനനനിരക്ക് ഏറ്റവും കുറഞ്ഞ രാജ്യമാണ് ജപ്പാൻ. ഈ പ്രവണത ജനസംഖ്യയെ അപകടകരമായ തരത്തിൽ ബാധിക്കുമെന്ന ഭയവും ഭരണകൂടത്തിനുണ്ട്. ലോകത്തെ ഏറ്റവും കുറഞ്ഞ ജനനനിരക്കുള്ള ചൈനയും ഗർഭഛിദ്രം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ കുറവാണ് ഇത്തരമൊരു തീരുമാനത്തിലേക്ക് ചൈനയെ എത്തിച്ചത്.

ലോകത്ത് ശക്തരായ പലരാജ്യങ്ങളും ഗർഭഛിദ്രത്തിനെതിരെ രംഗത്തുവരുമ്പോൾ നമുക്കും അതിൽ ചില പാഠങ്ങളുണ്ട്. നേരത്തെ ജനസംഖ്യാ നിയന്ത്രണം കൊണ്ടുവരികയും കുടുംബാസൂത്രണം നടത്തുകയും ചെയ്തിരുന്ന രാജ്യങ്ങളാണിപ്പോൾ ജനസംഖ്യ കൂട്ടാൻ പാരിതോഷികങ്ങളും ആനുകൂല്യങ്ങളും വാരിവിതറുന്നത്. പത്തും അതിലധികവും പ്രസവിച്ചിരുന്ന നമ്മുടെ ഉമ്മമാർ ആരോഗ്യവതികളായി ഇന്നും ജീവിക്കുന്നുണ്ട്.

എന്നാൽ, രണ്ടും മൂന്നും കുട്ടികളാകുമ്പോഴേക്കും പ്രസവം നിർത്തുന്ന പ്രവണത പുതിയ കാലത്ത് ഏറിവരികയാണ്. ലോകത്തെ വികസിത രാജ്യങ്ങളുടെ അവസ്ഥയിൽ നമുക്ക് ഒരുപാട് പാഠമുണ്ട്. സമൂഹത്തിന്റെ നിലനിൽപ്പിന് ജനസംഖ്യാ സ്ഥിരത അനിവാര്യമാണ്.

സന്താനനിയന്ത്രണം ഫാഷനാകുമ്പോൾ

കൂടുതൽ കുട്ടികളുണ്ടാകുന്നത് മോശമാണെന്നു കരുതുന്ന അമ്മമാർ പുതിയ തലമുറയിൽ വർധിച്ചുവരികയാണ്. കൂടുതൽ കുട്ടികളുള്ളവരെ വിവരമില്ലാത്തവരായി മുദ്രകുത്തുമെന്ന ഭയമാണവരെ ഇതിന് പ്രേരിപ്പിക്കുന്നത്. മൂന്നോ അതിലധികമോ കുട്ടികളുള്ളവരെ നോക്കി പരിഹസിക്കുന്നവരുമുണ്ട്. ഇതെല്ലാം സഹിച്ചും ക്ഷമിച്ചും വേണം പുതിയ കാലത്തെ ഉമ്മമാർ കുട്ടികൾക്ക് ജന്മം നൽകാൻ. ഇത്തരം സാഹചര്യങ്ങൾ ഗർഭഛിദ്രത്തിലേക്ക് അവരെ എത്തിക്കുകയും ചെയ്യുന്നു. കുട്ടികളുടെ എണ്ണം കുറയുന്നത് ഫാഷനായി കരുതുന്നവരുമുണ്ട്. സാമ്പത്തിക ചെലവും പരിപാലിക്കേണ്ട ചുമതലയുമെല്ലാം കുറയുമെന്നാണ് അവരുടെ ധാരണ.

സമൂഹത്തിൽ ഭക്ഷ്യക്ഷാമവും ദാരിദ്രവും ഉണ്ടാകുന്നതിനു കാരണം ജനസംഖ്യാ വർധന

വാണെന്നാണ് പോപുലേഷൻ പ്രൊജക്ടുകാരുടെ വാദവും പ്രചാരണവും. ഭക്ഷ്യവിഭവങ്ങളുടെ ക്ഷാമത്തിന് പ്രധാനകാരണം പ്രകൃതിവിഭവങ്ങളുടെ സന്തുലിതാവസ്ഥ തകിടം മറിക്കുന്നതാണ്. യഥാർഥത്തിൽ സന്താന നിയന്ത്രണം വൃദ്ധരുടെ എണ്ണം വർധിപ്പിക്കുകയും യുവാക്കളുടെ എണ്ണം കുറയ്ക്കുകയും ചെയ്യും. നാടിന്റെ നട്ടെല്ലാകുന്ന യുവത ഇല്ലാതാകുമ്പോൾ സ്വാഭാവികമായും സാമ്പത്തികരംഗം പ്രതിസന്ധിയിലാകും. മനുഷ്യന്റെ സുഗമമായ ജീവിതത്തിനും വളർച്ചക്കും ആവശ്യമായ വിഭവങ്ങൾ സ്രഷ്ടാവ് തന്നെ സംവിധാനിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നത് വിഭവങ്ങളിലുള്ള കുറവല്ല, അവയെ ഉപയോഗപ്പെടുത്തുന്ന മനുഷ്യന്റെ സ്വഭാവമാണ്. ജനിക്കാനുള്ള അവകാശം നിഷേധിക്കുകയല്ല പട്ടിണിയും പ്രശ്നങ്ങളും പരിഹരിക്കാനുള്ള ശരിയായ മാർഗം. പ്രകൃതിവിഭവങ്ങളുടെ നീതിപൂർവമായ വിനിയോഗമാണ് നടക്കേണ്ടത്. മികച്ച തൊഴിലവസരങ്ങളും ദാരിദ്ര്യനിർമാർജന സംരംഭങ്ങളും അതിനുള്ള പരിഹാരമാർഗങ്ങളാണ്.

ഗർഭഛിദ്രം

ഗർഭാവസ്ഥയിൽ തന്നെ സ്കാനിംഗ് നടത്തി ഭ്രൂണഹത്യ നടത്തുന്ന സംഭവങ്ങൾ നിരവധിയാണ്. പെൺശിശുഹത്യയും ഭ്രൂണഹത്യയും വർധിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് കുഞ്ഞുങ്ങളാണ് ഈ അരുതായ്മയുടെ ഇരകളാകുന്നത്. ഒരു കുഞ്ഞിക്കാല് കാണാൻ ഭാഗ്യം ലഭിക്കാത്തതിന്റെ പേരിൽ നിരാശയിൽ കഴിയുന്ന ദമ്പതിമാർ നിരവധിയുണ്ടായിരിക്കെ തന്നെയാണ് ഇത്തരം കശാപ്പുകൾ നടക്കുന്നതെന്നോർക്കണം. കുട്ടികളെ ഉപേക്ഷിക്കുന്ന സംഭവങ്ങളും ധാരാളം. ചില തെറ്റിദ്ധാരണകളും ഗർഭഛിദ്രത്തിന് കാരണമാകുന്നുണ്ടെന്നത് പറയാതെ വയ്യ. പെൺകുട്ടികൾ ബാധ്യതയാണെന്ന തെറ്റിദ്ധാരണ പുതിയ തലമുറയെ വേട്ടയാടുന്നുണ്ട്. ഇന്ന് പെൺകുട്ടികളിൽ അധികപേരും തുടർപഠനം നടത്തുകയും ജോലി നേടുകയും ചെയ്യുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ പെൺകുഞ്ഞായതിന്റെ പേരിൽ വിഷമിക്കേണ്ട കാര്യമില്ല. ആണായാലും പെണ്ണായാലും ഭക്ഷണം നൽകുന്നതും സംരക്ഷിക്കുന്നതും അല്ലാഹുവാണെന്ന ബോധ്യമാണ് വിശ്വാസിയെ നയിക്കേണ്ടത്. ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയം നടത്തി ഗർഭിണിയെയോ ബന്ധുക്കളെയോ വിവരമറിയിക്കുന്നത് മൂന്നു വർഷം വരെ തടവും പതിനായിരം രൂപ പിഴയും ലഭിക്കുന്ന കുറ്റകൃത്യമാണ്. ആവർത്തിച്ചാൽ അഞ്ചു വർഷം വരെ തടവും അമ്പതിനായിരം രൂപ പിഴയും ലഭിക്കും.

നാളെയുടെ വരദാനങ്ങൾ

അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ് കുട്ടികൾ. കുടുംബജീവിതത്തിൽ പ്രതീക്ഷയും സംതൃപ്തിയും നൽകി ദാമ്പത്യജീവിതത്തിന് ശക്തിപകർന്ന്, വ്യത്യസ്ത കുടുംബങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന കണ്ണികളായും അവർ സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായിത്തീരുന്നു. സന്താനങ്ങൾ മുഖേനയുണ്ടാകുന്ന സൗഭാഗ്യങ്ങൾ ഖുർആനിലും ഹദീസുകളിലും ധാരാളം പരാമർശിച്ചിട്ടുണ്ട്. കൂടുതൽ സന്താനങ്ങളുണ്ടാകുന്നത് ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു. മുഹമ്മദ്നബി(സ) പറഞ്ഞു: 'നിങ്ങൾ സ്നേഹനിധികളായ, കൂടുതൽ സന്താനോൽപാദന ശേഷിയുള്ള സ്ത്രീകളെ വിവാഹം ചെയ്യുക. മറ്റു ഉമ്മത്തുകളെ അപേക്ഷിച്ച് നിങ്ങളുടെ ആധിക്യത്തിൽ ഞാൻ അഭിമാനം കൊള്ളും.'

സന്താനങ്ങളാണ് സ്വർഗത്തിലേക്കുള്ള എളുപ്പവഴി എന്ന് സൂചിപ്പിക്കുന്ന നിരവധി പരാമർശങ്ങൾ ഖുർആനിലും ഹദീസിലും കാണാം. മക്കൾക്ക് ഭക്ഷണം നൽകാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റാനും അവരെ നല്ലരീതിയിൽ വളർത്തിയെടുക്കാനുമെല്ലാം മാതാപിതാക്കൾ സഹിക്കുന്ന കഷ്ടപ്പാടുകൾ നിരവധിയാണ്. അന്ത്യനാളിൽ അതവർക്ക് വലിയ നേട്ടമായിത്തീരും. മക്കൾ മാതാപിതാക്കൾക്കു വേണ്ടി പ്രാർഥിക്കുകയും പൊറുക്കലിനെ തേടുകയും ചെയ്യുന്നുണ്ടെങ്കിൽ നിശ്ചയമായും അല്ലാഹു അത് സ്വീകരിച്ചിരിക്കും. ഒരു ഹദീസിൽ കാണാം: 'മനുഷ്യൻ മരിച്ചാൽ അദ്ദേഹത്തിന്റെ കർമങ്ങളിൽ മൂന്നെണ്ണമൊഴികെ ബാക്കിയെല്ലാം മുറിഞ്ഞുപോകും. ദാനധർമവും മറ്റുള്ളവർക്ക് ഉപകരിച്ച അറിവും മക്കളുടെ പ്രാർഥനയുമാണവ.' (മുസ്‌ലിം)

മറ്റൊരു ഹദീസിൽ കാണാം: 'അന്ത്യനാളിൽ തന്റെ പദവി ഉയരുന്നതു കണ്ട് അടിമ റബ്ബിനോട് ചോദിക്കും: ''നാഥാ, എന്തുകൊണ്ടാണ് എന്റെ പദവികൾ കൂടിക്കൊണ്ടിരിക്കുന്നത്?'' അല്ലാഹു പറയും: ''നിന്റെ മകൻ നിനക്കു വേണ്ടി പൊറുക്കലിനെ തേടുന്നതുകൊണ്ടാണത്.'' (ഇബ്നുമാജ) തിരുനബി(സ) തന്റെ രണ്ട് വിരലുകൾ കൂട്ടിപ്പിടിച്ചു കാണിച്ചുകൊണ്ട് പറഞ്ഞു: 'പ്രായപൂർത്തിയാകും വരെ രണ്ട് പെൺകുട്ടികളെ പരിപാലിച്ചവൻ എന്നോടൊപ്പം അന്ത്യനാളിൽ ഇതുപോലെയായിരിക്കും.' (മുസ്‌ലിം)

ഒരാൾ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് മക്കൾക്കും കുടുംബത്തിനും ഉപജീവനം നൽകിയാൽ അതവന് സ്വദഖയായി കണക്കാക്കപ്പെടുമെന്നും ഗ്രന്ഥങ്ങളിൽ കാണാം. മതപരമായും ഭൗതികമായും അല്ലാഹു നമുക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ് കുട്ടികൾ. മാർഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അവരെ പരിശീലിപ്പിക്കുകയാണെങ്കിൽ ജീവിതം മുഴുവൻ ഇബാദത്താക്കി മാറ്റാം. മക്കളെ പരിശീലിപ്പിക്കാൻ നേരിടുന്ന ബുദ്ധിമുട്ടുകളും കഠിനയത്നങ്ങളുമെല്ലാം പരലോകത്ത് വലിയ മുതൽകൂട്ടായി മാറും. പരലോക ജീവിതം വിജയകരമാക്കാനുള്ള ഏറ്റവും വലിയ മാർഗമാണ് മക്കൾ. അതിനാൽ സന്താനങ്ങൾ ധാരാളമുണ്ടാകണം. അവരുടെ പരിപാലനത്തിനു വേണ്ടി ചെയ്യുന്നതൊന്നും വെറുതെയാകില്ല.

സ്മരണ

ഹഫ്സ ഫിദ ഓമച്ചപ്പുഴ

സൈനബ് ബിൻത് ഹുദൈർ(റ): ഖാളിയുടെ പ്രിയതമ

ഹിജ്റ ഒന്നാം നൂറ്റാണ്ടിൽ ജീവിച്ച പ്രമുഖ പണ്ഡിതനും ന്യായാധിപനുമായിരുന്നു ഖാളി ശുറൈഹ് എന്ന പേരിൽ പ്രസിദ്ധനായ ശുറൈഹുബ്നു ഹാരിസ്(റ). നബി(സ) ജീവിച്ചിരിപ്പുള്ള കാലത്തായിരുന്നു അദ്ദേഹത്തിന്റെ ജനനം. തിരുനബി(സ)യുടെ വഫാത്തിന് അഞ്ചു വർഷം മുമ്പ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിട്ടുമുണ്ട്. എന്നാൽ നബി(സ)യുമായി കണ്ടുമുട്ടാൻ അദ്ദേഹത്തിന് അവസരമുണ്ടായില്ലെന്നും അതിനാൽ താബിഉകളിലാണ് എണ്ണപ്പെടുന്നതെന്നുമാണ് കൂടുതൽ അംഗീകാരം ലഭിച്ചിട്ടുള്ള ചരിത്രഭാഷ്യം.

ഉമർ(റ)വിന്റെ കാലത്താണ് ശുറൈഹുബ്നു ഹാരിസ്(റ) ഖാളിയായി നിയമിതനായത്. ശേഷം ഉസ്മാൻ(റ), അലി(റ), മുആവിയ(റ) എന്നിവരെല്ലാം അദ്ദേഹത്തെ അംഗീകരിക്കുകയും നീതിപീഠത്തിലെ വെളിച്ചമായി നിലനിർത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ അറിവും സൂക്ഷ്മമായ നിരീക്ഷണ വൈഭവവും അപഗ്രഥന പാടവവുമെല്ലാം ഏറ്റവും കൃത്യമായ വിധി തീർപ്പുകളായി അറുപത് വർഷത്തോളം ഇസ്‌ലാമിക ഭരണകൂടങ്ങൾക്ക് സൗന്ദര്യം നൽകി. ഹജ്ജാജുബ്നു യൂസുഫിന്റെ കാലത്താണ് ശുറൈഹുൽ ഖാളി ഉത്തരവാദിത്തമൊഴിഞ്ഞത്. 107 വർഷത്തോളം അദ്ദേഹം ജീവിച്ചു എന്നാണ് ചരിത്രം.

ശുറൈഹുൽ ഖാളിയുടെ വിധി തീർപ്പുകളിൽ ഒരിക്കലും പിഴവോ സ്വജനപക്ഷപാതമോ വന്നിട്ടില്ലെന്നതിൽ ആർക്കും എതിരഭിപ്രായമില്ല. എന്നാൽ, ഒരു മനുഷ്യനെന്ന നിലയിൽ നീതിയും വൈകാരികതയും തമ്മിൽ അദ്ദേഹത്തിന്റെ അകത്തളങ്ങളിൽ വല്ലാത്ത ആത്മസംഘർഷങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഉമർ(റ)വിനും അലി(റ)വിനും എതിരായി വിധി പുറപ്പെടിവിക്കുമ്പോൾ അദ്ദേഹത്തിന്റെ മാനസികാവസ്ഥ എന്തായിരിക്കും? തനിക്കെതിരെ വിധി പറഞ്ഞ ഉപ്പയോട് പ്രതിഷേധിച്ച മകനോട് ''ഈ ലോകത്ത് എനിക്കേറ്റവും പ്രിയപ്പെട്ടത് നീയാണ്. പക്ഷേ...'' എന്ന് പറഞ്ഞ് നീതിക്കു വേണ്ടി സംസാരിക്കേണ്ടി വരുന്ന പിതാവിന്റെ ആത്മസംഘർഷങ്ങൾ എത്ര കഠിനമായിരിക്കും? ഈ പ്രതിസന്ധികളിലെല്ലാം അദ്ദേഹത്തിന് കരുത്തു പകർന്ന ധീരവനിതയാണ് അദ്ദേഹത്തിന്റെ പ്രിയതമ സൈനബ് ബിൻത് ഹുദൈർ(റ).

വളരെ ശാന്തമായി കാര്യങ്ങളെ സമീപിക്കുന്ന, ചിട്ടയും ഔചിത്യബോധവുമുള്ള ഭാര്യയായിരുന്നു സൈനബ്(റ). ഖാളി ശുറൈഹ്(റ)വിന്റെ വീട്ടിലും അദ്ദേഹത്തിന്റെ യാത്രയിലുമെല്ലാം ആശ്വാസവും ഉപദേശവുമായി മഹതി കൂടെയുണ്ടായിരുന്നു. ഒരു മാതാവിന്റെ വാത്സല്യവുമായി ആ പ്രിയപ്പെട്ടവൾ അദ്ദേഹത്തിന് അനുഗ്രഹമായി. 20 വർഷക്കാലത്തെ ദാമ്പത്യത്തിനിടയിൽ ഒരിക്കൽ പോലും ഭർത്താവിന് ദേഷ്യം വരുന്ന സാഹചര്യം അവർ സൃഷ്ടിച്ചില്ല. സൈനബ്(റ) അടുത്തില്ലാത്ത സമയങ്ങളിൽ സഹിക്കാനാകാത്ത ഏകാന്തത ഖാളി അനുഭവിച്ചിരുന്നുവത്രെ. ആ സാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ മനഃപ്രയാസങ്ങൾ അലിഞ്ഞില്ലാതാവുമായിരുന്നു.

പ്രിയ പത്നി സൈനബ്(റ)യെ കുറിച്ച് ഖാളി ശുറൈഹ്(റ) പ്രശംസിച്ചു പറഞ്ഞതായി ചരിത്രത്തിൽ കാണാം: ''ഞാൻ അവൾക്ക് വേണ്ടി ജീവിക്കുന്നു. ജീവിതത്തിൽ ഒരിക്കലും ഞാനവളെ ആക്ഷേപിച്ചിട്ടില്ല. എന്റെ സൈനബ് സൂര്യനാണെങ്കിൽ മറ്റു സ്ത്രീകൾ നക്ഷത്രങ്ങളാണ്'' എന്ന് ഒരിക്കൽ അദ്ദേഹം പാടി.

ഒരിക്കൽ ഖാളി ശുറൈഹ്(റ) ശഅ്ബി(റ)വിനോട് പറഞ്ഞു: ''ശഅ്ബീ, നിങ്ങൾ വിവാഹം കഴിക്കുകയാണെങ്കിൽ ബനൂതമീമിൽ നിന്ന് വിവാഹം കഴിക്കണം. അവരാണ് സ്ത്രീകൾ. അവരിൽ ഞാൻ ബുദ്ധിയും മര്യാദയും കണ്ടിട്ടുണ്ട്. നന്മയും വിശുദ്ധിയും അവരിൽ നിന്ന് ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.'' തന്റെ പ്രിയപ്പെട്ടവൾ ബനൂതമീം ഗോത്രക്കാരിയാണെന്നതല്ലാതെ മറ്റൊരു കാരണവും ഈ ഉപദേശത്തിന് പിന്നിലുണ്ടായിരുന്നില്ല. ഭാര്യ ഭർത്താവിന്റെ അടിമയല്ല, ഭർത്താവാണ് അവളുടെ പ്രണയത്തിന് അടിമയാകുന്നതെന്നു പറയാം.

സൈനബ്(റ)യുടെ ചെറുപ്പത്തിൽ തന്നെ പിതാവ് മരണപ്പെട്ടിരുന്നു. പിതാവിന്റെ വാത്സല്യമറിയാത്ത അവരെ എല്ലാ ആദരവും പരിഗണനയും നൽകിയാണ് മാതാവ് വളർത്തിയത്. സാധാരണക്കാരിയായ ആ ഉമ്മയുടെ ശിക്ഷണമാണ് ഭർത്താവിന് സന്തോഷം പകരുന്ന ഈ കുടുംബിനിയെ സൃഷ്ടിച്ചതെന്ന് സൈനബ് ബിൻത് ഹുദൈർ(റ)യുടെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

മുഅല്ലിംകൾ മികച്ച മാതൃകകൾ സൃഷ്ടിക്കണം

കോഴിക്കോട്: അധ്യാപനരംഗത്ത് ഏറ്റവും നല്ല മാതൃക ഖുർആനിൽ നിന്ന് ലഭിക്കുന്നുണ്ടെന്നും ഖുർആന്റെ ശൈലി സ്വീകരിച്ചുകൊണ്ട് മെച്ചപ്പെട്ട അധ്യാപനം നടത്താൻ മദ്റസാധ്യാപകർ ശ്രദ്ധിക്കണമെന്നും ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്ലിയാർ. സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ കോഴിക്കോട് മേഖലാ കമ്മിറ്റി സംഘടിപ്പിച്ച തജ്ഹീസ് മുഅല്ലിം ശിൽപ്പശാലയിൽ അനുഗ്രഹ ഭാഷണം നടത്തുകയായിരുന്നു കാന്തപുരം. മേഖലാ പ്രസിഡന്റ് ഖാസിം അഹ്സനിയുടെ അധ്യക്ഷതയിൽ സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. അബ്ദുന്നാസർ സഖാഫി ആമുഖ പ്രഭാഷണം നടത്തി. റഹ്മത്തുല്ലാ സഖാഫി, ഡോ. അബ്ദുൽ അസീസ് ഫൈസി വിഷയാവതരണവും നടത്തി. സ്വാദിഖ് സഖാഫി പദ്ധതികൾ അവതരിപ്പിച്ചു. മുഹമ്മദ് ശാഫി, അബ്ദുൽ മജീദ് ഇർഫാനി, അബ്ദുൽഗഫൂർ സഖാഫി പ്രസംഗിച്ചു.

സമാപന സംഗമം എസ് ജെ എം സംസ്ഥാന ട്രഷറർ വിപിഎം ഫൈസി വില്ല്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. അബ്ദുൽ അസീസ് ലത്വീഫി, അബ്ദുൽ കലാം ആസാദ് സഖാഫി, തുഫൈൽ സഅദി, അബ്ദുന്നാസർ ഹിശാമി, സലീം ലത്വീഫി, റഫീഖ് സഖാഫി, ഫൈസൽ സഖാഫി ചർച്ചകൾക്ക് നേതൃത്വം നൽകി. അബ്ദുൽകരീം നിസാമി സ്വാഗതവും അൻഷാദ് സഖാഫി നന്ദിയും പറഞ്ഞു.

മുഅല്ലിം സമ്മേളനങ്ങൾ വൻവിജയമാക്കും

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സംഘടിപ്പിക്കുന്ന 40 ജില്ലാ മുഅല്ലിം സമ്മേളനങ്ങൾ വൻവിജയമാക്കുമെന്ന് എസ്ജെഎം സെൻട്രൽ കൗൺസിൽ പ്രഖ്യാപിച്ചു. സമസ്തസെന്റർ ഓഡിറ്റോറിയത്തിൽ നടന്ന കൗൺസിൽ എസ്വൈഎസ് സംസ്ഥാന സെക്രട്ടറി എളമരം റഹ്മതുല്ല സഖാഫി ഉദ്ഘാടനം ചെയ്തു. സുന്നീ ആദർശ പ്രചരണരംഗത്ത് മുഅല്ലിംകൾ ബദ്ധശ്രദ്ധരാവുകയും വിദ്യാർത്ഥികളിൽ ആദർശം രൂഢമൂലമാക്കുകയും വേണമെന്ന് അദ്ദേഹം ഉത്ബോധിപ്പിച്ചു.

പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. റഹ്മത്തുല്ല സഖാഫിക്ക് മൊമെന്റോ നൽകി തങ്ങൾ ആദരിച്ചു.

വരവ് ചിലവ് കണക്കും വാർഷികറിപ്പോർട്ടും കുഞ്ഞുകുളം സുലൈമാൻ സഖാഫി അവതരിപ്പിച്ചു. പ്രൊഫ എ കെ അബ്ദുൽഹമീദ്, വി പി എം വില്യാപ്പള്ളി പ്രസംഗിച്ചു. സി പി സൈതലവി മാസ്റ്റർ (വിദ്യാഭ്യാസ ബോർഡ്) മൗലാനാ നാസർ സാഹിബ് (തമിഴ്നാട്) ജപ്പു അബ്ദുറഹ്മാൻ മദനി (കർണാടക) അബ്ദുശ്ശുക്കൂർ സഅദി (മഹാരാഷ്ട്ര) സി കെ എം പാടന്തറ (നീലഗിരി) സി എം യൂസുഫ് സഖാഫി, ചെറൂപ്പ ബശീർ മുസ്ലിയാർ ആശംസകളർപ്പിച്ചു. പരിശുദ്ധഹജ്ജിന് പോകുന്ന പ്രസിഡന്റ് ബാഫഖി തങ്ങൾക്ക് യാത്രയയപ്പ് നൽകി. അബൂഹനീഫൽ ഫൈസി സ്വാഗതവും വി വി അബൂബക്കർ സഖാഫി നന്ദിയും പറഞ്ഞു.

ഭവനപദ്ധതി: ഒരു വീട് കൂടി ഉദ്ഘാടനം ചെയ്തു

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ മുഅല്ലിംകൾക്ക് വേണ്ടി നിർമ്മിക്കുന്ന 100 വീടുകളിൽ അഞ്ചാമത്തെ വീടിന്റെ ഉദ്ഘാടനം എസ്ജെഎം പ്രസിഡന്റ് സയ്യിദ് അലി ബാഫഖി നിർവഹിച്ചു. 33

സമസ്ത കേന്ദ്രമുശാവറ അംഗം പി ഹസൻ മുസ്ലിയാർ, എസ്ജെഎം ട്രഷറർ വി പി എം വില്യാപ്പള്ളി, മുഹമ്മദ് പറവൂർ, സയ്യിദ് അലി അക്ബർ സഖാഫി, ബശീർ മുസ്ലിയാർ ചെറൂപ്പ, വി വി അബൂബക്കർ സഖാഫി, അബ്ദുറഹ്മാൻ ദാരിമി സീഫോർത്ത്, സി കെ കെ മദനി, സി കെ എം പാടന്തറ, ശിഹാബുദ്ദീൻ മദനി, മജീദ് ഹാജി, അബ്ദുൽഹകീം മാസ്റ്റർ, ഡോ. നാസർ മൗലാനാ ഊട്ടി സംബന്ധിച്ചു. പുതുതായി അനുവദിച്ച ഒരു വീടിന്റെ കുറ്റിയടിക്കൽ കർമ്മം ഗൂഡല്ലൂരിലെ മാക്ക്മൂലയിൽ സയ്യിദ് അലി ബാഫഖിയും എസ്ജെഎം സാരഥികളും ചേർന്ന് നിർവ്വഹിച്ചു.

പണ്ഡിതർ നവയുഗത്തോട് സംവദിക്കാൻ സജ്ജരാവണം

കോഴിക്കോട്: അഹ്ലുസ്സുന്നക്കെതിരെ വരുന്ന ആരോപണങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിന് നൂതന ശൈലിയും അഗാധജ്ഞാനവും മനക്കരുത്തും കൈമുതലാക്കി പണ്ഡിതർ രംഗത്തിറങ്ങണമെന്ന് സമസ്ത സെക്രട്ടറി സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി. സമസ്തസെന്റിനറിയുടെ ഭാഗമായി കോഴിക്കോട് ജില്ലാ മുശാവറ സമസ്തസെന്റർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വാർഷിക കൗൺസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് കോടമ്പുഴ ബാവ മുസ്ലിയാർ അധ്യക്ഷത വഹിച്ചു. കേന്ദ്ര മുശാവറ അംഗം സി മുഹമ്മദ് ഫൈസി സന്ദേശഭാഷണവും സയ്യിദ് ത്വാഹ സഖാഫി ആശംസാപ്രസംഗവും നടത്തി.

ചെറുശ്ശോല അബ്ദുൽജലീൽ സഖാഫി, വെള്ളയൂർ അബ്ദുൽഅസീസ് സഖാഫി വിഷയാവതരണം നടത്തി. ശുകൂർ സഖാഫി വെണ്ണക്കോട് വാർഷിക റിപ്പോർട്ടും നാസർ സഖാഫി സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. എം അബ്ദുല്ലത്തീഫ് മുസ്ലിയാർ, ടി. കെ അബ്ദുറഹ്മാൻ ബാഖവി, കെ.പി ഹുസൈൻ മുസ്ലിയാർ, കെ.സി അബൂബക്കർ ഹസ്രത്ത് നേതൃത്വം നൽകി. സയ്യിദ് ഹബീബ് സഖാഫി പ്രാർത്ഥന നടത്തി. വി.പി.എം വില്യാപള്ളി സ്വാഗതവും ബശീർ സഖാഫി കൈപ്പുറം നന്ദിയും പറഞ്ഞു.

മുഅല്ലിം സമ്മേളനങ്ങൾക്ക് രൂപമായി

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സംസ്ഥാനത്തിനകത്തും ഇതര സംസ്ഥാനങ്ങളിലുമായി സംഘടിപ്പിക്കുന്ന ജില്ലാ മുഅല്ലിം സമ്മേളനങ്ങൾക്ക് രൂപമായി. ജൂലൈ 15ന് സംഘടിപ്പിക്കുന്ന കോഴിക്കോട് ജില്ലാ സമ്മേളനത്തോടെ തുടക്കമാകും. ഭവനരഹിതരായ 100 മുഅല്ലിംകൾക്ക് നിർമ്മിച്ചുനൽകുന്ന മുഅല്ലിം ഭവനങ്ങളിൽ പുതുതായി കണ്ണൂർ ജില്ലയിലെ പാനൂർ, കൂത്തുപറമ്പ്, പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് റെയ്ഞ്ചുകളിൽ ഓരോ വീടുകൾ കൂടി അനുവദിച്ചു. എസ് ജെ എം സെക്രട്ടറിയേറ്റ് യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി ആധ്യക്ഷ്യം വഹിച്ചു. ട്രഷറർ വി പി എം വില്യാപ്പള്ളി ചർച്ച ഉദ്ഘാടനം ചെയ്തു. സെക്രട്ടറി അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു. കെ പി എച്ച് തങ്ങൾ, കുഞ്ഞുകുളം സുലൈമാൻ സഖാഫി, പ്രൊഫ. എ.കെ അബ്ദുൽഹമീദ്, വി.വി അബൂബക്കർ സഖാഫി, ചെറുപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

മുഅല്ലിം സമ്മേളനങ്ങൾ വിജയിപ്പിക്കുക: വിദ്യാഭ്യാസ ബോർഡ്

മുഅല്ലിം സമ്മേളനങ്ങൾ വിജയിപ്പിക്കുക: വിദ്യാഭ്യാസ ബോർഡ്

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സംസ്ഥാനത്തിനകത്തും പുറത്തുമായി സംഘടിപ്പിക്കുന്ന 40 ജില്ലാ മുഅല്ലിം സമ്മേളനങ്ങൾ വിജയിപ്പിക്കുവാൻ സുന്നി വിദ്യാഭാസബോർഡ് ആഹ്വാനം ചെയ്തു. സമസ്ത സെന്ററിൽ ചേർന്ന ബോർഡ് വാർഷിക ജനറൽ ബോഡി യോഗം സയ്യിദ് അലി ബാഫഖി തങ്ങളുടെ അദ്ധ്യക്ഷതയിൽ പട്ടുവം കെ.പി അബൂബക്കർ മൗലവി യോഗം ഉദ്ഘാടനം ചെയ്തു. 2024-25 വർഷത്തെ വാർഷിക റിപ്പോർട്ട് എൻ അലി അബ്ദുലയും അവതരിപ്പിച്ചു. വരവ് ചെലവ് കണക്ക്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ സി.പി സൈതലവി മാസ്റ്ററും ഐ.ഇ.ബി.ഐ വാർഷിക റിപ്പോർട്ട് ഹസൈനാർ നദ്‌വിയും അവതരിപ്പിച്ചു.

വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി ചർച്ചകൾക്ക് മറുപടി പറഞ്ഞു. പ്രൊഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, സയ്യിദ് ത്വാഹാ തങ്ങൾ സഖാഫി, സയ്യിദ് ശറഫുദ്ധീൻ ജമലുല്ലൈലി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, അബൂഹനീഫൽ ഫൈസി, വി.പി.എം വില്യാപള്ളി, സി. മുഹമ്മദ് ഫൈസി, മജീദ് കക്കാട്, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, പി.എസ്. കെ.മൊയ്തു ബാഖവി, കെ.കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, മുസ്തഫ മാസ്റ്റർ കോഡൂർ, പി.സി ഇബ്റാഹീം മാസ്റ്റർ, ബി.എസ് അബ്ദുല്ല കുഞ്ഞി ഫൈസി, സൈഫുദ്ദീൻ ഹാജി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇ യഅ്ഖൂബ് ഫൈസി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, മുഹമ്മദ് പറവൂർ, പ്രൊ. യു.സി അബ്ദുൽമജീദ്, അബ്ദുറഹ്മാൻ മദനി ജപ്പു, വി.എച്ച് അലി ദാരിമി, ഉമർ മദനി, കെ.കെ.എം കാമിൽ സഖാഫി, ഡോ. ഹാജി അബ്ദുന്നാസിർ ഊട്ടി, അഹ്മദ് കുട്ടി മുസ്‌ലിയാർ ബത്തേരി, ശാദുലി ഫൈസി കൊടക് തുടങ്ങിയർ ചർച്ചയിൽ പങ്കെടുത്തു.

14 മദ്റസകൾക്ക് അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് 14 മദ്റസകൾക്ക് കൂടി അംഗീകാരം നൽകി. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, ഇടുക്കി, കൊല്ലം, കാസർഗോഡ് ജില്ലകളിൽനിന്നും കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്റസകൾക്കാണ് അംഗീകാരം നൽകിയത്.

സമസ്തസെന്ററിൽ നടന്ന ബോർഡ് എക്സിക്യൂട്ടീവ് യോഗം സയ്യിദ് അലി ബാഫഖി തങ്ങളുടെ അധ്യക്ഷതയിൽ കെ.പി അബൂബക്കർ മൗലവി പട്ടുവം ഉദ്ഘാടനം ചെയ്തു. പ്രൊഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സയ്യിദ് അബ്ദുൽഫത്താഹ് അവേലം, സയ്യിദ് തങ്ങൾ സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, ടി അബൂഹനീഫൽ ഫൈസി, വി.പി.എം വില്യാപ്പള്ളി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, സി മുഹമ്മദ് ഫൈസി, എൻ അലി അബ്ദുല്ല, സി.പി സൈതലവി മാസ്റ്റർ, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, പി.എസ്.കെ മൊയ്തു ബാഖവി, മജീദ് കക്കാട്, കെ.കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, മുസ്തഫ കോഡൂർ, പി.സി ഇബ്റാഹീം, ബി.എസ് അബ്ദുല്ല കുഞ്ഞി ഫൈസി, സൈഫുദ്ദീൻ ഹാജി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇ യഅ്ഖൂബ് ഫൈസി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, പ്രൊഫ. യു.സി അബ്ദുൽമജീദ്, അബ്ദുറഹ്മാൻ മദനി ജപ്പു, വി.എച്ച് അലി ദാരിമി, ഉമ്മർ മദനി, കെ.കെ.എം കാമിൽ സഖാഫി, ഡോ. ഹാജി അബ്ദുൽനാസർ ഊട്ടി, അഹ്മദ്കുട്ടി മുസ്‌ലിയാർ, ശാദുലി ഫൈസി കൊടക് സംബന്ധിച്ചു.

310 മുഅല്ലിംകൾക്ക് ധനസഹായം അനുവദിച്ചു

കോഴിക്കോട്: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ക്ഷേമനിധിയിൽ നിന്ന് സഹായാർഹരായ 116 മുഅല്ലിംകൾക്ക് സഹായധനം അനുവദിച്ചു. മക്കളുടെ വിവാഹം, ഭവനനിർമ്മാണം, അറ്റകുറ്റപണി, കിണർനിർമ്മാണം, രോഗചികിത്സ, മുഅല്ലിമിന് മഹർ, വിലാദ എന്നീ ഇനങ്ങളിലായി 309 പേർക്കും സ്നേഹസ്പർശം പദ്ധതിയിലൂടെ ഏഴു പേർക്ക് പ്രത്യേക സഹായവുമാണ് അനുവദിച്ചത്. സഹായധനത്തിന്റെ സംഖ്യ വർദ്ധിപ്പിക്കാനും നിത്യരോഗികളായ മുഅല്ലിംകൾക്ക് മാസാന്ത ആശ്വാസനിധി അനുവദിക്കാനും ക്ഷേമനിധി ബോർഡ് യോഗം തീരുമാനിച്ചു.

ചെയർമാൻ സയ്യിദലി ബാഫഖി ആധ്യക്ഷ്യം വഹിച്ചു. കൺവീനർ അബൂഹനീഫൽ ഫൈസി, ട്രഷറർ വിപിഎം വില്യാപള്ളി, കെപിഎച്ച് തങ്ങൾ, കുഞ്ഞുകുളം സുലൈമാൻ സഖാഫി, വിവി അബൂബക്കർ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

പ്രവാചകർ പാപസുരക്ഷിതർ: കാന്തപുരം

കോഴിക്കോട്: പ്രവാചകർ എല്ലാ തരത്തിലുള്ള പാപങ്ങളിൽ നിന്നും സുരക്ഷിതരാണെന്നും അവർക്കു തെറ്റുപറ്റില്ലെന്നും കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. നിരവധി തെറ്റുകൾ സംഭവിച്ചതുകൊണ്ടാണ് പ്രവാചകന്മാർ പാപമോക്ഷത്തിന് പ്രാർത്ഥന നടത്തിയതെന്ന മുജാഹിദ് ജമാത്തെ ഇസ്‌ലാമി ഉൾപ്പെടെയുള്ള പുത്തനാശയക്കാരുടെ വിശ്വാസം ഇസ്‌ലാമികമല്ലെന്ന് അദ്ദേഹം പറഞ്ഞു.

സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി വിദ്യാഭ്യാസ ബോർഡ് കാലിക്കറ്റ് ടവറിൽ സംഘടിപ്പിച്ച മുഅല്ലിം ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മതപഠനത്തെ പൊതുവിദ്യാഭ്യാസ പഠനപ്രക്രിയയുടെ ഭാഗമായി കണ്ട് വിദ്യാഭ്യാസമേഖലയിൽ കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ മദ്റസ മാനേജ്മെന്റുകൾ തയ്യാറാകണമെന്ന് കാന്തപുരം പറഞ്ഞു. പൊതുവിദ്യാഭ്യാസമേഖലയെ മാനവികവൽക്കരിക്കാനും അതിലൂടെ നേടുന്ന അറിവുകളും കഴിവുകളും ധാർമികമായി പുനഃക്രമീകരിക്കാനും മതവിദ്യാഭ്യാസത്തിനു കഴിയും. ഇവയെ പരസ്പരപൂരകമായി കണ്ടുകൊണ്ടുള്ള സമീപനമാണ് രാജ്യത്ത് ഉയർന്നുവരേണ്ടത്. മദ്റസാവിദ്യാഭ്യാസത്തെ തെറ്റിദ്ധരിപ്പിക്കാൻ ചില ഭാഗത്തുനിന്ന് ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇസ്‌ലാമിക ദർശനങ്ങൾ ജീവിതത്തിൽ പകർത്തി അധ്യാപകർ അതിനെ പ്രതിരോധിക്കണം. ആധുനിക യുഗത്തിന്റെ ഗതിവിഗതികൾ മനസ്സിലാക്കുന്നതിനും ദീനിന്റെ സന്ദേശങ്ങൾ കാലോചിതമായ രൂപത്തിൽ വിദ്യാർത്ഥികളിലേക്ക് സന്നിവേശിപ്പിക്കുന്നതിനും മുഅല്ലിംകൾ ജാഗ്രത പുലർത്തണമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു.

സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി, വിപിഎം വില്യാപ്പള്ളി, സുലൈമാൻ സഖാഫി കുഞ്ഞുകുളം ആശംസിച്ചു. പി.എസ്.കെ മൊയ്തു ബാഖവി, ഡോ. അബ്ദുൽഅസീസ് ഫൈസി, സി.പി സൈതലവി മാസ്റ്റർ, സി എച്ച് അബ്ദുൽ കരീം ഹാജി വിഷയാവതരണം നടത്തി.

ഫ്രെഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും അബൂബക്കർ മാസ്റ്റർ പടിക്കൽ നന്ദിയും പറഞ്ഞു.

മർകസ് ഇഹ്‌യാഉസ്സുന്ന സാരഥികൾ

കോഴിക്കോട്: ജാമിഅഃ മർകസ് വിദ്യാർത്ഥി യൂണിയൻ ഇഹ്‌യാഉസ്സുന്നയുടെ 2025-26 വർഷത്തെ സാരഥികളെ തിരഞ്ഞെടുത്തു. പുനഃസംഘടനാ ജനറൽബോഡിയിൽ സി മുഹമ്മദ് ഫൈസിയാണ് ഭാരവാഹികളെ പ്രഖ്യാപിച്ചത്. വി.പി.എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അൻസാർ സഖാഫി പറവണ്ണ റിപ്പോർട്ട് അവതരിപ്പിച്ചു. അബ്ദുൽ ജലീൽ സഖാഫി ചെറുശ്ശോല, ബശീർ സഖാഫി കൈപ്പുറം ആശംസിച്ചു. തൻസീർ കൽപ്പകഞ്ചേരി സ്വാഗതം പറഞ്ഞു.

ഭാരവാഹികൾ: സയ്യിദ് മുഹ്സിൻ ജീലാനി കൊടുങ്ങല്ലൂർ (പ്രസിഡന്റ്), ഹാഫിള് മിസ്അബ് പിലാക്കൽ (ജനറൽ സെക്രട്ടറി), ഹാഫിള് മുഹമ്മദ് തളിപ്പറമ്പ് (ഫിനാൻസ് സെക്രട്ടറി), അഹ്മദ് ജദീർ കൂട്ടിലങ്ങാടി (എക്സിക്യൂട്ടീവ് പ്രസിഡന്റ്), ഇല്യാസ് ബെളിഞ്ച (വർക്കിംഗ് സെക്രട്ടറി). സ്വലാഹുദ്ദീൻ പരപ്പനങ്ങാടി, അബൂഹാമിദ് അമ്പാഴക്കോട്, ജവാദ് വേങ്ങര, ഇയാസ് കുറ്റ്യാടി, ഖലീൽ അഹ്മദ് കിഴിശ്ശേരി, ശാഫി എടക്കര, സിനാൻ ഓമശ്ശേരി, ജഅ്ഫർ ആലുവ, സയ്യിദ് ശുഹൈബ് അക്തർ വെസ്റ്റ് ബംഗാൾ (സെക്രട്ടറിമാർ), സയ്യിദ് അഹ്മദ് നഈം അഹ്ദൽ പാണ്ടിക്കാട്, ആദിൽ പോലൂർ, നസീം പറമ്പിൽബസാർ (അംഗങ്ങൾ).

കെ.എസ്.ഒക്ക് നവസാരഥികൾ

കോഴിക്കോട്: മർകസ് ശരീഅയിലെ കർണാടക വിദ്യാർത്ഥി സംഘടന കെ.എസ്.ഒക്ക് പുതിയ നേതൃത്വം നിലവിൽ വന്നു. കാമിൽ ഓഡിറ്റോറിയത്തിൽ നടന്ന വാർഷിക ജനറൽബോഡിയിൽ ഡയറക്ടർ വി.പി.എം വില്യാപള്ളി നവസാരഥികളെ പ്രഖ്യാപിച്ചു. ആശിഖ് ഉള്ളാൾ (പ്രസി) സലാം ബുൾമാർ (ജന.സെക്രട്ടറി) സുബൈർ കുമ്പക്കോട് (ഫിന.സെക്രട്ടറി) സിദ്ദീഖ് സുള്ള്യ (വൈസ്.പ്രസി) നൗഫൽ മഞ്ഞനാടി, സാലിക് അയ്യങ്കേരി, ശിഹാബ് സൂറത്ത്കൽ, നൗഫൽ ദെക്‌ല, റിയാസ് കാവു, അശ്റഫ്, നാവൂർ (സെക്രട്ടറിമാർ). ജനറൽബോഡിയിൽ സയ്യിദ് ഫസൽ അലവി ഉൾത്തൂർ അധ്യക്ഷത വഹിച്ചു. അമ്മാർ സഖാഫി നീറുകട്ടെ പ്രവർത്തനറിപ്പോർട്ടും സ്വലാഹുദ്ദീൻ സഖാഫി കുഞ്ഞാർ സാമ്പത്തികറിപ്പോർട്ടും അവതരിപ്പിച്ചു. സിദ്ദീഖ് സുള്ള്യ സ്വാഗതം പറഞ്ഞു.

മർകസ് സാനവിയ്യക്ക് പുതിയ നേതൃത്വം

കോഴിക്കോട്: മർകസ് സാനവിയ്യ വിദ്യാർത്ഥി യൂണിയൻ ഇഹ്‌യാഉസ്സുന്നയുടെ 2025-26 വർഷത്തേക്കുള്ള പുതിയ സാരഥികളെ തിരഞ്ഞെടുത്തു. പി.ജി ഓഡിറ്റോറിയത്തിൽ നടന്ന വാർഷിക കൗൺസിലിൽ ബശീർ സഖാഫി കൈപ്പുറം പുതിയ നേതൃത്വത്തെ പ്രഖ്യാപിച്ചു. വി.പി.എം വില്യാപ്പള്ളി കൗൺസിൽ ഉദ്ഘാടനം ചെയ്തു.

ഭാരവാഹികൾ: അഹമ്മദ് നസീം എളമരം (ചെയർമാൻ), മുഹമ്മദ് ശറഫ് കാവനൂർ (ജനറൽ കൺവീനർ), മുഹമ്മദ് അലിഫ് കൊല്ലം (ഫിനാൻസ് കൺവീനർ), അബ്ദുൽ ബാസിത്ത് തോട്ടശ്ശേരിയറ, അബ്ദുൽ വാഹിദ് കൊടശ്ശേരി, മുഹമ്മദ് ജവാദ് മലയമ്മ, സിയാദ് വള്ളിക്കുന്ന് (കൺവീനർമാർ). ആശിഫ് താനാളൂർ സ്വാഗതവും മുഹമ്മദ് ശറഫ് നന്ദിയും പറഞ്ഞു.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally